# FMPB മിത്രസമാചാർ

(for private circulation only)

വാല്യം 14 ലക്കം 6 ജൂൺ 2024


**പിന്നെ ഞാൻ അവനോടു ഉത്തരം പറയുന്നതും അവനോടു വാദിപ്പാൻ വാക്കു തിരഞ്ഞെടുക്കുന്നതും എങ്ങനെ? ഇയ്യോബ്.9:14**

## നമ്മുടെ കർത്താവ് നീതിയുള്ള

# ന്യായാധിപൻ

ഞാൻ ആരാകുന്നു – എല്ലാറ്റിലും ഉപരി ഒരു മര്യാദ പാപി



ഞാൻ ആർ

2 ശമുവേൽ 7:18



# ആമുഖം ...

## ദൈവത്തിന്റെ കോടതി മുറി

നമ്മുടെ രാജ്യത്ത് എല്ലാ മേഖലയിലുമുള്ള കുറ്റകൃത്യങ്ങളെ കുറിച്ച് നാം സർവ്വസാധാരണമായി കേൾക്കാറുണ്ട്. കുറ്റാരോപിതരായ അക്രമികളുടെ എണ്ണം അനുദിനം വർദ്ധിക്കുന്നതു നാം കാണുന്നുണ്ട്. എന്നാൽ നീതിയുള്ള ന്യായാധിപനായ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചവർ കളങ്കമില്ലാത്ത ജീവിതം നയിക്കുവാനായി വിളിക്കപ്പെട്ടവരാകുന്നു. വിശുദ്ധന്മാരുടെ മേൽ കുറ്റം ആരോപിക്കുക എന്നതാണ് സാത്താന്റെ ലക്ഷ്യം. എന്നാൽ യേശുക്രിസ്തു ശ്രദ്ധാപൂർവ്വം അവരെ സംരക്ഷിക്കുന്നു. ഇരുവരും സ്വർഗ്ഗത്തിലെ ദൈവത്തിന്റെ കോടതിയിൽ നമ്മുടെ ആത്മാക്കൾക്കു വേണ്ടി അശ്രാന്തമായി അപേക്ഷിക്കുന്നു. നിങ്ങൾക്കു ഇതു ഭാവനയിൽ കാണുവാൻ സാധിക്കുന്നുണ്ടോ? വെളിപ്പാട് 12:10 ൽ സഹോദരനെ കുറ്റപ്പെടുത്തുന്ന അപവാദിയായി സാത്താനെ വിശദീകരിക്കുന്നു.  എന്നാൽ മഹാപുരോഹിതനായ യേശു നമുക്കു വേണ്ടി പക്ഷവാദം കഴിക്കുന്നു എന്ന് റോമർ 8:24 ൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇരു കക്ഷികളും തങ്ങളുടെ കേസ് നമ്മുടെ നീതിയുള്ള ന്യായാധിപതിയുടെ മുമ്പാകെ അവതരിപ്പിക്കുന്നു. സത്താൻ ദൈവമുമ്പാകെ നമ്മുടെ പഴയ കാല പാപജീവിതത്തിലെ കുറ്റങ്ങൾ ആരോപിക്കുന്നു. ഇയ്യോബ് 1:9-11 വാക്യങ്ങളിൽ സാത്താൻ എപ്രകാരമാണ് ഇയ്യോബിനെ കുറ്റപ്പെടുത്തിയതെന്നു കാണുവാൻ സാധിക്കും. നമുക്കു സ്വയം അവനെ ഉപരോധിക്കുവാൻ സാധ്യമല്ല കാരണം അവൻ നമ്മെ കുറിച്ചു പറയുന്നത് പലപ്പോഴും സത്യമായിരിക്കും. ശിക്ഷക്കു യോഗ്യമാം വിധം നിയമവിരുദ്ധമായി ജീവിച്ചവർ ആയിരുന്നു. അവൻ ഇയ്യോബിന്റെ മേൽ കുറ്റം ആരോപിച്ചതു പോലെ നമ്മുടെ മേലും കുറ്റം ആരോപിക്കുന്നു.

നേരെ മറിച്ച് പിതാവിന്റെ മുമ്പാകെ മഹത്വീകരിക്കപ്പെട്ട യേശു ക്രിസ്തു തന്റെ കൈകാലുകളിലെയും തലയിലെയും മുറിപ്പാടുകൾ കാണിച്ച് പാപത്തിന്റെ ശിക്ഷ പൂർണ്ണമായി നൽകപ്പെട്ടെന്നു സ്മരീകരിക്കുന്നു. പിതാവ് തന്റെ പുത്രനായ ക്രിസ്തുവിനെ സ്നേഹിക്കുന്നു പോലെ യേശുക്രിസ്തു അവന്റെ മക്കളായ നമ്മെയും സ്നേഹിച്ച് അവന്റെ രക്തത്താൽ നമ്മെ വിശുദ്ധരും നീതിമാന്മാരുമാക്കി തീർത്തു. സാത്താൻ എത്രത്തോളം കുറ്റപ്പെടുത്തിയാലും നീതിക്കായി നിലവിളിച്ചാലും ദൈവം നീതി നടപ്പാക്കി. കാരണം തന്റെ സ്വന്ത പുത്രൻ പാപത്തിന്റെ ശിക്ഷ സ്വയം ഏറ്റെടുത്തു. യേശുക്രിസ്തു നമ്മെ അനുഗ്രഹിക്കുന്നതിനായി പിതാവിനോടു അപേക്ഷിക്കുന്നു. തന്റെ വേദനകളെ ഊന്നിപറിയുന്നു. എന്നാൽ സാത്താൻ നമ്മെ കുറ്റബോധത്തിലേക്കു തള്ളിയിടാനും യേശുക്രിസ്തുവിന്റെ ക്രൂശിലെ യാഗത്തിന്റെ പ്രാധാന്യതയെ ഇല്ലാതാക്കുവവാനും ശ്രമിക്കുന്നു.

യോഹന്നാൻ 12:48 ൽ സൂചിപ്പിക്കുന്ന പ്രകാരം നീതിമാനായ ദൈവം നമ്മെ ന്യായം വിധിക്കും. എബ്രായർ 9:27 പ്രകാരം അവന്റെ നീതി എല്ലാവരിലും യാഥാർത്ഥ്യമാക്കും. അവൻെറ സിംഹാസനം നീതിയിൽ സ്ഥാപിതമായിരിക്കുന്നു സങ്കീ.89:14 നമ്മുടെ ദൈവം കരുണയില്ലാത്തവനല്ല  എന്നാൽ നമുക്കു വേണ്ടി നീതി നടപ്പിലാക്കുന്നവനാണ്. തിരുവചന പ്രകാരം പാപത്തിനു ശിക്ഷ നൽകാതിരിക്കയില്ല. കാൽവറിയിൽ നമുക്കു നീതി ലഭിക്കും.  നാം ആരാകുന്നു? നീതിയുള്ള ന്യായാധിപന്റെ മുമ്പിൽ നമ്മുടെ നീതി എപ്രകാരമുള്ളതാകുന്നു? നമ്മുടെ നീതി കറപുരണ്ട തുണിക്കു സമാനമാകുന്നു. നമ്മുടെ നീതിയുടെ സുപ്രധാനമായ കാരണം നമുക്കു സൗജന്യമായി നൽകിയ യേശുക്രിസ്തുവിന്റെ അമൂല്യമായ നീതിയാകുന്നു.

ഈ ശുദ്ധമായ സുവിശേഷം നമ്മുടെ രാജ്യത്തുള്ളവരോടു പ്രഘോഷിക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ നാമും നീതിയുള്ള ന്യായാധിപന്റെ സന്നിധിയിൽ നീതിയുള്ളവാരായി കാണപ്പെടുകയും അനേകരെ നീതിയിലേക്കു നയിക്കുകയും ചെയ്യും. നാം കണ്ടുമുട്ടുന്ന ഓരോ ആത്മാവിനെ കുറിച്ചും നീതിയുള്ള ന്യായാധിപനായി കടന്നു വരുന്ന നമ്മുടെ കർത്താവിന്റെ മുമ്പിൽ നാം കണക്കു കൊടുക്കേണ്ടി വരും. നാം വെറും കയ്യോടെ നിലൽക്കേണ്ടി വരുമോ?

- **മേഴ്സി സെൽവിൻ**, കമ്യൂണിക്കേഷൻ വിഭാഗം

"ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു; അതു നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്കു നൽകും; എനിക്കു മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയം വെച്ച ഏവർക്കും കൂടെ. "

– 1 തിമൊ. 4:8

"നമ്മുടെ ദൈവം ന്യായം വിധിക്കുവാൻ തക്കവണ്ണം നീതിമാനും ക്ഷമിക്കുവാൻ തക്കവണ്ണം കഴിവുള്ളവനും ആകുന്നു."

– കെവിൻ ഡിയോങ്

"ദൈവം നല്ലതും തീയതുമായ സകലപ്രവൃത്തിയെയും സകല രഹസ്യങ്ങളുമായി ന്യായവിസ്താരത്തിലേക്കു വരുത്തുമല്ലോ"

– സഭാ. 12:14

" നിങ്ങൾ കൊയ്യുന്ന വിളവിലൂടെ എല്ലാ ദിവസവും വിധിക്കരുത് എന്നാൽ നിങ്ങൾ വിതെക്കുന്ന വിത്തിലൂടെ വിധിക്കണം."

– റോബർട്ട് ലൂയിസ് സ്റ്റീവെൻസൺ


# മിത്രസമാചാർ

## ഞങ്ങളുടെ ദർശനം

FMPB ഭാരതിയരുടെ മിഷനറി പ്രസ്ഥാനമായി യേശുക്രിസ്തുവിന്റെ സുവിശേഷം എത്തിച്ചേരാത്ത ജനസമൂഹങ്ങൾക്കു എത്തിച്ചുകൊടുക്കുന്നു

## ഞങ്ങളുടെ ദൗത്യം

ഭാരതത്തിലുടനീളം സഭകൾ നട്ടുപിടിപ്പിക്കുവാനുള്ള ക്രൈസ്തവ സഭയുടെ ഒരു കരമായി FMPB പ്രവർത്തിക്കുകയാണ്.

വിവധ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യത്തിൽ FMPB സുവിശേഷം പ്രസംഗിക്കുന്നു.

സഭകൾ, സ്ഥാപനങ്ങൾ, കുടുംബങ്ങൾ, വ്യക്തികൾ എന്നിവരെ FMPB പ്രാർത്ഥനക്കും ഉദാരമായ സഹായ സഹകരണങ്ങൾക്കുമായി ക്ഷണിക്കുന്നു.

## കേരള സോൺ:-

FMPB, വടവാതൂർ പി ഒ;
കോട്ടയം – 686 010
Mob: 9847 799 031; 9562 750 796
E-mail: abrahamthomas@fmpb.org

മിത്ര സമാചാർ

*FMPB* യുടെ പ്രതിമാസ സുനം

*Publisher & Editor*
**S. ജോൺ ബർലിൻ**

| SUBSCRIPTION | INDIA | FOREIGN |
|---|---|---|
| Annual | Rs.100 | Rs.600 |
| Life | Rs.1500 | Rs.5,000 |

H.Q: 29, High School Road, Ambattur,
Chennai - 600 053
Tel: +91-44-2657 0404 Fax: 2657 3353
Cell: 9444394342
E-mail: info@fmpb.org
Web site: www.fmpb.co.in

**Layout and Preparation:**
Communication Dept., fmpb

# ജനറൽ സെക്രട്ടറിയുടെ കത്ത്...



സുവിശേഷം ശ്രവിക്കാത്തവരെ നേടുന്ന ദൗത്യത്തിൽ പ്രീയ പങ്കാളികളെ,

തമിഴ്നാട്ടിൽ ധർമ്മപുരി ജില്ലയിലുള്ള നിബിഡ വനത്തിൽ സ്ഥിതിചെയ്യുന്ന ബൈട്ടമുഗിലാലം ഗ്രാമത്തിൽ 1967 ജൂൺ ഒമ്പതാം തീയതി ആദ്യത്തെ മിഷനറിയുടെ കാൽ ഊന്നിയതിലൂടെ ഒരു മിഷനറി മുന്നേറ്റ പ്രസ്ഥാനം ആരംഭിച്ചു. ആ ചെറിയ ചുവട് വെപ്പ് മിഷൻ ചരിത്രത്തിലെ ഒരു കുതിച്ചു ചാട്ടമായി ദൈവം മാറ്റുമെന്നത് അന്ന് അജ്ഞാതമായിരുന്നു. ഇന്ന് ആ ചെറിയ ചുവടുവെപ്പിനെ ദൈവം അനുഗ്രഹിച്ചു നമ്മൂടെ പ്രീയ നാട്ടിലെ 24 സംസ്ഥാനങ്ങളിലേക്കു സുവിശേഷകരായും മിഷനറിമാരായും ആയിരങ്ങളെ അയക്കുവാൻ സാധിച്ചു.

***1 കൊരി.1:17&23***

വാ.17 ...സുവിശേഷം അറിയിപ്പാനത്രെ ക്രിസ്തു എന്നെ അയച്ചതു: ക്രിസ്തുവിന്റെ ക്രൂശു വ്യർത്ഥമാകാതിരിക്കേണ്ടതിനു വാക്ചാതുര്യത്തോടെ അല്ലതാനും. വാ.23 ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു; യെഹൂദന്മാർക്കു ഇടർച്ചയും ജാതികൾക്കു ഭോഷത്വവും എങ്കിലും... സുവിശേഷം പ്രഘോഷിക്കുന്നതിനായി ആളുകളെ അയയ്ക്കുന്നതിനാണ് 1967 ജൂൺ 9 ന് നമ്മുടെ ആദ്യത്തെ മിഷൻ വയലിൽ FMPB എന്ന മിഷനറി പ്രസ്ഥാനത്തെ ദൈവം സ്ഥാപിച്ചത്. കടന്നു വന്ന ഈ വർഷങ്ങളിൽ ജ്ഞാനത്തോടും വാക്ചാതുര്യത്തോടും കൂടെയല്ലാതെ സുവിശേഷം പ്രസംഗിക്കുവാൻ ദൈവം നമ്മെ വഴിനടത്തി. ജ്ഞാനത്തോടും വാക്ചാതുര്യത്തോടും കൂടിയ പ്രസംഗം ക്രൂശിന്റെ ശക്തിയെ വ്യർത്ഥമാക്കുന്നു. സുവിശേഷത്തിന്റെ വിജയം മാനുഷിക ജ്ഞാനത്തിലല്ല ക്രൂശിന്റെ ശക്തിയിലാണ്. ക്രൂശിക്കപ്പെട്ടവനായ ക്രിസ്തുവിനെ പ്രസംഗിക്കുന്നത് ജാതികൾക്കു ഭോഷത്വമായി തോന്നാം. കഴിഞ്ഞ 57 വർഷം നമ്മുടെ മാർഗ്ഗദീപമായിരുന്നു ക്രൂശിന്റെ ശക്തി പ്രസംഗിക്കുന്നതിനു നമ്മെ ശക്തീകരിച്ച് ഇന്ത്യയിലെ അവസാനത്തെ വ്യക്തിയും ക്രിസ്തുവിനെ സ്വീകരിക്കുന്നതു വരെ ഈ സത്യം പ്രഘോഷിക്കുവാൻ കർത്താവ് നമ്മെ സഹായിക്കുമാറാകട്ടെ.

## പെരിയമലയിൽ ശില്പശാല

സതേൺ സോണിലുള്ള മിഷനറി മാർക്കായി പെരിയമലയിൽ ഇതര സംസ്കാരത്തിലുള്ളവരുമായി ആശയ വിനിമയം നടത്തുന്നതിനുള്ള ശില്പശാല അഞ്ചു ദിവസം നടത്തി. പ്രാദേശിക സംസ്കാരത്തിലൂന്നി നിന്നുകൊണ്ടുള്ള സുവിശേഷവേലയിൽ ശക്തമായ ആത്മീക ഉണർവ്വ് ഉരുവാക്കുന്നതിനായി ഈ ശില്പശാല നല്ലൊരു അനുഭവമായിരുന്നു.

## മൊബലൈസേഷൻ സെക്രട്ടറിമാരുടെ കുടുംബ സംഗമം

വർഷം തോറും നടത്തുന്ന മൊബലൈസേഷൻ സെക്രട്ടറിമാരുടെയും

ഹോണററി സെക്രട്ടറിമാരുടെയും കുടുംബ സംഗമം 2024 ഏപ്രിൽ 27, 28 തീയതികളിൽ കന്യാകുമാരിയിൽ നടത്തി. 250 സെക്രട്ടറിമാരും അവരുടെ കുടുംബാംഗങ്ങളും ഈ മീറ്റിംഗിൽ പങ്കെടുത്തു.

## കേരള സംസ്ഥാന കൺവൻഷൻ 2024

കേരളത്തിന്റെ തലസ്ഥാന നഗരിയായ തിരുവനന്തപുരത്തു വെച്ചു കേരള സംസ്ഥാന കൺവൻഷൻ 2024 ഏപ്രിൽ 27,28 തീയതികളിൽ നടത്തി. 27 -ാം തീയതിയിലെ രാത്രി യോഗത്തിൽ എനിക്കു സംബന്ധിക്കുവാൻ സാധിച്ചു. ശ്രുതി മധുരമായ ഗാനങ്ങൾ ആലപിക്കുന്ന ഒരു ഗായകസംഘത്തെ സംഘടിപ്പിച്ചു ഈ യോഗം ആകർഷണീയമാക്കി. മിഷൻ വയലിൽ നിന്നു വന്ന മിഷനറിമാർ പങ്കുവെച്ച ജീവിത അനുഭവങ്ങൾ സംബന്ധിച്ചവരിൽ വെല്ലുവിളി ഉയർത്തി.

## ഖാന്തുവ റീജിയൻ മിഷൻ വയൽ സന്ദർശനം

മെയ് 3,4 തീയതികളിൽ ഖാന്തുവ റീജിയനിലുള്ള മിഷനറിമാരെ സോണൽ സെക്രട്ടറിമാരോടും റീജിനൽ സെക്രട്ടറിമാരോടും കൂടെ സന്ദർശിക്കുന്നതിനു ദൈവം കൃപ നൽകി. മിഷനറിമാരുടെ കുടുംബത്തോടു ചേർന്നു നടത്തിയ ആശയ വിനിമയം വളരെ സഹായകരവും അനുഗ്രഹകരവുമായിരുന്നു.

## സിത്താര റീജിയൻ മിഷൻ വയൽ സന്ദർശനം

മെയ് 5,6 തീയതികളിൽ സിത്താര റീജിയനിലുള്ള മിഷനറിമാരുടെ ഭവനങ്ങൾ സന്ദർശിച്ചു. അഞ്ചാം തീയതി വിശ്വാസികളോടു ചേർന്നു ദൈവത്തെ ആരാധിച്ചു. മിഷനറിമാർ വളരെ ഉത്സാഹത്തോടെ സത്യസന്ധമായി കർത്താവിന്റെ വേല ചെയ്യുന്നു.

## മാനേജ്മെന്റ് കമ്മറ്റി

2024 മെയ് 11 ന് മനേജ്മെന്റ് കമ്മറ്റി ചേർന്നു. ദൈവ വേല സംബന്ധമായ ഉചിതമായ തീരുമാനങ്ങൾ എടുക്കുവാൻ ദൈവം സഹായിച്ചു.

## 2024 ജൂണിലെ പ്രധാനപ്പെട്ട പ്രോഗ്രാമുകൾ

## ആസ്ഥാനമന്ദിരത്തിലെ പ്രവർത്തകരുടെ സമ്മേളനം.

മെയ് 30, ജൂൺ 1 എന്നീ തീയതികളിൽ ആസ്ഥാന മന്ദിരത്തിൽ പ്രവർത്തിക്കുന്നവർക്കായി ആത്മീക സമ്മേളനം സംഘടിപ്പിക്കുന്നു. ഈ സമ്മേളനത്തിലൂടെ ആസ്ഥാന മന്ദിരത്തിൽ പ്രവർത്തിക്കുന്നവർ ആത്മീക നവീകരണം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## അരുണാചൽ പ്രദേശത്ത് എക്സിക്യൂട്ടിവ് കമ്മറ്റി

218 -ാമത് എക്സിക്യൂട്ടിവ് കമ്മറ്റി യോഗം ജൂൺ 7,8,9 തീയതികളിൽ അരുണാചൽ പ്രദേശത്തുള്ള നാഹർലഗൂനിൽ വെച്ചു നടത്തുന്നതാണ്. ഒമ്പതാം തീയതി എക്സിക്യൂട്ടിവ് അംഗങ്ങൾ അസമിലെ മിഷൻ വയലുകൾ സന്ദർശിക്കുന്നതാണ്. യാത്രയുടെയും യോഗത്തിന്റെയും അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

## മിസോറാമിലെ ഐസ്വാളിൽ ഗ്ലോബൽ മിഷൻ ഉച്ചകോടി

ജൂൺ 11 മുതൽ 14 വരെ ഗ്ലോബൽ മിഷൻ ഉച്ചകോടി മിസ്സോറാമിലെ ഐസ്വോളിൽ വെച്ചു ഇന്ത്യ മിഷൻ അസോസിയേഷൻ സംഘടിപ്പിക്കുന്നു. ദൈവം സഹായിച്ചാൽ ഞാനും ഈ സമ്മേളനത്തിൽ പങ്കെടുക്കുന്നതാണ്. ഈ ഉച്ചകോടിയിൽ സംബന്ധിക്കുന്നവർ ഈ രാജ്യത്തെല്ലായിടത്തും സുവിശേഷം എത്തിക്കുന്നതിനു പ്രചോദിതരാകേണ്ടതിനായി പ്രാർത്ഥിക്കുക.

## ഡിവിഷണൽ സെക്രട്ടറിമാരുടെ യോഗം

ജൂൺ 18,19 തീയതികളിൽ ഡിവിഷനൽ സെക്രട്ടറിമാരുടെ ഉപവാസ പ്രാർത്ഥന ക്രമീകരിച്ചിരിക്കുന്നു. അതിനെ തുടർന്നു 20, 21 തീയതികളിൽ രണ്ടു ദിവസത്തെ ആസൂത്രണ യോഗം ക്രമീകരിച്ചിരിക്കുന്നു. ഈ യോഗത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

## കന്യാകുമാരി, സെയിനാംവിളൈ സഭയുടെ യോഗം.

കന്യാകുമാരിയിലെ സെയ്നാംവിളൈ സിഎസ്ഐ ദൈവാലയത്തിലാണ് ഞാൻ ആത്മീക വളർച്ച പ്രാപിച്ചത്. ഈ ദൈവാലയത്തിൽ വെച്ചാണ് യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചത്. എന്റെ ആത്മീക യാത്രയിൽ ഈ സഭ പ്രധാന പങ്കുവഹിച്ചിരുന്നു. ഞായറാഴ്ച ആരാധനയിൽ പ്രസംഗിക്കുന്നതിനും ജൂൺ 30 നു നടക്കുന്ന പുരുഷന്മാരുടെ യോഗത്തിനു നേതൃത്വം നൽകുന്നതിനും എന്നെ ക്ഷണിച്ചിരിക്കുന്നു.

## അന്വേഷണ കമ്മറ്റി

പുതിയ എക്സിക്യൂട്ടിവ് കമ്മറ്റിക്കു ദൈവത്താൽ നിയോഗിതരായ പുതിയ പ്രസിഡണ്ടിനെയും വൈസ് പ്രസിഡണ്ടിനെയും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഒദ്യോഗിക ചുമതലക്കാരെ തിരഞ്ഞെടുക്കുന്നതിനുള്ള കമ്മറ്റികൾ ഉരുവാക്കി അവർ പ്രാർത്ഥനപൂർവ്വം പ്രവർത്തിക്കുന്നു. ദർശനം സാക്ഷാത്കരിക്കുന്നതിനുള്ള സംഘടയുടെ പ്രയാണത്തിൽ തങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റുന്നതിനായി ദൈവം നിയോഗിക്കപ്പെട്ടവരെ ആ സ്ഥാനങ്ങളിൽ നിയോഗിക്കുന്ന സെപ്റ്റംബർ അവസാനം വരെ നിങ്ങൾ ആത്മാർത്ഥമായി പ്രാർത്ഥിക്കുക.

## കുട്ടികളുടെ ഉന്നത പഠനം

പന്ത്രണ്ടാം ക്ലാസ്സിലെ ഫലം വന്നു. വിജയിച്ച കുട്ടികളും അവരുടെ രക്ഷിതാക്കളും തുടർ പഠനത്തിനുള്ള പരിശ്രമത്തിലാണ്. ദൈവഹിത പ്രകാരം നിങ്ങളുടെ മക്കളുടെ ശുഭ ഭാവിക്കായി അനുയോജ്യമായ ഇടത്തു പ്രവേശനം ലഭിക്കേണ്ടതിനായി ഞങ്ങൾ നിങ്ങൾക്കായി പ്രാർത്ഥിക്കുന്നു. നമ്മുടെ മാൾട്ടോ ബാലീക ഭവനത്തിലെ കുട്ടികൾ പന്ത്രണ്ടാം ക്ലാസ്സിലെ പരീക്ഷയിൽ 100% വിജയം കരസ്ഥമാക്കി. ദൈവത്തിന്റെ അത്ഭുത പ്രവർത്തികൾക്കായി ദൈവത്തെ സ്തുതിക്കുന്നതിനൊപ്പം ഈ തിളങ്ങുന്ന വിജയം കരസ്ഥമാക്കുവാൻ അദ്ധ്വാനിച്ച മിഷനറിമാരെയും അദ്ധ്യാപകരെയും വിദ്യാർത്ഥിനികളെയും അഭിനന്ദിക്കുന്നു.

## പുതിയ കേന്ദ്ര സർക്കാർ രൂപീകരണം


ജൂൺ നാലിനു പുറത്തു വരുന്ന തിരഞ്ഞെടുപ്പ് ഫലത്തിനു വേണ്ടി രാജ്യം കാത്തിരിക്കുന്നു. തടസ്സങ്ങളില്ലാതെ ദൈവഹിത പ്രകാരമുള്ള ഒരു സർക്കാർ രൂപികരിക്കുന്നതിനു ദൈവം സഹായിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

നിങ്ങളുടെ നിരന്തരമായ പ്രാർത്ഥന പൂർവ്വമായ പിന്തുണയെ ഞങ്ങൾ അഭനന്ദിക്കുന്നു. ഞങ്ങളുടെ പ്രാർത്ഥനയിൽ നിങ്ങളെയെല്ലാം ഓർക്കുന്നു.

കർത്താവിന്റെ വേലയിൽ നിങ്ങളുടെ
കൂട്ടു വേലക്കാരൻ



റവ. ജോൺ ബർലിൻ എസ്.



# കർത്താവ് നമ്മുടെ നീതി

നമ്മുടെ ലോകത്ത് അനീതി അനിയന്ത്രിതമായി തോന്നാം, നമ്മുടെ ജീവിതത്തിലും സമൂഹത്തിലും അനീതി നിലനിൽക്കുന്നത് എന്തുകൊണ്ടെന്നത് ചോദിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. എന്നാൽ ഈ വെല്ലുവിളികളുടെ മദ്ധ്യത്തിൽ എല്ലാം കാണുന്നവനായ ആത്യന്തികമായ നീതി നടപ്പിലാക്കുന്ന നീതിയുള്ള ന്യായാധിപതി ഉണ്ടെന്നത് നാം ഓർക്കണം. അവന്റെ പേരുകളിൽ ഒന്ന് "**യഹോവ സിദക്കെനു**" അതായത് നീതിയുള്ള കർത്താവ് എന്നാകുന്നു. "ഞാൻ ദാവിദിനു നീതിയുള്ളോരു മുളയായവനെ ഉത്ഭവിക്കുന്ന കാലം വരും, അവൻ രാജാവായി വാണു ബുദ്ധിയോടെ പ്രവർത്തിച്ചു ദേശത്തു നീതിയും ന്യായവും നടത്തും. അവന്റെ കാലത്തു യെഹൂദാ രക്ഷിക്കപ്പെടും; യിസ്രായേൽ നിർഭയമായി വസിക്കും: അവന്നു യഹോവ നമ്മുടെ നീതി എന്നു പേർ പറയും എന്നു യഹോവയുടെ അരുളപ്പാട്" (യിരെമ്യാവ് 23:5,6). അതെ നമ്മുടെ കർത്താവ് അവന്റെ സകല പ്രവർത്തിയിലും നീതിമാനാകുന്നു. അവനാകുന്നു നീതിയുള്ള ന്യായാധിപതി. അതുകൊണ്ടാണ് അവനെ "**യഹോവ - ഷാഫാത്ത്**" എന്ന പേരിൽ അറിയപ്പെടുന്നത്. ഇതിന്റെ അർത്ഥം വരുന്നത് രണ്ടു എബ്രായ വാക്കുകളിൽ നിന്നാണ് 'യഹോവ', 'ഷാഫാത്ത്'. യഹോവ അർത്ഥമാക്കുന്നത് സ്വയം ഭൂവായവൻ അതായത് 'ഞാൻ ആകുന്നവൻ' ഷാഫാത്ത് എന്നതിന്റെ അർത്ഥം 'ന്യായം വിധിക്കുന്നവൻ, കാരണത്താൽ പ്രതിരോധിക്കുന്നവൻ'. ഇന്നും നമ്മുടെ ജീവിതത്തിനു മേൽനോട്ടം വഹിക്കുന്ന ഒരു നീതിമാനായ ന്യായാധിപതി നമുക്കുണ്ടെന്ന ഉറപ്പ് നമ്മെ ഓർമ്മിപ്പിക്കുന്നു.

## വ്യക്തികൾക്ക് നീതിമാനായ ന്യായാധിപൻ:

പ്രതികൂല സാഹചര്യങ്ങളെ അഭിമുഖീകരിക്കുന്ന വിശ്വാസികൾക്ക് ഇയ്യോബിന്റെ പുസ്തകം വളരെ പ്രാധാന്യമുള്ളതാണ്. അതിന്റെ ആഖ്യാനം പ്രയാസകരമായ സമയങ്ങളിൽ ആഴമേറിയ പ്രോത്സാഹനവും പ്രത്യാശയും ധൈര്യവും പകർന്നു നൽകുന്നു. ഇയ്യോബ് 9:14-15 ൽ കാണുന്ന ഇയ്യോബിന്റെ സംഭാഷണം അവന്റെ വിശ്വാസത്തിന്റെയും പോരാട്ടത്തിന്റെയും സാരാംശം ഉൾക്കൊള്ളുന്നു. കഠിനമായ കഷ്ടതകളുടെ നടുവിൽ നീതിക്കും വിവേകത്തിനുമുള്ള ആഴമായ ആഗ്രഹം പ്രകടമാക്കുന്നു. നീതിമാനായിരുന്നിട്ടും ഇയ്യോബ് തന്റെ ദുരവസ്ഥയുടെ ദുഃഖം അനുഭവിക്കുകയും ന്യായമായ ഒരു ന്യായവിധിക്കായി കൊതിക്കുകയും ചെയ്യുന്നു. ഇയ്യോബിനെ കുറിച്ചുള്ള ദൈവത്തിന്റെ സാക്ഷ്യം-നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനും ആകുന്നു (ഇയ്യോ.1:8). ദൈവത്തിന്റെ ജ്ഞാനം, ശക്തി, സൃഷ്ടികളുടെമേലുള്ള പരമാധികാരം എന്നിവയെ അംഗീകരിക്കുന്നതിനാൽ ദൈവത്തിന്റെ ഗുണങ്ങളെ കുറിച്ചുള്ള

ഇയ്യോബിന്റെ അഗാധമായ ഗ്രാഹ്യം പ്രകടമാകുന്നു (ഇയ്യോ.9:4-13). ◆ദൈവത്തിന്റെ ജ്ഞാനം അഗാധമാകുന്നു. ◆അവന്റെ ശക്തി വളരെ വലുതാകുന്നു. ◆അവൻ പർവ്വതങ്ങളെ അവ അറിയാതെ നീക്കിക്കളയുന്നു; ◆തന്റെ കോപത്തിൽ അവയെ മറിച്ചു കളയുന്നു. ◆അവൻ ഭൂമിയെ സ്വസ്ഥാനത്തു നിന്നു ഇളക്കുന്നു; അതിന്റെ തൂണുകൾ കുലുങ്ങിപ്പോകുന്നു. ◆അവൻ സൂര്യനോടു കല്പിക്കുന്നു; അത് ഉദിക്കാതിരിക്കുന്നു. ◆അവൻ നക്ഷത്രങ്ങളെ പൊതിഞ്ഞു മുദ്രയിടുന്നു. ◆അവൻ തനിച്ചു ആകാശത്തെ വിരിക്കുന്നു; സമുദ്രത്തിലെ തിരമാലകളിന്മേൽ അവൻ നടക്കുന്നു. ◆അവൻ സപ്തർഷി, മകയിരം, കാർത്തിക, ഇവയൊക്കെയും തെക്കെ നക്ഷത്ര മണ്ഡലങ്ങളെയും ഉണ്ടാക്കുന്നു. ◆അവൻ ആരാഞ്ഞു കൂടാത്ത വങ്കാര്യങ്ങളെയും എണ്ണമില്ലാത്ത അത്ഭുതങ്ങളെയും ചെയ്യുന്നു. ഇത്തരത്തിലുള്ള സർവ്വശക്തനായ ദൈവം നീതിയുള്ള ന്യായാധിപനാകുന്നു എന്നത് ഇയ്യോബിനു അറിയാം അതുകൊണ്ട് അവൻ പറയുന്നു ദൈവത്തോടും ഉത്തരം ചോദിക്കുവാനും കാരണം അന്വേഷിക്കുവാനും ഞാൻ ആരാകുന്നു? ദൈവത്തിന്റെ ദൃഷ്ടിയിൽ താൻ വളരെ ചെറുതാണെന്നു കാണുന്നു അതിനാൽ അവന്റെ ശോധനകൾക്കിടയിൽ ദൈവീക നീതിയിൽ വിശ്വസിക്കുന്നു. ഇയ്യോബിന്റെ മാതൃക നമ്മെ പഠിപ്പിക്കുന്നത്, ലൗകീക വ്യവസ്ഥകളെക്കാൾ ദൈവീക നീതിയിൽ അഭയം പ്രാപിക്കുക. ദൈവം എല്ലാം പരിശോധിക്കുകയും തക്ക സമയത്തു നീതി നടപ്പിലാക്കുകയും ചെയ്യുമെന്നു വിശ്വസിക്കുക. ദാനിയേലിനെയും ജോസഫിനെയും അവരുടെ പരീക്ഷണ കാലഘട്ടത്തിൽ വ്യക്തിഗതമായി നീതി നൽകി വിടുവിച്ച ദൈവത്തിന്റെ നീതിയുള്ള ന്യായവിധിയിൽ ആശ്രയിക്കുവാനായി നാം വിളിക്കപ്പെട്ടവർ ആകുന്നു. ദൈവം നമ്മുടെ സാഹചര്യങ്ങൾ കാണുന്നുവെന്നും അവൻ നമുക്കു വേണ്ടി നീതിയോടെ പ്രവർത്തിക്കുമെന്നു അറിഞ്ഞു കൊണ്ട് അവന്റെ ആലിംഗനത്തിൽ വിശ്രമവും ശക്തിയും കണ്ടെത്തുവാൻ ഈ ഉറപ്പ് നമ്മെ അനുവദിക്കുന്നു.

## കുടുംബങ്ങൾക്ക് നീതിയുള്ള ന്യായാധിപതി:

ജനത്തിന്റെ ആരാധ്യനായ നേതാവ്, ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യൻ എന്ന അറിയപ്പെട്ടിരുന്ന ദാവിദ് രാജാവ്, സാധാരണ പൗരനായ ഊരിയാവിന്റെ കുടുംബത്തോടു കാണിച്ച അനീതിയെ ചോദ്യം ചെയ്തവനാണ് ദൈവം. കൊല്ലപ്പെട്ട ഊരിയാവിനു വേണ്ടി മദ്ധ്യസ്ഥത വഹിക്കുവാനോ അവനു വേണ്ടി നീതി തേടുവാനോ ആരുമില്ലായിരുന്നു. എന്നാൽ നാം 1 ശമുവേൽ 12:10-18 വാക്യങ്ങളിൽ ദൈവം കുരുടനല്ലെന്നും ദാവിദിന്റെ പാപത്തെ തക്ക സമയത്തു ചോദ്യം ചെയ്ത് ഊരിയാവിന്റെ കുടുംബത്തിൽ നീതി നടപ്പിലാക്കിയെന്നും നാം വായിക്കുന്നു സങ്കീ.9:8 ൽ വായിക്കുന്നു ദൈവം ലോകത്തെ നീതിയോടെ വിധിക്കും; ജാതികൾക്കു നേരോടെ ന്യായപാലനം ചെയ്യും. സങ്കീ.96:13 പറയുന്നു, അവൻ ഭൂമിയെ വിധിപ്പാൻ വരുന്നു. ഇതു വ്യക്തമാക്കുന്നത് നമ്മുടെ ദൈവം കുടുംബങ്ങൾക്കു നിതി നടപ്പിലാക്കി നൽകുന്ന ദൈവമാകുന്നു.

## ദേശത്തിനു നീതിയുള്ള ന്യായാധിപതി:

ദൈവം യിസ്രായേൽ ദേശത്തെ തിരഞ്ഞെടുത്തു അതിനെ സ്നേഹിച്ചു

(ആവ.7:6). എന്നാൽ ആ ദേശം ദൈവത്തെ അവഗണിച്ച് അകന്നു പോയപ്പോൾ ദൈവം അതിനെ തന്നിലേക്കു അടുപ്പിക്കുവാൻ ശ്രമിച്ചു. യിസ്രായേൽ ദൈവത്തോടു അനുരജ്ഞനപ്പെടുവാൻ തയ്യാറാകാതെ മത്സരിച്ചപ്പോൾ ദൈവം അതിനു മുന്നറിയിപ്പു നൽകി, പിന്നീട് യിസ്രായേലിനെ ശിക്ഷിച്ചു ദൈവം തന്റെ നീതി തെളിയിച്ചു. (യെഹ.5;20:8) യെശയ്യാവ് ഒന്നാം അദ്ധ്യായത്തിലും ഇതു നാം വായിക്കുന്നു. യിസ്രായേൽ രാജ്യത്തെ ആക്രമിക്കുകയും തടയുകയും ചെയ്ത രാജ്യങ്ങളെ ഇതെ ദൈവം ശിക്ഷിക്കുന്നു. 1 ശമു.15 ൽ അമാലേക്യർ, ആമോസ് പ്രവാചകന്റെ പുസ്തകത്തിൽ ഏഴു രാജ്യങ്ങൾ, യെഹസ്കേൽ പോലുള്ള പുസ്തകങ്ങളിൽ അനേക രാജ്യങ്ങളെ ദൈവം ശിക്ഷിക്കുന്നതു കാണാം. സകല ഭൂമിക്കും രാജാവായ കർത്താവ് നീതിയുള്ള ന്യായാധിപതിയായി സകല ദേശത്തെയും ന്യായം വിധിക്കും. യെശ. 2:4; സങ്കീ.110:6.

## സകല ലോകത്തിനും നീതിയുള്ള ന്യായാധിപതി:

ഉല്പത്തി 18:25 "ഇങ്ങനെ നീ ഒരുനാളും ചെയ്യുന്നതല്ലല്ലോ? നീതിമാൻ ദുഷ്ടനെപ്പോലെ ആകത്തക്കവണ്ണം ദുഷ്ടനോടു കൂടെ നീതിമാനെ നീ ഒരുനാളും കൊല്ലുകയില്ല. സർവ്വഭൂമിക്കും ന്യയാധിപതിയായവൻ നീതി പ്രവൃത്തിക്കാതിരിക്കുമോ?" നമ്മുടെ പൂർവ്വ പിതാവായ അബ്രഹാം സർവ്വ ഭൂമിക്കും നീതി നടപ്പിലാക്കുന്ന ദൈവത്തോടു അപേക്ഷിക്കുന്നതു ഇവിടെ നാം കാണുന്നു. ന്യായ പ്രമാണ പ്രകാരം രക്തം ചൊരിഞ്ഞിട്ടല്ലാതെ പാപക്ഷമ ലഭിക്കയില്ല. അതുകൊണ്ട് കളങ്കമില്ലാത്ത അഥവ ഊനമില്ലാത്ത ഒരു കുഞ്ഞാടിനെ യാഗമായി അർപ്പിക്കണം. നീതിയുള്ള ന്യായാധിപതിയായ നമ്മുടെ ദൈവം തന്റെ പൊന്നോമന കുമാരനെ കളങ്കമില്ലാത്ത യാഗമായി അർപ്പിച്ചു. ക്രൂശിൽ സകല പാപത്തിന്റെയും വില നൽകി ന്യായ പ്രമാണത്തിന്റെ നീതി നടപ്പിലാക്കി. അവന്റെ രക്തത്തിൽ വിശ്വസിക്കുന്നവരുടെയെല്ലാം പാപവും അകൃത്യവും പോക്കി അവൻ ശുദ്ധീകരിച്ചു. അങ്ങനെ അവൻ സർവ്വ ലോകത്തിനും നീതിയുള്ള ന്യായാധിപതിയാണെന്നു തെളിയിച്ചു.

## നമുക്കു വേണ്ടി മദ്ധ്യസ്ഥത വഹിക്കുന്ന കർത്താവ്:

പിതാവായ ദൈവം നീതിയുള്ള ന്യായാധിപതിയായിരിക്കയാൽ പുത്രനായ യേശുക്രിസ്തു നമുക്കുവേണ്ടി പിതാവിന്റെ സന്നിധിയിൽ മദ്ധ്യസ്ഥത വഹിക്കുന്നു. (1 യോഹ. 2:1; എബ്രാ. 7:25). 1 തിമൊ.2:5 പറയുന്നു, "ദൈവം ഒരുവന്നല്ലോ; ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ". അകൃത്യത്തിലും പാപത്തിലും ആയിരുന്ന നാം ശിക്ഷിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ മദ്ധ്യസ്ഥനായ യേശുക്രിസ്തു നമ്മുടെ പാപങ്ങളും അകൃത്യങ്ങളും ക്രൂശിൽ വഹിച്ചു പിതാവായ ദൈവത്തോടു നിരപ്പിച്ചു എന്ന് റോമർ. 8:34 ൽ പൗലൊസു പറയുന്നു. പ്രവൃത്തികൾ. 10:42 ൽ പത്രൊസ് സാക്ഷിക്കുന്നതു നാം കാണുന്നു, ജീവികൾക്കും മരിച്ചവർക്കും ന്യായാധിപതിയായി യേശുക്രിസ്തുവിനെ ദൈവം നിയമിച്ചിരിക്കുന്നു. അങ്ങനെ യേശുക്രിസ്തുവിന്റെ രക്തത്താൽ നമ്മെ വീണ്ടെടുത്തു നീതിമാന്മാരാക്കി. നമ്മുടെ നീതി പ്രവൃത്തികൾ എല്ലാം കറ പുരണ്ട തുണിക്കു സമാനമാകുന്നു. അവൻ നമ്മെ വീണ്ടെടുക്കുക മാത്രമല്ല ചെയ്തത്, ഈ നീതിയുള്ള ന്യായാധി

പതിക്കു പ്രസാദമുള്ള ജീവിതം നയിച്ചാൽ അവൻ നമുക്കു പ്രതിഫലവും നൽകും എന്നത് ഓർക്കണം. 2 തിമൊ. 4:8 ൽ അപ്പൊസ്തലനായ പൗലൊസ് നമുക്കു വലിയ പ്രത്യാശ നൽകുന്നു. ഇനി നീതിയുടെ കീരിടം എനിക്കായി വെച്ചിരിക്കുന്നു; അതു നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്കു നൽകും; എനിക്കു മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രീയം വെച്ച ഏവർക്കും കൂടെ.

നീതിയുള്ള ന്യായധിപതി വേഗത്തിൽ വന്നു സർവ്വലോകത്തെയും ന്യായം വിധിക്കും. "ഇതാ ഞാൻ വേഗം വരുന്നു; ഓരോരുത്തനു അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ടു" (വെളി.22:12). നാം ഇതിനായി ഒരുങ്ങിയിട്ടുണ്ടോ? പാപം, ശാപം, മരണഭയം, രോഗം, അജ്ഞത, അടിമത്തം തുടങ്ങിയവയിൽ കുടുങ്ങി കിടക്കുന്ന ജനങ്ങളിലേക്കു നീതിയുള്ള ന്യായാധിപനായ, ഇത്ര ശക്തനായ ദൈവത്തെ എത്തിക്കുവാനുള്ള ദൗത്യത്തിൽ നമുക്കു കുടുതൽ ഇടപഴകുകയും, അവനു വേണ്ടി കൂടുതൽ പ്രവൃത്തിക്കുകയും വീണ്ടും വരുന്നവനായ ന്യായാധിപനായ കർത്താവിനെ എതിരേൽക്കുവാൻ അവരെ സജ്ജരാക്കുകയും ചെയ്യാം. നമുക്കു ഒരുങ്ങിയിരിക്കാം. നീതിമാനായ ദൈവത്തെ എതിരേൽക്കുവാൻ നമുക്കു ഒരുങ്ങാം. മറ്റുള്ളവരെ ഒരുക്കാം. - ആമേൻ

ശ്രീമതി. സ്റ്റെല്ല ആനന്ദ്, FMPB, HQ

# FINANCE DEPARTMENT




## FMPB Bank Account details for sending the offering through online transaction

A/c Name: **FRIENDS MISSIONARY PRAYER BAND**

**ICICI** - A/c No. 602701216912 - IFS Code ICIC0006027 - Branch: Anna Nagar

**ICICI Bank UPI ID: fmpb01@icici**

**SBI** - A/c No. 10402752621 - IFS Code SBIN0000987 - Branch: Ambattur

**Indian Bank** - A/c No. 406157474 - IFS Code IDIB000A599 - Branch: Venkatapuram

Kindly contact us: **finance@fmpb.org, WhatsApp: 7904648270**

# BARCODE

## facilities to send your offertory

**Kindly avail the BARCODE facility also to send your offertory to the ministries of FMPB.**




ക്രിസ്തുവിൽ പ്രീയപ്പെട്ട പ്രാർത്ഥന സഹകാരികളെ,

1967 ജൂൺ 9 ന് പെരിയമലയിലെ ഒരു ഗ്രാമമായ പെർത്തമുകിലാലത്ത് നമ്മുടെ സംഘടനയുടെ ആദ്യത്തെ മിഷൻ വയൽ ആരംഭിച്ചു. വരുന്ന ജൂൺ 8, 9 (ശനി, ഞായർ) തീയതികളിൽ തമിഴ്നാട് സോണിലെ മൊബലൈസേഷൻ പ്രവർത്തകർ പെരിയമലൈ കാമ്പസിൽ ഒരുമിച്ചു കൂടുവാൻ പദ്ധതിയിട്ടിരിക്കുന്നു. ഈ സ്തോത്ര പ്രാർത്ഥന ദിനത്തിൽ പങ്കെടുക്കുന്നതിനു തയ്യാറെടുക്കുക.

നമ്മുടെ സംഘടനയുടെ ആപ്തവാക്യമായ **പോകുക അല്ലെങ്കിൽ അയയ്ക്കുക** എന്നതിൻ പ്രകാരം പോകുവാനും അയയ്ക്കുവാനും തയ്യാറായ നിങ്ങളുടെ എല്ലാ സംഭാവനകൾക്കായും ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു. വിവിധ ഭാഷകൾ സംസാരിക്കുന്ന, ശ്രേഷ്ഠകരമായ വ്യത്യസ്ത സംസ്കാരങ്ങളുള്ള ജനതയെ, യേശുക്രിസ്തുവാകുന്ന സത്യം അറിയാത്തവരായ ഇന്ത്യക്കാരെ സന്ധിക്കുന്നതിനു വിവിധ പദ്ധതികളും ദർശനങ്ങളും കർത്താവ് നൽകി.

കുറച്ചു സ്നേഹിതർ ഒരു ചെറിയ പ്രാർത്ഥനക്കൂട്ടമായി ആരംഭിച്ച് സുവിശേഷ മുന്നേറ്റ പ്രസ്ഥാനമായി വളർന്ന FMPB യുടെ ആദ്യത്തെ മിഷൻ വയലാണ് പെരിയമലൈ. ഈ ചെറിയ ആരംഭത്തെ ആർക്കു മറക്കുവാൻ കഴിയും? അതിനനുസരിച്ച് ജൂൺ 9 പെരിയമലൈ ദിനമായി നാം ഓർത്തു ആചരിച്ച് ദൈവത്തിനു സ്തുതി സ്തോത്രങ്ങൾ അർപ്പിക്കും.

ഞങ്ങളുടെ കൂടെ പാർത്തു യേശുക്രിസ്തുവിനെ പ്രഘോഷിക്കുകയില്ലേ? എന്ന ഒരു മലവാസിയുടെ കൊതിയോടെയുള്ള ചോദ്യം കേട്ട് 1967 ൽ ഒരു ഉൾഗ്രാമത്തിൽ ആരംഭിച്ച സുവിശേഷ വേല ഇന്ന് വളർന്ന ഇന്ത്യയുടെ 24 സംസ്ഥാനങ്ങളിൽ സുവിശേഷം അറിയിക്കുന്നു. ജൂൺ 9 ന് പെരിയമലൈയിലെ ദൗത്യം 57 വർഷം പൂർത്തീകരിക്കുമ്പോൾ ഇത് ഇന്ന് 45 ദൈവാലയങ്ങളുള്ള ഡെങ്കണികോട്ടൈ റീജിയനായി വളർന്നു. ഉരുളർ, ലിങ്കാ

യത്, ആദി ദ്രാവിഡ, അരുതത്തിയാർ, വണ്ണിയാർ, വെള്ളാളർ ഗൗണ്ടർ എന്നിങ്ങനെയുള്ള വിവിധ ജാതിക്കൂട്ടങ്ങൾ സുവിശേഷം ശ്രവിച്ചു യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു ദൈവാലയങ്ങളിൽ ദൈവത്തെ ആരാധിക്കുന്നു. ദൈവം അത്ഭുതങ്ങളാലും അടയാളങ്ങളാലും എല്ലാവരെയും പൈശാചിക ബന്ധനങ്ങളിൽ നിന്നും വിടുവിച്ചു. അവരുടെ മനസ്സുകളെ തുറന്നു, പാപത്തിൽ നിന്നു അവർക്കു രക്ഷ നൽകി. ആത്മീക ആരോഗ്യമുള്ള ജിവിതം നയിക്കുവാൻ അവരെ ഉയർത്തി. സമൂഹത്തിൽ അവർക്കു അംഗീകാരം ലഭിച്ചു. ഇന്ന് യേശുവിനെ രക്ഷിതാവായി സ്വീകരിച്ചവരുടെ നാലാം തലമുറയിലുള്ള വിശ്വാസികളും അവരിടെ പ്രദേശങ്ങളിൽ സാക്ഷ്യമുള്ള ജീവിതം നയിച്ച് യേശുവിനെ പ്രഘോഷിക്കുന്നു. നമ്മുടെ വിശ്വാസികളുടെ മക്കളിൽ 27 പേരിലധികം ഉത്തരേന്ത്യയിൽ മിഷനറിമാരായി നമ്മുടെ സംഘടനയിലും മറ്റു ഇതര സംഘടനകളിലുമായി പ്രവർത്തിക്കുന്നു. 55 ലധികം ആളുകൾ പ്രാദേശിക സുവിശേഷകരായി നമ്മോടു കൂടെ പ്രവർത്തിക്കുന്നു. 1967 ൽ പെരിയമലയിൽ ആരംഭിച്ച പ്രവർത്തനം ഇന്ന് വളർന്ന് തമിഴ്നാട് സോണായി. ഈ സോണിൽ മൂന്നു റീജിയനുകൾ ഉണ്ട്. ഡെങ്കണികോട്ടൈ റീജിയൻ തദ്ദേശീയമാക്കുകയും സഭകൾ എല്ലാം സ്വന്തമായി പ്രവർത്തിക്കുകയും ചെയ്യുന്നു. വെക്കേഷൻ ബൈബിൾ സ്കൂൾ സ്വയമായി നടത്തുന്നു. സഭയുടെ ഇതര ആവശ്യങ്ങൾക്കോ പ്രവർത്തനത്തിനോ സംഘടനയുടെ സഹായം ആവശ്യപ്പെടുന്നില്ല. സുവിശേഷീകരണവും അവർ സ്വയമായി ചെയ്യുന്നു. പ്രദേശിക സുവിശേഷകരുടെ ആവശ്യങ്ങൾക്കും അവർ സംഭാവനകൾ നൽകുന്നു. വിശ്വാസികൾ നമ്മുടെ മുന്നേറ്റ പ്രസ്ഥാനത്തെ സഹായിക്കുന്നു. മിഷൻ വയലിൽ പ്രവർത്തിക്കുന്ന മിഷനറിമാരെയും കുഞ്ഞുങ്ങളെയും ഇവർ സ്പോൺസർ ചെയ്ത് സഹായിക്കുന്നതു കൂടാതെ നമ്മുടെ പ്രവർത്തനത്തിനായി ഇവർ പ്രാർത്ഥിക്കുന്നു. നേതൃത്വ പരിശീലന കേന്ദ്രത്തിൽ മൂന്നു റീജിയനിലുള്ള മിഷനറിമാരുടെ ഔപചാരിക പരിശീലനവും പ്രാർത്ഥനക്കൂട്ടങ്ങളുടെ ഉപവാസ പ്രാർത്ഥനകളും മറ്റു നിരവധി പരിശീലനങ്ങളും നൽകുന്നു. 2030 നകം 4,40,000 ആളുകളോടു സുവിശേഷം പങ്കുവെക്കുന്നതിനും 880 ഗ്രാമങ്ങളെ സുവിശേഷീകരിക്കുന്നതിനും 88 ആരാധനക്കൂട്ടങ്ങൾ ആരംഭിക്കുന്നതിനും 44 ദൈവാലയങ്ങൾ പണിയുന്നതിനും 22 പ്രാദേശിക സുവിശേഷകരെയും 22 പൂർണ്ണ സമയ മിഷനറിമാരെയും ഉരുവാക്കുന്നതിനും 4.400 പേരെ രക്ഷയിലേക്കു നയിക്കുന്നതിനും പദ്ധതിയിടുന്നു. ഈ പദ്ധതി വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

***യെശയ്യാവ് 2:3 അനേക വംശങ്ങളും ചെന്നു: വരുവിൻ, നമുക്കു യഹോവയുടെ പർവ്വതത്തിലേക്കു, യാക്കോബിൻ ദൈവത്തിന്റെ ആലയത്തിലേക്കു കയറിച്ചെല്ലാം. അവൻ നമുക്കു തന്റെ വഴികളെ ഉപദേശിച്ചുതരികയും നാം അവന്റെ പാതകളിൽ നടക്കയും ചെയ്യും എന്നു പറയും. സീയോനിൽ നിന്നു ഉപദേശവും യെരൂശലേമിൽ നിന്നു യഹോവയുടെ വചനവും പുറപ്പെടും.***

റവ. ടി. ആൽബിൻ
മൊബലൈസേഷൻ സെക്രട്ടറി
- കന്യാകുമാരി റീജിയൻ

# ദൈവത്തിന്റെ നാമങ്ങൾ



**യഹോവ – ഷാഫാത്ത്:** രണ്ടു എബ്രായ പദത്തിൽ നിന്നാണ് യഹോവ – ഷാഫാത്ത് എന്ന പേര് ഉരുത്തിരിഞ്ഞത്. എബ്രായ പദങ്ങൾ 'യഹോവ', 'ഷാഫാത്ത്'. **യഹോവ** അർത്ഥമാക്കുന്നത് സ്വയം ഭൂവായത്, ഞാൻ ആകുന്നവൻ, എന്നാൽ **ഷാഫാത്ത്** അർത്ഥമാക്കുന്നത് ന്യായം വിധിക്കുക, ഒരു കാരണത്താൽ പ്രതിരോധിക്കുക. ഈ രണ്ടു വാക്കുകൾ ഒരുമിച്ചു ചേരുമ്പോൾ യഹോവ ഷാഫാത്ത് എന്ന പേരാകുന്നു അർത്ഥം കർത്താവ് നമ്മുടെ ന്യായാധിപതി. അതുകൊണ്ട് ഈ നാമം ദൈവത്തിന്റെ ഗുണങ്ങളിൽ ഒന്നാകുന്നു. ഒരു ദൈവീക ന്യായാധിപൻ എന്ന നിലയിലുള്ള ദൈവത്തിന്റെ പങ്കിനെ ഉദാഹരിക്കുന്നു. യിസ്രായേലിനെ അടിച്ചമർത്തുവാൻ വന്ന ഗോലിയാത്തിനെ പോലെയുള്ളവരെ ശിക്ഷിച്ച് ദൈവം വിടുവിച്ചതു പോലെയുള്ള സംഭവകഥകളാൽ നിറഞ്ഞതാണ് വിശുദ്ധ വേദപുസ്തകം. ദൈവത്തിന്റെ ന്യായവിധി ഏകപക്ഷിയമല്ല മറിച്ച് അത് എല്ലായ്പോഴും ഒരു ഉദ്ദേശം നിറവേറ്റുന്നതാണ്. അതിലുപരി യഹോവ – ഷാഫാത്ത് ഒരു ന്യായാധിപൻ മാത്രമല്ല അടിച്ചമർത്തപ്പെട്ടവരുടെ സംരക്ഷൻ കൂടിയാകുന്നു. പുറപ്പാട്. 3:7 ൽ നാം അതു കാണുന്നു. അടിച്ചമർത്തുന്നവരുടെ കൈയ്യിൽ നിന്നും യിസ്രായേലിനെ വിടുവിക്കുമെന്നു യഹോവ വാഗ്ദത്തം നൽകുന്നു.

കൂടാതെ ദൈവത്തിന്റെ ന്യായവിധി നീതിയും മനോഹരവും ആകുന്നു. ഇത് അർത്ഥമാക്കുന്നത് യഹോവ പ്രവർത്തികളെ നോക്കി മാത്രമല്ല ന്യായം വിധിക്കുന്നത് പകരം പ്രവർത്തിയുടെ പിന്നിലുള്ള മനോഭാവത്തെ കൂടി നോക്കിയാണ്. വിഷയത്തിന്റെ ഹൃദയത്തെ ദൈവം നോക്കുന്നു. അതുകൊണ്ട് ക്രിസ്ത്യാനികളായ നമുക്ക് ദൈവത്തിൽ ആശ്രയിക്കാം നമ്മുടെ കേസ് ദൈവ സന്നിധിയിൽ വരുമ്പോൾ അവൻ നീതിയോടെ ന്യായം വിധിക്കും. കുടാതെ യഹോവ ശാഫാത്ത് എന്ന പേർ ഓർമ്മിപ്പിക്കുന്നത് നാം നമ്മുടെ കരങ്ങളാൽ നീതി നടപ്പിലാക്കുവാൻ ശ്രമിക്കേണ്ട. ക്രിസ്ത്യാനികളെന്ന നിലയിൽ ദൈവം നമ്മെ വിളിച്ചിരിക്കുന്നത് സ്നേഹിക്കുവാനും ക്ഷമിക്കുവാനുമായിട്ടാണ്. നമുക്കെതിരെ പ്രവർത്തിച്ചവരോടു പോലും നാം ക്ഷമിക്കണം. നമ്മുടെ നീതി കർത്താവായ ദൈവത്തിൽ ആശ്രയിക്കുന്നതിലൂടെ നമ്മുടെ പ്രതികാര ദാഹം ഇല്ലാതാകും. മത്തായി.5:44 ൽ യേശു പഠിപ്പിച്ചതു പോലെ ശത്രുക്കളെ സ്നേഹിപ്പാൻ നമുക്കു കഴിയും.

ഒടുവിലായി യഹോവ ശാഫാത്ത് അന്തിമ ന്യായവിധിയെ കുറിച്ചുള്ള പ്രത്യാശ നമ്മിൽ ഉളവാക്കുന്നു. ക്രിസ്ത്യാനികൾ എന്ന നിലയിൽ

എല്ലാം ശരിയാക്കപ്പെടുന്ന ഒരു ദിവസം ഉണ്ടാകുമെന്നും നീതിമാന്മാർക്കു പ്രതിഫലം ലഭിക്കുമെന്നും ദുഷ്ടന്മാർ ശിക്ഷിക്കപ്പെടുമെന്നും നാം വിശ്വസിക്കുന്നു. യഹോവ ഷാഫാത്തിൽ വിശ്വസിക്കുന്ന നാം ഇന്നു ലോകത്തിൽ അഭിമുഖികരിക്കുന്ന അനിതിയിൽ തളർന്നു പോകാതെ ഈ പ്രത്യാശയെ മുറുകെ പിടിക്കുന്നു. ഉപസംഹാരമായി യഹോവ ഷാഫാത്ത് ഒരു പേരു മാത്രമല്ല ദൈവം നമ്മുടെ ന്യായാധിപനും സംരക്ഷകനുമാണെന്ന നിലയിൽ ദൈവത്തിന്റെ പങ്കിനെ കുറിച്ച് സംസാരിക്കുന്ന ദൈവത്തിന്റെ ഒരു ഗുണമാണ്. ദൈവത്തിന്റെ സ്വഭാവ ഗുണം നാം അനീതി നേരിടുമ്പോൾ നമുക്കു പ്രത്യാശ നൽകുകയും നിയമം കൈയിലെടുക്കാതെ നമ്മെ തടയുകയും ചെയ്യുന്നു. പകരം നീതിയോടെ ന്യായം വിധിക്കുന്ന ദൈവത്തിൽ നമുക്കു ആശ്രയിക്കാം. അവൻ തക്ക സമയത്തു നമ്മെ വിടുവിക്കും. ക്രിസ്ത്യാനികളായ നാം യഹോവ ശാഫാത്ത് എന്ന പേരിലും വരുവാൻ പോകുന്ന നിതിയുടെ വാഗ്ദത്തത്തിലും നമുക്കു ആശ്വാസം പ്രാപിക്കാം.

**യഹോവ സിദെക്കെനു:** യഹോവ സിദെക്കെനു എന്ന പേര് ഒരു പ്രാവശ്യം മാത്രമേ വേദപുസ്തകത്തിൽ കാണുന്നുള്ളു (യിരെ.23:6). ഈ വേദഭാഗത്തു പ്രവാചകൻ മശിഹായുടെ വരവിനെ കുറിച്ചു പ്രവചിക്കുന്നു. "അവന്റെ കാലത്തു യെഹൂദ രക്ഷിക്കപ്പെടും; യിസ്രായേൽ നിർഭയമായി വസിക്കും; അവന്നു യഹോവ നമ്മുടെ നീതി എന്നു പേർ പറയും എന്നു യഹോവയുടെ അരുളപ്പാട്". പേര് തന്നെ രണ്ടു എബ്രായ വാക്കുകൾ ചേർന്ന സംയുക്ത പദമാകുന്നു. യഹോവ, ദൈവത്തിന്റെ വ്യക്തിപരമായ പേരാകുന്നു. സിദെക്കെനു അർത്ഥമാക്കുന്നത് നീതി എന്നാകുന്നു. അപ്പോൾ ദൈവത്തെ നമ്മുടെ നീതിയായ ദൈവം എന്നു വിളിക്കുന്നതിന്റെ അർത്ഥമെന്താകുന്നു? ഇത് അർത്ഥമാക്കുന്നത് ദൈവം നമ്മുടെ നീതിയുടെ ഉറവിടമാകുന്നു എന്നാണ്. നീതിയുള്ളവാരുകുന്നതിനുള്ള നമ്മുടെ ശ്രമം ക്രിസ്തുവിന്റെ സമ്പൂർണ്ണ നീതിയുമായി തുലനം ചെയ്യുമ്പോൾ കറ പുരണ്ട തുണിക്കു സമാനമാകുന്നു. യേശുക്രിസ്തുവിലും അവന്റെ കാൽവറി യാഗത്തിലുമുള്ള വിശ്വാസത്തിലൂടെ മാത്രമേ നമുക്കു ദൈവമുമ്പാകെ നീതിയുള്ളവരായി നിൽക്കുവാൻ കഴികയുള്ളു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ദൈവം നമ്മുടെ നീതിയാകുന്നു. കാരണം മാംസം ധരിച്ച കർത്താവ് നമ്മുടെ പാപങ്ങൾക്കു വേണ്ടി മരിച്ചു നമുക്കു നീതി നൽകിത്തന്നവൻ ആകുന്നു.

എന്നാൽ ഇത് അതിനപ്പുറത്തേക്കു പോകുന്നു. അവൻ നമുക്കു നീതി നൽകിത്തരുന്നതിനു പ്രവർത്തിക്കുക മാത്രമല്ല ചെയ്തത് പിന്നെ നീതിയുള്ള ജീവിതം നയിക്കുവാൻ നമ്മെ ശക്തികരിക്കുകയും ചെയ്തു. പരിശുദ്ധാത്മാലൂടെ നമുക്കു നീതിയിൽ നടക്കാം. ദൈവത്തിന്റെ പ്രീതി നേടാനുള്ള ഉപാധിയായിട്ടല്ല മറിച്ച് നമുക്കു ലഭിച്ച കൃപയോടുള്ള സ്വഭാവിക പ്രതികരണമായിട്ടത്രെ. "പാപം അറിയാത്തവനെ, നാം ദൈവത്തിന്റെ നീതി ആകേണ്ടതിനു, അവൻ നമുക്കു വേണ്ടി പാപം ആക്കി" (2.കൊരി.5:21). ക്രിസ്തുവുമായുള്ള നമ്മുടെ ഐക്യത്തിലൂടെ നാം പുതിയ സൃഷ്ടികളാകുന്നു. അവൻ നൽകിയ നീതിയിൽ നമുക്ക് ഇപ്പോൾ നടക്കാം.

കൂടാതെ യഹോവ സിദെക്കേനു നമ്മെ ഓർമ്മിപ്പിക്കുന്നത് നമ്മുടെ നീതി നമ്മുടെ സ്വന്തമല്ല മറിച്ച് ക്രിസ്തുവിന്റെതാകുന്നു. അവന്റെ നീതിയിൻ വസ്ത്രം നാം അണിഞ്ഞിരിക്കുന്നതിൽ നമുക്കു അഭിമാനിക്കാം. എന്നാൽ അതിനു വില നൽകേണ്ടി വന്നതാണെന്നു നാം ഗ്രഹിക്കേണം. സമ്പൂർണ്ണനും പാപരഹിതനുമായ ദൈവ →→→

# മിഷനറി ജീവചരിത്രം



**ശ്രീ. എസ് ചെല്ലപ്പ ജ്ഞാനശേഖരൻ**

**(1937-1996)**

## ആരംഭ നാളുകൾ:

ശ്രീ. എസ് ചെല്ലപ്പ ജ്ഞാനശേഖരൻ 11.02.1937 ൽ കരുരിൽ ജനിച്ചു. ശ്രീ. സ്വാമിദാസ്, ശ്രീമതി ഇമ്പം എന്നിവരായിരുന്നു മാതാപിതാക്കൾ. അവർ ഇരുവരും അദ്ധ്യാപകരായിരുന്നു. ശ്രീ. ചെല്ലപ്പയ്ക്കു അഞ്ചു സഹോദരങ്ങൾ ഉണ്ടായിരുന്നു. നാലു മൂത്ത സഹോദരങ്ങളും ഒരു ഇളയ സഹോദരനും. ഭക്തിയുള്ള ക്രിസ്തീയ കുടുംബത്തിലാണ് ജനിച്ചതെങ്കിലും യേശുക്രിസ്തുവുമായി വ്യക്തിപരമായ ബന്ധം സ്ഥാപിക്കുന്നതിനെ കുറിച്ചു ചിന്തിച്ചിട്ടില്ലായിരുന്നു. അതിനാൽ അവൻ നാമധേയ ക്രിസ്തീയ ജീവിതം നയിച്ചു. ചെല്ലപ്പയുടെ അധാർമ്മിക കൂട്ടുകാരാണ് യേശുക്രിസ്തുവുമായുള്ള ബന്ധം വളർത്തുന്നതിനു തടസ്സമായി നിന്നത് എന്നു പറയപ്പെടുന്നു. ലോക ഇമ്പങ്ങളിൽ ആകർഷണമുള്ളവനായി തീർന്നു. അവന്റെ മാതാപിതാക്കൾ അദ്ധ്യാപകരായിരുന്നതിനാൽ അവർ

---

→→→ പുത്രൻ നമ്മുടെ പാപം ഏറ്റെടുക്കുകയും അവനിൽ നാം നീതിമാന്മാരാകേണ്ടതിനു അവൻ നമുക്കു വേണ്ടി പാപമായി തീരുകയും ചെയ്തു. ക്രിസ്തു നമുക്കു വേണ്ടി ചെയ്തതിന്റെ ഗൗരവം നാം മനസ്സിലാക്കുമ്പോൾ നമ്മെ വിനയമുള്ളവരാക്കി നമ്മുടെ ജീവിതം ദിവ്യമായ ദൈവ ഭക്തിയോടും ആദരവോടും കൂടി ജീവിക്കുവാൻ ഇടയാക്കും. ഉപസംഹാരമായി യഹോവ - സിദെക്കെനു യഹോവ ക്രിസ്തുവീലൂടെ നമുക്കു നൽകിയ നീതിയുടെ മനോഹരമായ ഓർമ്മപ്പെടുത്തൽ ആകുന്നു. നീതിക്കുവേണ്ടിയുള്ള നമ്മുടെ സ്വന്തം ശ്രമങ്ങൾ വ്യർത്ഥമാണെന്നും ക്രിസ്തുവിന്റെ സമ്പൂർണ്ണ നീതിയിലാണ് നമ്മുടെ പ്രതീക്ഷയെന്നും ഇതു നമ്മെ ഓർമ്മപ്പെടുത്തുന്നു. നമ്മുടെ നീതി നമ്മുടെ സ്വന്തമല്ലെന്നും യേശു ക്രിസ്തുവിന്റെതാണെന്നും അവൻ നമുക്കു വേണ്ടി ചെയ്തതിനു അവനോടു നന്ദിയും ആദരവുമുള്ള ജീവിതം നയിക്കണമെന്നും ഇതു നമ്മെ ഓർമ്മപ്പെടുത്തുന്നു. "അവനിലല്ലോ നാം ജീവിക്കയും ചരിക്കുകയും ഇരിക്കയും ചെയ്യുന്നതു" (അ.പ്ര.17:28) എന്നതും നാം ഓർക്കണം. ദൈവമുമ്പാകെ നീതിമാന്മാരായി പ്രഖ്യാപിക്കപ്പെടുവാൻ അവനിലൂടെ മാത്രമെ നമുക്കു കഴിയൂ എന്നു നമുക്കു എല്ലായ്പോഴു ഓർക്കാം.

**- റവ. തോമസ് ബി ന്യൂൺസ്**

അദ്ധ്യപക പരിശീലനത്തിനു അയച്ചു. അവൻ വേഗത്തിൽ ഒരു അദ്ധ്യാപകനായി.

## രക്ഷയും വിവാഹ ജീവിതവും:

16.09.1966 ൽ ശ്രീ. ചെല്ലപ്പ, ശ്രീമതി ശാന്തകുമാരിയെ വിവാഹം കഴിച്ചു. ശാന്തകുമാരിയുടെ മാതാപിതാക്കളായ ശ്രീ. മാണിക്കവും ശ്രീമതി രുക്മിണിയും മുസിരിയിലാണ് താമസിച്ചിരുന്നത്. സഹോദരി ശാന്തകുമാരി ഗവൺമെന്റിൽ ടൈപ്പിസ്റ്റായി ജോലി ചെയ്യുകയായിരുന്നു. അവളുടെ മാതാപിതാക്കൾ അവരുടെ പഴയ വിശ്വാസത്തെ ഉപേക്ഷിച്ചു ക്രിസ്തീയ വിശ്വാസത്തെ മുറുകെ പിടിച്ചു. ശ്രീമതി. ശാന്തകുമാരി ഒരു നാമധേയ ക്രിസ്ത്യാനിയായിരുന്നു. നവദമ്പതികളായ ചെല്ലപ്പയും ശാന്തകുമാരിയും കരൂരിൽ താമസിച്ചു കൊണ്ട് അവരുടെ കുടുംബ ജീവിതം ആരംഭിച്ചു. അവരുടെ ജീവിത സന്തോഷകരമായിരുന്നെങ്കിലും അവർ ആഗ്രഹിച്ച ഒരു സംതൃപ്ത ജീവിതമല്ലായിരുന്നു. 10.06.1072 ൽ ചെല്ലപ്പ സിനിമ ശാലയിൽ പോയി ഒരു സിനിമ കാണുവാൻ ആഗ്രഹിച്ചു. അങ്ങോട്ടുള്ള യാത്രയിൽ ഒരു സി എസ് ഐ സ്കൂൾ മൈതാനം കടന്നു പോകണം. അവിടെ ഒരു ക്രിസ്തീയ കൺവൻഷൻ നടക്കുകയായിരുന്നു. സ്കൂളിൽ എന്താണ് നടക്കുന്നതു എന്നു നീരീക്ഷിക്കുന്നതിനായി അവൻ അവിടേക്കു കയറി. അവിടെയുള്ള ചില തമാശകളിൽ സന്തേഷിക്കാമെന്നു അവൻ ആഗ്രഹിച്ചു. എന്നാൽ പെട്ടന്നു അവൻ ഗൗരവത്തോടെ പ്രസംഗം ശ്രദ്ധിക്കുവാൻ തുടങ്ങി. ആ ദിനം ചെല്ലപ്പയുടെ ജീവിതത്തിൽ ദൈവം നിയോഗിച്ച ദിവസമായിരുന്നു. പിന്നീട് FMPB യുടെ ജനറൽ സെക്രട്ടറിയായി തീർന്ന സഹോ. എമിൽ ജപസിങ്ങാണ് അന്നു കൺവൻഷനിൽ വന്നവരോടു ദൈവവചനം പങ്കുവെച്ചത്. ആ സന്ദേശം ചെല്ലപ്പയ്ക്കു ആകർഷണമായി തോന്നി. അവൻ ഗൗരവത്തോടു കൂടി തന്നെ ദൈവവചനം ശ്രദ്ധിച്ചു. ചെല്ലപ്പ ഒരു പാപിയാണെന്ന ബോധ്യം പരിശുദ്ധാത്മാവ് വരുത്തി. ക്രിസ്തു മാത്രമാണ് രക്ഷകൻ എന്നു മനസ്സിലാക്കിയ ചെല്ലപ്പ തന്റെ പാപങ്ങൾ ദൈവ സന്നിധിയിൽ ഏറ്റു പറഞ്ഞ് പാപക്ഷമ പ്രാപിച്ചു. ശ്രീ. ചെല്ലപ്പ സന്തോഷത്തോടെ ഭവനത്തിലേക്കു മടങ്ങിപ്പോയി. ഭവനത്തിൽ വെച്ച് പരിശുദ്ധാത്മാവ് ചെല്ലപ്പയെ എഫെ.2:1-8 വാക്യങ്ങൾ ഓർമ്മപ്പെടുത്തി. താൻ ഒരു പാപപങ്കിലമായ ജീവിതമാണ് നയിച്ചു കൊണ്ടിരുന്നത് എന്ന് ഈ സന്ദർഭത്തിൽ ചെല്ലപ്പയ്ക്കു ബോധ്യമായി. അതിനാൽ വിശുദ്ധ ജീവിതത്തിനായി തന്നെത്തന്നെ ദൈവസന്നിധിയിൽ സമർപ്പിച്ചു.

ശ്രീമതി. ശാന്തകുമാരിയും ഒരു നാമധേയ ക്രിസ്ത്യാനിയായിരുന്നു. 1972 ഏപ്രിലിൽ കരുരിൽ വെച്ചു FMPB നടത്തിയ ഗിദയോനൈറ്റ്സ് യോഗത്തിൽ സംബന്ധിക്കുന്നതിനു അവസരം ലഭിച്ചു. ശ്രീ. പി. സാമുവേൽ ആയിരുന്നു മുഖ്യ പ്രസംഗകൻ. ശ്രീമതി ശാന്തകുമാരി പി. ശാമുവേലിന്റെ സന്ധ്യ പ്രസംഗം ശ്രദ്ധിച്ചു. യേശുക്രിസ്തുവിനായി തന്റെ ജീവിതത്തെ സമർപ്പിച്ചു യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. അവളുടെ ജീവിതത്തിൽ പ്രഥമ സ്ഥാനം ക്രിസ്തുവിനു നൽകി. ക്രിസ്തുവിനു വേണ്ടി ജീവിക്കുവാൻ തീരുമാനിച്ചു.

## ദൈവവേലക്കായുള്ള വിളി:

ക്രിസ്തീയ കുടുംബത്തിൽ ജനിച്ച ചെല്ലപ്പ സഭയുടെ സുവിശേഷക സംഘത്തിന്റെ കൂടെ പോകാറുണ്ട്. ഈ സ്വഭാവം സുവിശേഷം പ്രഘോഷിക്കുന്നതിനുള്ള താൽപര്യത്തെ

വർദ്ധിപ്പിച്ചു. 1973 ൽ തൂത്തുക്കുടിക്കടുത്തുള്ള മുയൽ ദ്വീപിൽ നടത്തിയ യുവജന കൺവൻഷനിൽ ശ്രി. ചെല്ലപ്പ സംബന്ധിച്ചു. ദൈവം അദ്ദേഹത്തിന്റെ ജീവിതത്തിൽ ഇടപെട്ടു. സന്ധ്യ യോഗത്തിലെ സന്ദേശത്തിൽ യഹോവയായ ദൈവം 2 തിമൊ.4:9; 2:15,19 എന്നീ വാക്യങ്ങളിലൂടെ സംസാരിച്ചു. തത്ഫലമായി അദ്ദേഹം കർത്താവിന്റെ വേലക്കായി തന്നെ സമർപ്പിച്ചു. തന്റെ വിളി ഉറപ്പിക്കുവാൻ അവൻ പ്രാർത്ഥിക്കുകയും ദൈവവചനം വായിക്കുകയും ചെയ്തു. 1 തെസ്സ. 5:24; 1തിമൊ.6:12; 2 തിമൊ.4:5 എന്നീ വാക്യങ്ങളിലൂടെ ദൈവം ഇടപെട്ടു. ചെല്ലപ്പയും അദ്ദേഹത്തിന്റെ ഭാര്യയും കർത്താവിനായി ജീവിക്കുവാൻ ആ സന്ധ്യാവേളയിൽ സമർപ്പിച്ചു.

## FMPB യിലൂടെയുള്ള ശുശ്രൂഷ:

1975 മാർച്ചിൽ ചെല്ലപ്പയും കുടുംബവും FMPB യിൽ ചേർന്നു. അവരെ രണ്ടു പേരെയും വീരപാണ്ടിയൻ പട്ടണത്തിലുള്ള ട്രഷററിന്റെ ആഫിസിലേക്കു അയച്ചു. പിന്നീട് 1976 ജൂലൈയിൽ ഗുജറാത്തിൽ തോടിയ ജാതിക്കൂട്ടത്തിന്റെ ഇടയിൽ പ്രവർത്തിക്കുവാനായി അയച്ചു. അവർ ഗുജറാത്തിലെ ദരംമ്പൂർ മിഷൻ വയലിൽ എത്തിച്ചേർന്നു. ഗുജറാത്തി ഭാഷ പഠിച്ചു അവിടെ പ്രവർത്തനം ആരംഭിച്ചു. അവരുടെ ശുശ്രൂഷയുടെ ഫലമായി ധാരാളം ആളുകൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു 1977 ൽ സ്നാനപ്പെട്ടു ദൈവസഭയിലെ അംഗങ്ങളായി തീർന്നു. 31.07.1978 ൽ പനികടാഗ് ഗ്രാമത്തിൽ നടത്തിയ സ്നാന ശുശ്രൂഷയിൽ ധാരാളം ആളുകൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 1979 ജൂലൈയിൽ ഈ കുടുംബത്തെ ഒരു ഹൃസ്വകാല ദൈവശാസ്ത്ര പഠനത്തിനായി സേലത്തുള്ള ഡാനീഷ്പേട് ബഥേൽ ബൈബിൾ കോളജിലേക്കു അയച്ചു. 1980 മെയിൽ അവർ പഠനം പൂർത്തീകരിച്ചു. ചെല്ലപ്പയ്ക്കു ഒരു ചെറിയ അപകടമുണ്ടായി. ചികിത്സക്കു വിധേയനായി സൗഖ്യം പ്രാപിച്ചു. മെഡിക്കൽ അവധിക്കു ശേഷം അവരെ വ്യാരയിലേക്കു അയച്ചു. പിന്നീട് സോനെഘാട് മിഷൻ വയലിൽ നിയമിച്ചു. വീണ്ടും വ്യാരയിലേക്കു സ്ഥലം മാറ്റി. 1983 ഫെബ്രുവരി മുതൽ ഫീൽഡ് ആഫീസിൽ പ്രവർത്തിച്ചു. 1985 ൽ മിഷൻ വയൽ വികസന ശുശ്രൂഷക്കു നേതൃത്വം നൽകി. പിന്നീട് അവരെ കോയമ്പത്തൂരിലേക്കു സ്ഥലം മാറ്റി. മിഷനറി ദർശനത്തോടെ മൊബലൈസേഷൻ പ്രവർത്തനം ചെയ്തു. കോയമ്പത്തൂരിലെ വിവിധ സഭകൾ സന്ദർശിച്ചു അവർക്കു മിഷനറി ദർശനം പകർന്നു നൽകി. പ്രാർത്ഥനക്കൂട്ടങ്ങളെ കുറിച്ചും പ്രാർത്ഥനയെ കുറിച്ചു അവബോധം വരുത്തി. 1988 മുതൽ ചെന്നയിലുള്ള ആസ്ഥാന മന്ദിരത്തിലെ കമ്യൂണിക്കേഷൻ വിഭാഗത്തിൽ ചില വർഷങ്ങൾ പ്രവർത്തിച്ചു.


## അവസാന നാളുകൾ:

രോഗം നിമത്തം ചെല്ലപ്പ കുറച്ചു കാലം ആശുപത്രിയിൽ ചികിത്സക്കു വിധേയനായി കിടന്നു. സൗഖ്യം പ്രാപിച്ചതിനെ തുടർന്നു വീണ്ടും ആസ്ഥാന മന്ദിരത്തിൽ പ്രവർത്തനം തുടർന്നു. 12.03.1996 ൽ അദ്ദേഹത്തിനു ഹൃദയ സ്തംഭനമുണ്ടായി. രാവിലെ 7.30ന് നിത്യതയിൽ പ്രവേശിച്ചു. അയനാവരം സി എസ് ഐ സഭയിൽ സംസ്കാര ശുശ്രൂഷ നടത്തി. ഭൗതിക ശരീരം കീൽപാക്ക് സെമത്തേരിയിൽ സംസ്കരിച്ചു.

ശ്രീ. ചെല്ലപ്പ ജ്ഞാനശേഖരനു നല്ല പോർ പൊരുതി ഓട്ടം തികെക്കുവാൻ ദൈവം നൽകിയ സാവകാശത്തിനായി നമുക്കു ദൈവത്തെ സ്തുതിക്കാം.

**– റവ. ഡോ. ഇ. രാജൻ**

# പിന്തുടരേണ്ട കാൽപാടുകൾ



## ജോൺ ഡഡ്‌ലി ബുഡ്ബെറി

**ഉദ്ദേശത്തിനായി രക്ഷിച്ചു:** ചൈനയിലെ രണ്ടാം തലമുറ മിഷനറിമാരിൽ ജനിച്ച ജോൺ ഡഡ്‌ലി ബുഡ്ബെറിയുടെ മുത്തച്ഛനും മുത്തശ്ശിയും കൊറിയൻ യുദ്ധത്തിന്റെ കാലഘട്ടത്തിൽ ചൈനീസ് യുദ്ധത്തടവുകാരുടെ ചാപ്ലയിനായി പ്രവർത്തിക്കുവാൻ മാതൃഭൂമി വിട്ടു. മൂന്നു വയസ്സുള്ളപ്പോൾ ആദ്യമായി ക്രിസ്ത്യാനിയായി തീർന്ന ഡെഡ്‌ലി, 1939 ലെ ശൈത്യകാലത്തു തന്റെ വിശ്വാസത്തെ ഉത്തേജിപ്പിച്ചത് യാന്റായി ഹാർബറിലെ തണുത്തുറഞ്ഞ ജലമായിരുന്നെന്ന് പറയുന്നു. അഞ്ചു വയസ്സുള്ളപ്പോൾ ഡെഡ്‌ലി മഞ്ഞുപാളിയിലേക്കു വീണു ഇതു ന്യൂമോണിയായിലേക്കു നയിച്ചു. രോഗത്തിൽ കഷ്ടിച്ചു സൗഖ്യം പ്രാപിച്ച ഡെഡ്‌ലിക്കു ദൈവീക ഇടപെടലാണ് തന്നെ രക്ഷിച്ചതെന്നു ബോധ്യമായി. അഞ്ചാമത്തെ വയസ്സിലും ഒരു ഉദ്ദേശത്തിനായിട്ടാണ് ദൈവം തന്നെ രക്ഷിച്ചതെന്ന ബോദ്ധ്യം ഡെഡ്‌ലിക്കുണ്ടായിരുന്നു.

ദൈവകൃപ അവരുടെ ജീവിതങ്ങളിലൂടെ ഒഴുകി കൊണ്ടിരുന്നു. രണ്ടു വർഷത്തിനു ശേഷം ജപ്പാനിസ്, പേൾ ഹാർബറിൽ ബോംബിട്ടു അമേരിക്കക്കെതിരെ യുദ്ധം പ്രഖ്യാപിച്ചു. ഡഡ്‌ലിയെയും കുടുംബത്തെയും ചൈനയിലെ അധിനിവേശ ജാപ്പാനീസ് സൈന്യം യുദ്ധത്തടവുകാരാക്കി. രക്ഷിതാക്കളെയും കുട്ടികളെയും നമ്മിൽ വേർപിരിച്ചു. ഡഡ്‌ലിയും സഹോദരങ്ങളും യുദ്ധത്തടവുകാരായി രക്ഷിതാക്കളിൽ നിന്ന് അകന്ന് രാജ്യത്തിന്റെ മറ്റൊരു ഭാഗത്തെ തടവിലായി. മാസങ്ങൾക്കു ശേഷം അമേരിക്കയും ജപ്പാനും തമ്മിൽ സിവിലിയൻ തടവുകാരെ കൈമാറ്റം ചെയ്തു. വീണ്ടും മാതാപിതാക്കളുമായി കണ്ടുമുട്ടിയ അവർ കപ്പൽ മാർഗ്ഗം ന്യൂയോർക്കിന്റെ തീരത്ത് എത്തി. ആ കപ്പൽ യാത്രയിൽ അവർക്കു അനവധി ആപത്തുകൾ നേരിടേണ്ടി വന്നു.

### പോകുവാൻ പഠിച്ചു

"നിങ്ങൾക്കു ലോകത്തിൽ ഏറ്റവും ബുദ്ധിമുട്ടേറിയതും എന്നാൽ ഏറെ പ്രതിഫലം ലഭിക്കുന്നതുമായ ജോലി വേണമെങ്കിൽ മുസ്ലീങ്ങളുടെ മദ്ധ്യേ ശുശ്രൂഷ ചെയ്യണം" എന്നു ആദ്യകാല മിഷനറിയായ ശമുവേൽ സ്വെമർ പറയുന്നത് കേട്ട ഡഡ്‌ലി പതിമൂന്നാം വയസ്സിൽ ചില കാര്യങ്ങൾ തീരുമാനിച്ചു. 1955 ൽ ഡഡ്‌ലി ഫുള്ളറിൽ ബാച്ചിലർ ഓഫ് ഡിവിനിറ്റി പ്രോഗ്രാമിൽ ചേർന്നു. ഇത് ഓരോ സ്കൂളിൽ നിന്നും രണ്ടു കുട്ടികൾക്കു മിഷൻ വയലുകൾ സന്ദർശിക്കുന്നതിനു യാത്ര ചെയ്യുന്നതിനും തദ്ദേശീയ സംസ്കാരങ്ങളെ കുറിച്ചു പഠനം പൂർത്തീകരിക്കുന്നതിനും അവസരം നൽകി. ബറൂട്ടിലെ അമേരിക്കൻ യൂണിവേഴ്സ്റ്റിയിൽ പഠിക്കുവാൻ ഡഡ്‌ലി തിരഞ്ഞെടുക്കപ്പെട്ടു.

ബെറൂട്ടിൽ പെൺകുട്ടികൾക്കായുള്ള കോളജിൽ പഠിച്ചു കൊണ്ടിരുന്ന ലബ നോനിലുള്ള റോബേർട്ടയെ തന്റെ ശുശ്രൂഷയുടെ പങ്കാളിയായും ഭാര്യാ യും കണ്ടെത്തി. കല, പാരമ്പര്യം, ദൈവശാസ്ത്ര പ്രതിഫലനം എന്നിവ യാൽ സമ്പന്നമായ അവരുടെ വളരെ വൈവിധ്യമാർന്നതും വികസിതവുമായ സംസ്കാരങ്ങളെ പൂർണ്ണമായി അവ ഗണിക്കുന്ന ഒരു പരിഷ്കൃത ജനത യായാണ് പഞ്ചാത്യർ മുസ്ലിങ്ങളെ പ ലപ്പോഴും കണ്ടിരുന്നത്. ഡഡ്‌ലിക്ക് ഇപ്പോഴും ഒരു മിഷനറിയുടെ ഹൃദയ വാഞ്ഛയാണുള്ളത്. എന്നാൽ ലബാ നോനിൽ ആയിരുന്ന സമയം ബൗദ്ധീ കമായ അറിവ് പ്രയോജനകരമായ സുവിശേഷ വേലചെയ്യുന്നതിനു സഹ യാകരമാകും എന്ന ബോധ്യമായി.

**പാലങ്ങളുടെ നിർമ്മാണം:** ഫുള്ള റിൽ നിന്നും ബിരുദം നേടിയപ്പോൾ ഹാർവാർഡ് അദ്ദേഹത്തിനു ഇസ്ലാ മിലെ പ്രമുഖ പാശ്ചാത്യ പണ്ഡിതനായ സർ ഹാമിൽട്ടൺ ഗിബ്ബിന്റെ കീഴിൽ പ ഠിക്കുവാൻ അവസരം നലകി. ഡഡ്‌ലി തന്റെ പഠനത്തിൽ മികവ് പുലർത്തി. ഹസൻ അൽ - ബന്നയുടെ ദൈവശാ സ്ത്രത്തെ കുറിച്ചു പ്രബന്ധം എഴുതി. ദൗത്യങ്ങളോടുള്ള അദ്ദേഹത്തിന്റെ പ്ര തിബദ്ധത ചിലപ്പോൾ നിരാശ ജനക മായിരുന്നു കാരണം അദ്ദേഹം അറബ് സംസ്കാരത്തെ പ്രശംസിക്കുകയും അത് പരിവർത്തനം ചെയ്യരുതെന്നു പ റയുകയും ചെയ്തു. ഇസ്ലാമിക രാഷ്ട്ര ങ്ങളുടെ തദ്ദേശീയ സംസ്കാരത്തെ അത് എന്തായിരുന്നുവോ ആ വിധ ത്തിൽ അതിനെ സ്നേഹിക്കുവാനും അഭിനന്ദിക്കുവാനും പഠിച്ചു. അതേ സമയം ക്രിസ്തുവിന്റെ വീണ്ടെടുപ്പിൻ സ്നേഹവും വെളിച്ചവും അവരിലേക്കു കൊണ്ടുവരുവാനും ആഗ്രഹിച്ചു.

നീണ്ട വർഷങ്ങളിലെ പരിശീലന ത്തിനു ശേഷം ഉറച്ച തീരുമാനത്തോടെ ഡഡ്‌ലിയും റോബേർത്തയും അവരു ടെ രണ്ടു മക്കളോടു കൂടെ പാകിസ്ഥാ നിലേക്കു പൂർണ്ണ സമയ മിഷനറിയായി കടന്നു പോയി. പ്രിസ്ബിറ്റേറിയൻ സഭ അവർക്കു സാമ്പത്തീക സഹായം നൽ കി. ഡഡ്‌ലി റാവൽപിണ്ടിയിലെ ക്രിസ്ത്യൻ സ്റ്റഡി സെന്ററിൽ ജോലി ചെയ്തു. ക്രിസ്ത്യാനിത്വത്തെയും ഇസ്ലാം മതത്തെയും തമ്മിൽ ബന്ധി പ്പിക്കുന്ന പാലങ്ങൾ പണിയുന്നതിൽ വളരെയധികം മുന്നേറ്റം ഉണ്ടായി. ഇരു മതങ്ങളും തമ്മിൽ ആദരിക്കുന്നതിനു ധാരണയായി. അതോടൊപ്പം മുസ്ലീ ങ്ങളെ ക്രിസ്തിയ വിശ്വാസത്തിലേക്കു വഴിനടത്തി.

## പണ്ഡിതൻ, പാസ്റ്റർ, വക്കീൽ

ഡഡ്‌ലിയുടെ പാണ്ഡിത്യ പ്രകടന പര മായ ഉദ്യമങ്ങൾ അപ്രതീക്ഷിതമായി സ്വന്ത സുരക്ഷക്കും മറ്റുള്ളവരുടെ സുരക്ഷക്കും കാരണമായി തീർന്നു. അഫ്ഗാനിസ്ഥാനിലേക്കുള്ള ആദ്യ യാത്രയിൽ തന്നെ രണ്ടു മിഷനറിമാരെ ലൂക്കോസിന്റെ സുവിശേഷം വിത രണം ചെയ്തതിന്റെ പേരിൽ അറസ്റ്റു ചെയ്തു. ഡഡ്‌ലി കോടതിയിൽ ഒരിക്കലും വാദിച്ചിട്ടില്ലെങ്കിലും ഒരു വക്കിലിനെ നിയമിച്ചു ക്രിസ്ത്യാനി കളെയും മുസ്ലിങ്ങളെയും സമാധാനപ രമായി ജീവിക്കുവാൻ അനുവദിക്കുന്ന ഖുറാൻ വാക്യങ്ങളെ അടിസ്ഥാനമാക്കി സ്വയം പ്രതിരോധം വികസിപ്പിക്കു കയും ചെയ്തു. മിഷനറിമാരെ സ്വത ന്ത്രരായി വിട്ടയയ്ക്കുകയും ചെയ്തു.

ഏഴാം നൂറ്റാണ്ടിലെ ഇസ്ലാമിക അധി നിവേശത്തിനു തൊട്ടു പിന്നാലെ അറേ ബ്യൻ ഇന്റീരിയലിൽ ആദ്യമായി അനു വദനീയമായ റസിഡന്റ് പാസ്റ്ററായി സേവനമനുഷ്ഠിക്കാൻ ഡഡ്‌ലിയെ വിളിച്ച സൗദി അറേബ്യയിലും സമാ നമായ സാഹചര്യം ഉരുവായി. തല സ്ഥാനമായ റീയാദിലെയും മറ്റിട ങ്ങളിലെയും സഭകൾ സർക്കാരിനു അസ്വസ്തത ഉണ്ടാക്കുന്ന തരത്തിൽ അമ്പരിപ്പിക്കുന്ന വിധം വളർന്നു. പിരി മുറുക്കം ലഘൂകരിക്കുവാൻ ക്രിസ്ത്യാ

നികൾ വിശ്വസ്ഥരായിരിക്കുകയും ചില സാമ്പത്തീകവും മറ്റു ബാധ്യതകളും നിറവേറ്റുകയും ചെയ്യുന്നിടത്തോളം കാലം ക്രിസ്ത്യാനികൾക്കു അവരുടെ സ്വന്തം പള്ളികളിൽ ആരാധന നടത്താനുള്ള അവകാശം നൽകുന്ന മുഹമ്മദിനു എഴുതിയ കത്തുകൾ ഡഡ്‌ലി അവരെ കാണിച്ചു. തുടർന്ന് ക്രിസ്ത്യാനികളെ താഴ്ന്ന നിലയിൽ ആരാധന നടത്തുന്നതിനു അനുവദിച്ചു. പാകിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, സൗദി അറേബ്യ എന്നിവിടങ്ങളിൽ 11 വർഷം ശുശ്രൂഷ ചെയ്തതിനു ശേഷം തന്റെ ഭാര്യ റോബേർത്തായുടെ അനാരോഗ്യം മക്കളുടെ പഠനം തുടങ്ങിയ കാരണങ്ങളാൽ അമേരിക്കയിലേക്കു മടങ്ങിപ്പോന്നപ്പോൾ ഖാലിദ് രാജാവ് ഡഡ്‌ലിയുടെ പ്രവർത്തനങ്ങൾക്കു നന്ദി അറിയിച്ചു.

1992 മുതൽ 1999 വരെ സ്കൂൾ ഓഫ് വേൾഡ് മിഷൻ സംരംഭങ്ങളുടെ മേൽനോട്ടം വഹിക്കുകയും അതിന്റെ ഡീനായി പ്രവർത്തിക്കുകയും ചെയ്ത കാലത്ത് മുസ്ലിങ്ങളെയും അവരുടെ പശ്ചാത്തലത്തെയും കുറിച്ചുള്ള പഠനത്തിനു ഡഡ്‌ലിയുടെ സ്വാധീനം ഏറ്റവും വലുതായിരുന്നു. ദക്ഷിണേഷ്യയിലും പടിഞ്ഞാറൻ, കിഴക്കൻ ആഫ്രീക്കകളിൽ നടന്ന ഗവേഷണങ്ങൾക്കു അദ്ദേഹം മേൽനോട്ടം വഹിച്ചു. മുസ്ലീങ്ങൾ ക്രിസ്തീയ വിശ്വാസത്തിലേക്കു വരുന്നതു ഒരു മാതൃക കണ്ട് ആകർഷിച്ചിട്ടല്ല, ഒരു സഭയിലോ ക്രിസ്ത്യാനികളിലോ ആകർഷണിയരായിട്ടുമല്ല. എന്നാൽ അവർ പരിവർത്തന മാതൃകൾ പഠിക്കുന്നു. സഹമുസ്ലീങ്ങളുടെ വിശ്വസ്ത ഗ്രൂപ്പുകൾക്കുള്ളിൽ ഖുറാനിൽ പരാമർശിച്ചിട്ടുള്ളവരുടെ ബൈബിൾ കഥകൾ പഠിക്കുന്നു. അങ്ങനെ ക്രമേണ യേശു ക്രിസ്തുവിനെ രക്ഷകനായി സ്വീകരിക്കുന്നു.

സ്കൂൾ ഓഫ് വേൾഡ് വിഷനിൽ നിന്നു വിരമിച്ച ശേഷം റോബേർത്ത അവരുടെ കൊച്ചുമക്കളെയും മറ്റു സമർത്ഥരായ കുട്ടികളെയും ആ അദ്ധ്യായന വർഷം പാകിസ്ഥാൻ സ്കൂളിൽ പഠിപ്പിക്കുന്നതിനുള്ള അഭ്യർത്ഥന സ്വീകരിച്ചു. ഈ കാലഘട്ടത്തിൽ അമേരിക്കയിലും മറ്റു വിദേശ രാജ്യങ്ങളിലുമുള്ള മുസ്ലിങ്ങളുമായി സമാധാനം സ്ഥാപിക്കുന്നതിനു ഡഡ്‌ലി നല്ല വണ്ണം അദ്ധ്വാനിച്ചു. ഡഡ്‌ലി കഥ പറയുന്നതിൽ വേഗതയും അതിന്റെ കീർത്തി എടുക്കുന്നതിൽ സാവാധനതയും ഉള്ളവനായിരുന്നു. കിസ്ത്യാനികളും പശ്ചാത്യരും മുസ്ലിങ്ങളുമായി എങ്ങനെ ഇടപഴകുന്നു എന്ന ചർച്ചയെ സ്വാധിനിക്കുന്ന ദൗത്യങ്ങൾ അക്കാദമിക്, നയതന്ത്രങ്ങൾ എന്നിവയെ അദ്ദേഹം സ്വാധീനിച്ചിരുന്നു.

## ഇപ്പോഴും യാത്രയിലാണ്

ഡഡ്‌ലിയുടെ അവിശ്വസനീയമായ ജീവിതത്തിന്റെ കഥ അദ്ദേഹത്തിന്റെ പ്രവർത്തിയുടെ അസാധാരണമായ ആഴം മാത്രമാകുന്നു. അദ്ദേഹം ഒരു ഓർമ്മക്കുറിപ്പ് എഴുതുവാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. മൂന്നു രാജ്യങ്ങളിൽ മൂന്നു പ്രാവശ്യം അറസ്റ്റു ചെയ്യപ്പെട്ടു. കിട്ടുന്ന വാഹനത്തിൽ കയറി ന്യൂയോർക്കിലേക്കും ഇക്വഡോറിലേക്കും അവിടെ നിന്നു ഇറാനിലൂടെ പാകിസ്ഥാനിലേക്കും ഇന്ത്യയിലേക്കും യാത്ര ചെയ്തു. പനാമയിൽ നിന്ന് അമേരിക്കയിലേക്കു കപ്പൽത്തട്ടിലെ ജോലിക്കാരാനായി വേല ചെയ്തു. ബന്ധികളെ പ്രതിനിധീകരിച്ചു ചർച്ചകൾ നടത്തി. അഭ്യന്തര യുദ്ധങ്ങളിലൂടെയും വിപ്ലവങ്ങളിലൂടെയും കടന്നു പോയി. ഇതെല്ലാം തീർച്ചയായും ഒരു സാഹിത്യ സ്മരണക്കു അർഹമാണ്.

ഓ, ഇല്ല, ഡഡ്‌ലി തലയാട്ടി കൊണ്ടു പറയുന്നു. "എനിക്കു സമയമുണ്ടാകുമെന്നു കരുതുന്നില്ല, എനിക്കു വളരെയധികം ജോലി ചെയ്യുവാനുണ്ട്."

# അനുസോനായി സഭ ചരിത്രം



## ഡെങ്കണികോട്ടൈ റീജിയൻ
## തമിഴ്നാട് സോൺ

എഴുതിയത്: **ശ്രീമതി. ആഗ്നസ് എഡ്വേർഡ്**

### ആരംഭം

1983 ഏപ്രിലിൽ മിഷനറിമാരായ ശ്രീ. വി തോമസും ശ്രീമതി. വസന്ത തോമസും ചേർന്നാണ് ഡെങ്കണികോട്ടൈ മിഷൻ വയൽ ആരംഭിച്ചത്. അനേക ദൈവദാസന്മാർ സുവിശേഷത്തിന്റെ വിത്തു അനുസോനായി ഗ്രാമത്തിൽ വിതെച്ചെങ്കിലും ഫലം ലഭിച്ചത് 1983 ലാണ്. അനുസോനായി ഗ്രാമത്തിലെ ശ്രീ. വേണുഗോപാൽ തന്റെ ജീവിതത്തിൽ ദൈവീകമായ അത്ഭുതം അനുഭവിച്ചു.

***ശ്രീ. ഡേവിഡ് വേണുഗോപാൽ തന്റെ ജീവിതത്തിലെ അത്ഭുതാനുഭവം വിവിരിക്കുന്നു.***



"ഞാൻ അനുസോനായി ഗ്രാമത്തിലെ ഡേവിഡ് വേണുഗോപാൽ ആകുന്നു. മിഷനറി ശ്രീ. വി. തോമസിലൂടെ ഞാൻ യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചു. ഇതിനു മുമ്പ് പല ദൈവദാസന്മാർ ഞങ്ങളുടെ ഗ്രാമത്തിൽ സുവിശേഷം പ്രസംഗിച്ചെങ്കിലും അന്നൊന്നും ഞാൻ ക്രിസ്തുവിനെ സ്വീകരിച്ചില്ല. ഞങ്ങളുടെ ഗ്രാമത്തിൽ ഞാൻ ഒരു ചായക്കട നടത്തുകയായിരുന്നു. എന്റെ ഒരു കൈ തളർന്നു പോയതിനാൽ കടക്കു വെളിയിൽ ഞാൻ ഒരു കട്ടിലിൽ കിടക്കുകയായിരുന്നു. മിഷനറി. ശ്രീ. വി തോമസ് ചായ കുടിക്കുവാൻ ഞങ്ങളുടെ കടയിൽ വന്നു. അദ്ദേഹം എന്നെ കണ്ടു. എന്നോടു ക്രിസ്തുവിന്റെ സുവിശേഷം പങ്കുവെച്ചു. സുവിശേഷം ശ്രവിച്ച വേളയിൽ എന്റെ ഹൃദയത്തിൽ ആനന്ദം ഉരുവാകുകയും എന്റെ കയ്യുടെ ബലഹീനത സുഖമാകുകയും ചെയ്തു. ഞങ്ങൾക്കു താൽപര്യമുണ്ടെങ്കിൽ ഞായറാഴ്ച ആരാധനയിൽ വരുവാൻ തോമസ് സഹോദരൻ ഞങ്ങളെ ക്ഷണിച്ചു. എന്റെ അമ്മ ബാംഗ്ലൂരിൽ നിന്നും ഇഞ്ചക്ഷൻ കൊണ്ടുവരിക പതിവായിരുന്നു. ആ ദിവസം എന്നോടു ഇഞ്ചക്ഷൻ എടുക്കുവാൻ അമ്മ ആവശ്യപ്പെട്ടെങ്കിലും എനിക്കു സൗഖ്യം ലഭിച്ചു എന്നു പറഞ്ഞ് ഞാൻ അത് നിരസിച്ചു. അടുത്ത ദിവസം പ്രഭാതത്തിൽ അമ്മ ഇതേകാര്യം ആവശ്യപ്പെട്ടു ഞാൻ പഴയ മറുപടി തന്നെ പറഞ്ഞു. മുമ്പ് എന്റെ കയ്യുടെ വേദന കാരണം എല്ലാ ദിവസവും ചാരായം കുടിക്കുക പതിവായിരുന്നു. എന്നാൽ എനിക്കു സൗഖ്യം ലഭിച്ചതിനു ശേഷം ഞാൻ അത് ഉപേക്ഷിച്ചു. ആ ഞായറാഴ്ച മുതൽ ഞങ്ങൾ മുഴു കുടുംബവും (ഞാനും എന്റെ അമ്മയും ഭാര്യയും മക്കളും)

കേലമംഗലത്തുള്ള ആരാധനയിൽ പതിവായി സംബന്ധിക്കുവാൻ തുടങ്ങി. ബേച്ചമുഗിലാലത്തു വെച്ചു ഞങ്ങൾ കുടുംബമായി സ്നാനപ്പെട്ടു.

ഞാൻ ലിംഗായത്ത് സമുദായത്തിൽ ഉള്ളവ നായതിനാൽ രണ്ടു മുന്നു ഗ്രാമത്തിലെ റാം, ഹനുമാൻ അമ്പലങ്ങളിലെ ഹൈന്ദവ പൂജാരി യായിരുന്നു. യേശുവിനെ രക്ഷിതാവായി സ്വീക രിച്ചതിനാൽ ഞാൻ പൂജകൾ ചെയ്യുന്നത് നിർ ത്തി. അതു കണ്ട കർത്താവ് എനിക്കു 1984 മുതൽ റെയിൽവെയിൽ ജോലി തന്നു. അതിനു മുമ്പ് ഞങ്ങൾക്ക് സ്വന്തമായി ഭൂമിയില്ലായിരു ന്നു. ഇപ്പോൾ ഞങ്ങൾ വസ്തു വാങ്ങി'.

***ശ്രീ. രാമമൂർത്തി മാത്യു.***



'ഞാൻ അനുസോനായി ഗ്രാമത്തിലാണ് താമസി ക്കുന്നത്. 1995 ൽ എന്റെ അമ്മ എന്നെ ഹൊസു റിലുള്ള ഒരു ക്രിസ്തീയ ബാലഭവനത്തിൽ ചേർത്തു. അവധിക്കാലത്തു ഞാൻ നാട്ടിൽ വന്നപ്പോൾ രോഗിയായി തീർന്നു. എന്റെ അമ്മ എന്നെ സർക്കാർ ആശുപത്രിയിൽ കൊണ്ടു പോയി. അവിടുത്തെ ഡോക്ടർ അമ്മയോടു എന്നെ സ്വകാര്യ ആശുപത്രിയിൽ കൊണ്ടു പോ കുവാൻ ആവശ്യപ്പെട്ടു. അമ്മയുടെ കൈയ്യിൽ പണമില്ലായിരുന്നു. എന്തു ചെയ്യണമെന്നറി യാതെ ഭാരപ്പെട്ടു. ഞാൻ ക്രീസ്തീയ ബാലഭവ നത്തിലാണ് പഠിച്ചതെങ്കിലും എനിക്കു ക്രിസ്തു വിനെ അറിയില്ലായിരുന്നു. കാരണം ഞാൻ ഒരു ചെറു ബാലനായിരുന്നു. ഒരു വിശ്വാസി അമ്മയോടു ക്രിസ്തുവിനെ കുറിച്ചു പറഞ്ഞു യേശുവിനോടു പ്രാർത്ഥിക്കുവാൻ ആവശ്യ പ്പെട്ടു. അപ്പോഴേക്കും എന്റെ വയറു വീർത്തു വിസർജ്ജിക്കുവാൻ കഴിയാത്ത അവസ്ഥയിലായി. എന്റെ അമ്മ യേശുവിനോടു പ്രാർത്ഥിച്ചു കർത്താവ് അത്ഭുതകരമായി എന്നെ സൗഖ്യമാ ക്കി. എന്റെ അമ്മ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. പിന്നാലെ ഞാനും കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചു. അനുസോനായി സഭയിൽ വെച്ചു ഞാൻ സ്നാനപ്പെട്ടു. ഞാൻ ഒരു ഹൈന്ദവ പെൺകുട്ടിയെ വിവാഹം കഴിച്ചു. എന്നാൽ അവളും യേശുവിനെ സ്വന്ത രക്ഷിതാ വായി സ്വീകരിച്ചു'.

***ശ്രീ. ചന്ദ്രൻ***



'ഞാൻ അനുസോനായിക്കു സമീപമുള്ള ചിക്കനകുന്ത ഗ്രാമത്തിൽ വസിക്കുന്ന ചന്ദ്രൻ ആകുന്നു. എന്റെ വിവാഹത്തിനു ശേഷം എന്റെ ഭവനത്തിൽ എപ്പോഴും വഴക്കായിരുന്നു. എന്റെ സ്നേഹിതനായ അങ്കരാജ് എന്നോടു യേശു വിനെ കുറിച്ചു പറഞ്ഞു. അവൻ എന്നെ കേല മംഗലത്തുള്ള അസ്സംബ്ലീസ് ഗോഡ് സഭയിൽ കൂട്ടി ക്കൊണ്ടു പോയി. അവിടെയുള്ള ആരാധന യോഗത്തിൽ ഞാൻ പതിവായി സംബന്ധിക്കു വാൻ തുടങ്ങി. ഞാൻ യേശുവിനെ സ്വന്തരക്ഷി താവായി സ്വീകരിച്ചു സ്നാനപ്പെട്ടു. എന്റെ ഭാര്യ ആരാധനയിൽ എന്നോടൊപ്പം സംബന്ധിച്ചില്ല. ഒരു നാൾ ഞാൻ അനുസോനായി ഗ്രാമത്തിൽ ഒരു നിർമ്മാണ വേലയോടുള്ള ബന്ധത്തിൽ വന്നു. അവിടെവെച്ചു എനിക്കു നെഞ്ചു വേദന അനുഭവപ്പെട്ടു. പെട്ടെന്നു ഞാൻ ഈ സഭയിൽ വന്നു ദൈവത്തോടു പ്രാർത്ഥിച്ചു സൗഖ്യം പ്രാ പിച്ചു. അതിനു ശേഷം ഞാൻ എ ജി സഭയിൽ ചെല്ലുമ്പോൾ ഈ സഭയെ കുറിച്ചു ഓർക്കും. ഇത് എനിക്കു സമീപമായതിനാൽ ഞാൻ ഈ സഭയിലെ ആരാധനയിലും പങ്കെടുക്കുവാൻ തുടങ്ങി. എന്റെ ഭാര്യ ആരാധനയിൽ സംബന്ധി ക്കുവാൻ തയ്യാറായില്ല. ഞാൻ അവൾക്കു വേണ്ടി ദൈവത്തോടു പ്രാർത്ഥിച്ചു കൊണ്ടിരുന്നു. ദിവ സങ്ങൾ കടന്നു പോയപ്പോൾ അവളും എന്നോടു കൂടെ ആരാധനയിൽ സംബന്ധിക്കുവാൻ തുട ങ്ങി. അവൾ യേശുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചു. FMPB സഭയിൽ സ്നാനപ്പെട്ടു. പാ

സ്റ്റർ രജ്ജിത് കുമാറാണ് അവളെ സ്നാനപ്പെടുത്തിയത്".

## സഭയുടെ വളർച്ച

അനുസോനായി ഗ്രാമത്തിലെ വിശ്വാസികൾ ആദ്യനാളുകളിൽ ആരാധനയിൽ സംബന്ധിച്ചത് ആറു കിലോമീറ്റർ അകലെയുള്ള കേലമംഗലം സഭയിൽ ആയിരുന്നു. 1984 മുതൽ അനുസോനായി ഗ്രാമത്തിലെ ആദ്യ വിശ്വാസിയായ ശ്രീ.ഡേവിഡ് വേണു ഗോപാലിന്റെ ഭവനത്തിൽ ആരാധന യോഗം ആരംഭിച്ചു. മിഷനറി ശ്രീ. വി. തോമസാണ് ആരാധന യോഗം ആരംഭിച്ചത്. പത്തുപേരാണ് ആരാധന യോഗത്തിൽ പങ്കെടുത്തിരുന്നത്. അനുസോനായിലെ വിശ്വാസികൾ, ബന്ധനത്തിലും രോഗത്തിലും കഴിഞ്ഞിരുന്ന വിശ്വാസികളെ ആരാധന യോഗത്തിൽ കൂട്ടിക്കൊണ്ടുവന്നു. അവർ അത്ഭുത സൗഖ്യവും വിടുതലും പ്രാപിച്ചു. ശ്രീ. വി തോമസിനു സ്ഥലം മാറ്റം ഉണ്ടായതിനെ തുടർന്നു 1988 മുതൽ മിഷനറി ശ്രീ. രാജൻ ആൻഡ്രൂസ് ഡെങ്കണികോട്ടൈ മിഷൻ വയലിന്റെ ചുമതല ഏറ്റെടുത്തു.

## ഡെങ്കണികോട്ടൈ മിഷൻ വയൽ വിഭാഗിച്ചു

1989 ൽ മിഷനറി രാജൻ ആൻഡ്രൂസിനു പകരം മിഷനറി പോൾ നാഗരാജിനെ ഡെങ്കണികോട്ടൈ മിഷൻ വയലിൽ നിയമിച്ചു. ഡെങ്കണികോട്ടൈ മിഷൻ വയൽ കേലമംഗലം, ഡെങ്കണികോട്ടൈ എന്നിങ്ങനെ രണ്ടായി വിഭാഗിച്ചു. ശ്രീ. പോൾ നാഗരാജൻ കേലമംഗലം മിഷൻ വയലിന്റെ ചുമതല ഏറ്റെടുത്തു. ഈ മിഷൻ വയലിലാണ് അനുസോനായ് സഭ പ്രവർത്തിക്കുന്നത്.

## ദൈവലായ നിർമ്മാണം

ആദ്യവിശ്വാസിയായ ശ്രീ. വേണു ഗോപാലിന്റെ ഹൃദയത്തിലെ തിവ്രമായ അഭിലാഷമായിരുന്നു സ്വന്ത ഗ്രാമമായ അനുസോനായിൽ ഒരു ദൈവാലയം വേണമെന്നത്. കാരണം കേലമംഗലം ഗ്രാമം ദൂരവും അവിടേക്കു പോകുവാൻ ബസ് സൗകര്യകളും ഇല്ലായിരുന്നു. 1999 ൽ തന്റെ പത്തു സെന്റ് വസ്തു FMPB ക്കു സംഭാവനയായി നൽകി. അനുസോനായ് സഭയിലെ വിശ്വാസികൾ അനുസോനായി, ചിക്കനകുന്ത എന്നീ ഗ്രാമങ്ങളിൽ നിന്നുള്ളവർ ആയിരുന്നു. അംഗങ്ങൾ ലിംഗായത്ത്, ആദി ദ്രാവിഡർ എന്നീ ജാതിക്കൂട്ടങ്ങളിൽ നിന്നുള്ളവരായിരുന്നു. സഭക്കു ക്രൈസ്റ്റ് ചർച്ച് എന്ന പേർ നൽകി. 1999 ൽ ദൈവാലയത്തിനു അടിസ്ഥാന ശിലയിട്ടു. ഇത് ACC മേൽക്കൂരയുള്ള 40 X 20 അടി വലിപ്പമുള്ള ദൈവാലയം ആണ്. 5.12.1999 ൽ ഈ ദൈവാലയത്തിന്റെ പ്രതിഷ്ഠാ ശുശ്രൂഷക്കു ശ്രീ. വരദരാജൻ, ഫീൽഡ് മിഷനറി ശ്രീ. റവ. പോൾ നാഗരാജൻ എന്നിവരുടെ സാന്നിധ്യത്തിൽ പിന്നീട് ജനറൽ സെക്രട്ടറിയായ റവ. ജോൺ കൃപാകരൻ നേതൃത്വം നൽകി. ദൈവാലയ സമർപ്പണ ശുശ്രൂഷയിൽ 150 പേർ പങ്കെടുത്തു. 14.1.2009 ൽ പ്രാർത്ഥനയോടെ കുഴിച്ച കുഴൽ കിണറിൽ നിന്നു ദൈവാലയത്തിനാവശ്യമായ വെള്ളം ലഭിക്കുന്നു. ഈ സഭയിൽ ഏകദേശം 110 സ്നാനപ്പെട്ട അംഗങ്ങളുണ്ട്.

## എതിർപ്പ്

വേനൽ കാലമായിരുന്നതിനാൽ ദൈവാലയത്തിന്റെ തറയുടെ പണി രാത്രിയിലാണ് ചെയ്തത്. അതിനാൽ ഗ്രാമ വാസികൾ ഇത് കള്ളത്തരത്തിലുള്ള പണിയാണെന്നു പറഞ്ഞ് മിഷനറി വേണുഗോപാലനെ അസഭ്യം പറഞ്ഞു. പ്രഭാതത്തിൽ ശ്രീ. പോൾ നാഗരാജനും വിശ്വാസികളും സമീപത്തെ പോലീസ് സ്റ്റേഷനിൽ പരാതി നൽകി. എതിർ കക്ഷികൾ ഇനി ഒരിക്കലും ഉപദ്രവക്കില്ലെന്നു പോലീസ് സ്റ്റേഷനിൽ രേഖാമൂലം ഉറപ്പു കൊടുത്തു. ചുറ്റു മതിൽ പണിയുന്നതിനായി സംഘടിപ്പിച്ച ഇഷ്ടികകൾ രാത്രിയിൽ മോഷ്ടിച്ചു കൊണ്ടുപോയി. ദൈവാലത്തിന്റെ ചുറ്റുപാടും താമസിക്കുന്ന 12 കുടുംബം ദൈവാലയ നിർമ്മാണത്തെ എതിർത്തു. അവർ വേലക്കാരെ തടയുവാൻ ശ്രമിച്ചു.

## പ്രാർത്ഥന വിഷയങ്ങൾ

1. ആദ്യവിശ്വാസിയുടെ പിന്മാറ്റത്തിലായ മകൻ കർത്താവിങ്കലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക.
2. അനുസോനായി സഭയിൽ ത്രീയേക ദൈവത്തിന്റെ നാമത്തിൽ സ്നാനപ്പെട്ടവർ, വിശ്വാസ ജീവിതത്തിൽ തണുത്തു പോയവർ ആത്മീക ഉണർവ്വ് പ്രാപിച്ച് ആരാധന യോഗത്തിൽ സ്ഥിരമായി സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ജൂൺ 1 ശനി

### ജന്മദിനാശംസകൾ

സുകന്തി ബത്തുൽ,
ഊർമ്മിള ബൻ, വിനയരാജ് എം,
വസാവ പച്ചിയബായി,
കമലേശ് സിങ്കാബായി,
ബോയ ദേവുബായി ഗഞ്ജുബായി,
റെയിച്ചൽ ജോയ്സ്, ഗവിത് ജമുബൻ,
ക്രൂന്താഞ്ജലി പായ്ക്ക്,
വസാവ സുനിൽ കുമാർ,
ബോർസാത് ബാബുബായി,
വസാവ രമേശ്ബായി,
പ്രിതി ബല പ്രധാൻ, സൗമി ഏബ്രഹാം,
ഹോശിയാൽ നായക്ക്,
കോക്കാനി ഭാരതിബൻ,
യാദവ് സരസ്വതിബഹൻ,
വസാവ ആജുബായി,
ബോടാർ അമൃത് ബായി
സർക്കാർ രാമേഷ് ബായി
ജയന്തി കാർത്തികേയൻ
ലാമാനി രത്ന ജലീൻ ജയ പ്രദ,
കുമാരൻ ജി, തിമ്മാന @ തിമോത്തി,
സുനന്ത കുൽക്കർണി,
മീനാഖി ബീറോ,
വസാവ അരവിന്ദ് കാലുസിങ്,
തദ്വി മനിഷ ഹനിയ,
ജയറാണി സുകിൻലാൽ, പവാർ ദിനേശ്
ഗോണ്ട് ദേവു വിശ്രാം,
റാന്ധെ ലക്ഷ്മിബൻ നവാസുബായി

## ജമ്മു

**നൗഷേര : സിയാൻലങ്താങ് സൗ & ലിങ്നെയ്ഹോയ്; സൈക് സുബാനി & എമി ബാക്കിയ**

ഡക്രി ഗ്രാമത്തിലെ വിശ്വാസികൾ സംഘടിപ്പിച്ച സ്തോത്ര ആരാധനയിൽ ഗ്രാമത്തിലുള്ള അനേകർ പങ്കെടുത്തു അവരോടു സുവിശേഷം പങ്കുവെച്ചു. ജോകപി ഗ്രാമത്തിലെ പുതിയ വിശ്വാസി മുസ്കാൻ ദേവിയുടെ ഉദരത്തിലെ നീർവീക്കം പ്രാർത്ഥനയിലൂടെ സൗഖ്യമായി. നുനിയാൽ ഗ്രാമത്തിലെ സീതളിനെ സുഖ പ്രസവം നൽകി ദൈവം അനുഗ്രഹിച്ചു. എതിർപ്പുകളിലൂള്ള മേഖലയിലൂടെ സഞ്ചരിക്കുന്ന മിഷനറിയെയും സുവിശേഷകരെയും കർത്താവ് പരിപാലിക്കുന്നു.

ഉടനെ നടത്തുവാനുദ്ദേശിക്കുന്ന സുവിശേഷ പ്രചരണം അനുഗ്രഹമാകേണ്ടതിനായി പ്രാർത്ഥിക്കുക. കായ് ഗ്രാമത്തിലെ പുതിയ വിശ്വാസി രവീന്ദ്രന്റെ വായിലെ കാൻസർ സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. ആരാധനയിൽ സംബന്ധിക്കുവാൻ പാടില്ലെന്നും സംബന്ധിച്ചാൽ അതിന്റെ ഭവിഷത് അനുഭവിക്കേണ്ടി വരുമെന്നും ഗ്രാമ പഞ്ചായത്ത് ഭീഷണിപ്പെടുത്തിയിരിക്കുന്ന ദരിയാല ഗ്രാമത്തിലെ വിശ്വാസികൾ വിശ്വാസത്തിൽ ഉറെച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### വിശ്വാസത്തോടു കൂടിയ പ്രാർത്ഥന ബലഹീനപ്പെട്ട അവയവങ്ങളെ ബലപ്പെടുത്തി.

ഹിമാചൽ പ്രദേശിലെ രൊഹ്റു മിഷൻ വയലിലെ സീർസിങ് ഗുപ്ജഹ, പാൽ വിറ്റാണ് ഉപജീവനം നടത്തിയത്. അവരുടെ പശു സമീപത്തുള്ള മൈതാനത്തു പോയി തീറ്റ തിന്നു മടങ്ങിവരിക പതിവായിരുന്നു. ഒരു ദിവസം പശു തീറ്റ തിന്നിട്ടു മടങ്ങിവന്നു എന്നാൽ പശുവിനു എഴുന്നേറ്റു നിൽക്കുവാൻ കഴിയുന്നില്ല. സീർസിങിന്റെ ഉദ്യമങ്ങൾ പരാജയപ്പെട്ടു. ഗുരുതരാവസ്ഥ മനസ്സിലാക്കിയ ദമ്പതികൾ അവരുടെ ഏക ഉപജീവന മാർഗ്ഗമായതിനാൽ പശുവിനെ എഴുന്നേല്പിക്കുവാനുള്ള എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടപ്പോൾ അവർ പശുവിന്റെമേൽ വെള്ളം തളിച്ച് പ്രാർത്ഥിക്കുവാൻ തുടങ്ങി. പ്രാർത്ഥനയെ തുടർന്നു അല്പ നേരത്തിനുള്ളിൽ പശു അത്ഭുതകരമായി എഴുന്നേറ്റു പഴയതു പോലെ തീറ്റ തിന്നുവാൻ ആരംഭിച്ചു. ഈ അത്ഭുത സംഭവം ദമ്പതികൾ സഭാ ആരാധനയിൽ സാക്ഷ്യമായി പറഞ്ഞു ദൈവത്തെ മഹത്വപ്പെടുത്തി.

ജൂൺ
2
ഞായർ

## ജന്മദിനാശംസകൾ

സോമാ ബായി വാലു ബായി,
ബിഭാബ പാനി, സുന്ദർ ദുരൈ വൈ,
സുനിൽ പ്രസാദ് സിങ്, വിമല പീറ്റർ പ്രഭാകരൻ,
വസാവ സുനിത ബൻ, ശിവഗാമി സ്റ്റീഫൻ,
നിഷ ആനന്ദൻ, ജോത്സന ജറാൾഡ് സേവ്യർ

### നാരോട്: ജീവർ ജോശ്വ & ക്ഷത്രിയം പ്രീയ ദേവി

തഗുവേൽ, മിസെക്, പത്തിയാത്രി എന്നീ ഗ്രാമങ്ങളിൽ പുതിയ വിശ്വാസികളെ ലഭിച്ചു. ജിംസാക് ഗ്രാമത്തിലെ നേസയുടെ പിതാവ് മുമ്പ് നേസയെ ആരാധനയിൽ സംബന്ധിക്കുന്നതിനു അനുവദിക്കയില്ലായിരുന്നു. എന്നാൽ ഇപ്പോൾ അദ്ദേഹത്തിന്റെ മനസ്സ് മാറി നേസയെ ആരാധനയിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നു. അമൃത് - ഉഗാഡി എന്നിവരുടെ കുടുംബത്തിലെ ശണ്ഠ ഒത്തു തീർപ്പിലായി അവർ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. മൂന്നു മാസം ശമ്പളം ലഭിക്കാതിരുന്ന സന്നി ബായിക്കു ദൈവം പ്രവർത്തിച്ചു കുടിശ്ശിഖ സഹിതം ശമ്പളം ലഭിച്ചതിന്റെ സാക്ഷ്യം സഭയിൽ പ്രസ്താവിച്ചു.

ഒമ്പതു വയസ്സുള്ള ദീപികയുടെ ശരീരമാസകലം ത്വക്കിലുണ്ടായ അണുബാധയാൽ കഷ്ടപ്പെടുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. റീനയുടെയും മുകേഷിന്റെയും കുടുംബ പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക പണ്ഡിത് സമുദായത്തിൽ നിന്നു എതിർപ്പു നേരിടുന്ന സോനാത്തലെ ഗ്രാമത്തിലെ സീമയ്ക്കും കുടുംബത്തിനുമായി പ്രാർത്ഥിക്കുക. അവൾക്കു ആരാധനയിൽ സംബന്ധിക്കുവാൻ കഴിയുന്നില്ല. ദൈവം വഴി ഒരുക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ജമ്മു റീജിയൻ

### വസാവെ ഏലേശ് പ്രഭു & സുനിത വാച്ചിയ

മൂന്നു ഗ്രാമങ്ങളിൽ സുവിശേഷ പ്രഘോഷണം നടത്തി 247 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. ന്യൂമോണിയാൽ കഷ്ടപ്പെട്ട ഹേമങ്ങിനെ പക്ഷാഘാതം വന്നു ആശുപത്രിയിൽ പ്രവേശിപ്പിച്ചു ചികിത്സിച്ചു. പ്രാർത്ഥനയുടെ ഫലമായി സൗഖ്യം ലഭിച്ചു. സെന്റർ യൂണിവേഴ്സിറ്റിയിൽ പഠിക്കുന്ന ആന്ധ്ര പ്രദേശിലെയും കേരളത്തിലെയും ക്രിസ്തീയ വിദ്യാർത്ഥികൾ എന്റെ ഭവനത്തിലെ കൂട്ടായ്മ യോഗത്തിലൂടെ മറ്റുള്ളവരെ ക്രിസ്തുവിനായി നേടുന്നതിനു ആവശ്യമായ സഹായങ്ങൾ നൽകുന്നു. യേശുവിനെ രക്ഷിതാവായി സ്വീകരിച്ച കരംചന്ദ് മയക്കു മരുന്നിന്റെ ആസക്തിയിൽ പിന്മാറ്റത്തിലേക്കു പോയെങ്കിലും അവൻ തന്റെ തെറ്റു ഏറ്റുപറഞ്ഞു ക്രിസ്തുവിങ്കലേക്കു തിരികെ വന്നു.

ബത്വാൽ, മാഹാസ, ഭഗത് എന്നീ ജാതിക്കൂട്ടങ്ങൾക്ക് സുവിശേഷത്തോടു താൽപര്യം ഉണ്ടാകേണ്ടതിനും അവരുടെ മദ്ധ്യേ സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. പിന്മാറ്റ ജീവിതം നയിക്കുന്നവർ വിശ്വാസത്തിലേക്കു തിരികെ വന്നു മറ്റുള്ളവരെ തങ്ങളുടെ സാക്ഷ്യത്തിലൂടെ രക്ഷയിലേക്കു നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷം ഗ്രഹിക്കുകയും യേശുവിൽ വിശ്വാസിക്കുകയും ചെയ്യുന്ന റാണിയ, നാഗരോത്ത, റായമോർഗ് എന്നീ ഗ്രാമങ്ങളിൽ ആരാധനക്കൂട്ടം ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ജൂൺ**

# 3

**തിങ്കൾ**

## ജന്മദിനാശംസകൾ

എഡ്വേർഡ് സാം, വേദിയപ്പൻ എൽ,
പോൾ ദാനിയേൽ വി, വിജയകുമാർ കെ,
രാസ്മിത പരിദ, ബാല മുരുകൻ വി,
യേശുമണി മയിൽസ്വാമി,
ബ്ലസൺ വെസ്ലി പി, രൂപ കുമാരി പ്രശാന്ത്,
അന്തോണി രാജം കെ, ആശപ്രഭത,
വാൽവി എജു അരവിന്ദ

### രാംഘട്

**ജോൺ എസങ് & ലിബെനി എസങ്**

നാലു ഗ്രാമങ്ങളിൽ സത്സാംഗ് പ്രോഗ്രാം സംഘടിപ്പിച്ചു. മൂന്നു ഗ്രാമങ്ങളിലുള്ള 380 വ്യക്തകളോടു സുവിശേഷം പങ്കുവെച്ചു. മൂന്നു പേർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പ്രാർത്ഥനക്കൂട്ട നേതാക്കന്മാരുടെ പരിശീലനം, കുട്ടികളുടെ ക്യാമ്പ്, അന്വേഷക ക്യാമ്പ് എന്നിവ സംഘടിപ്പിച്ചു. ആളാം പ്രതി സുവിശേഷ വേലയുടെ പരിശീലനത്തിന്റെ ഭാഗമായി വിശ്വാസികൾ അവരുടെ ബന്ധുക്കളോടു സുവിശേഷം പങ്കുവെച്ചു.

റെമ്ദ ഗ്രാമത്തിലെ വിനയ് നമ്മുടെ വിശ്വാസികളെ അവരുടെ ഗ്രാമത്തിൽ പ്രവേശിക്കുവാൻ അനുവദിക്കുന്നില്ല. നമ്മുടെ സുവിശേഷീകരണ പ്രവർത്തനത്തെയും തടയുന്നു. ഇവന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. കരോദേവി മോന, മജ്ജു, ബിന്ദു, ഗീത, കല്പന എന്നിവർ തങ്ങളുടെ ജീവിതത്തിൽ രൂപാന്തിരം നൽകിയ വിശ്വാസത്തെ ധീരതയോടെ മറ്റുള്ളവരോടു പങ്കുവെക്കുന്നു. രാജി, രാധ എന്നിവർ ക്രിസ്തുവിൽ പുതു ജീവിതം അനുഭവിക്കുന്നു. യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറുന്നതിനു തയ്യാറെടുക്കുന്നു. അവരുടെ വിശ്വാസത്തെ എതിർക്കുന്ന സ്വന്തക്കാരെ അവർ ഭയപ്പെടുന്നു. ഈ ഭയത്തിൽ നിന്നും അവർ മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. പ്യാരയുടെ തൊണ്ടക്കുണ്ടായ കാൻസർ രോഗം സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക.

## ഹിമാചൽ പ്രദേശ്

### അന്നി

**ജിൻസ്വാം & ചിങ് ഹോയ്കിം**

മൂന്നു ഗ്രാമങ്ങളിലുള്ള 280 പേരോടു സുവിശേഷം പ്രഘോഷിച്ചു. രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു സഭയിലെ അംഗങ്ങളായി. നമ്മുടെ വിശ്വാസികളായ ദീപക്കിനും ഗ്ലോറിക്കും മക്കളെ നൽകി ദൈവം അനുഗ്രഹിച്ചു. സുവിശേഷം പ്രഘോഷിച്ച ഗ്രാമത്തിൽ അഞ്ചു സ്നേഹിതരെ ലഭിച്ചു. ബന്ധലിൽ ഉള്ള നമ്മുടെ വിശ്വാസി മുങ്ക റാമിനും മകനും ബേക്കറി തുടങ്ങുന്നതിനു ബാങ്കു വായ്പ ലഭിച്ചു.

സരിത, സാനു എന്നിവർക്കു സുഖ പ്രസവം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. സീത റാം പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബക്കരാമിന്റെ കോടതിയിലുള്ള കേസിൽ അവനു അനുകൂലമായ തീർപ്പ് ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റ ജീവിതം നയിക്കുന്ന തലറു റാം, ചിന്ത, ദേവ് മണി, കല ദേവി, രക്ഷ, സമത് റാം, ഷീല, ശ്യാമുൻ ദേവി, മോന ലാൽ എന്നിവർ വിശ്വാസത്തിലേക്കു തിരികെവന്നു ആരാധന യോഗത്തിൽ സജീവമായി സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

ജൂൺ
4
ചൊവ്വ

## ജന്മദിനാശംസകൾ

ജമീമ ദാനിയേൽ, കരോടോ ബിശ്വോ രജ്ജൻ, എബി ജ്ഞാന സെലിൻ എസ്, വസാവ നിത കുമാരി, ജീവർ ജോയേശ്വ ഇ,

### ജീയോറി

**ജാംഘേലാങ്ഗാം & ഐറിൻ**

സുശീലയുടെ ശസ്ത്രക്രീയ വിജയകരമായിരുന്നു. ഏസാബ് എന്ന ബാലന്റെ കൈയ്യിലെ പൊട്ടൽ മൂന്നു പ്രാവശ്യം ചികിത്സിച്ചിട്ടും ശരിയായില്ല. നിരന്തരമായ പ്രാർത്ഥനക്കു ശേഷം നടത്തിയ നാലാമത്തെ ചികിത്സയിൽ അവന്റെ കൈക്കു പൂർണ്ണ സൗഖ്യം ലഭിച്ചു. ഓം പ്രാകാശ് - സ്വപ്ന കുടുംബത്തിൽ അനേക വർഷങ്ങൾക്കു ശേഷം ഒരു പൈതലിനെ നൽകി അനുഗ്രഹിച്ചു.

ബാസുവിന്റെ രണ്ടു ഭാര്യമാരും അവനെ ഉപേക്ഷിച്ചു പോയതിനാൽ കുടുംബത്തിലെ 15 അംഗങ്ങളുടെ ഉത്തരവാദിത്വം അവന്റമേൽ ആയി. അവൻ നൈരാശ്യത്തിൽ മദ്യപാനത്തിനടിമയായി തീർന്നു. അവൻ ദൈവത്തിങ്കലേക്കു മടങ്ങി വന്നു എല്ലാ പ്രശ്നത്തിനും പരിഹാരം കണ്ടെത്തേണ്ടതിനായി പ്രാർത്ഥിക്കുക. ജോലി നിമിത്തം ആരാധന യോഗത്തിൽ സംബന്ധിക്കുവാൻ കഴിയാത്തതിനാൽ വിശ്വാസികൾ ഏറെ മാനസിക സംഘർഷത്തിലാണ്. ഇവർക്കു ദൈവകൃപയാൽ ഒരു സ്ഥിര ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അതുലിന്റെ കുടുംബത്തിൽ മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### നെർവ:

**ഇമ്മാനുവേൽ ജപ & സംഗീത**

അഞ്ചു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. തൈര, ഡുങ്ക്ലെക്ക് എന്നീ ഗ്രാമങ്ങളിൽ വിശ്വാസികൾക്കെതിരായുള്ള എതിർപ്പിനാൽ ആലയത്തിൽ വരുവാൻ ഭയപ്പെട്ടിരുന്നവർ ഇപ്പോൾ ആരാധന യോഗത്തിൽ സംബന്ധിക്കുവാൻ തുടങ്ങി.

അതുൾ ഗ്രാമത്തിലെ കൈലാസ്, ലളിത് എന്നിവർ വിശ്വാസത്തിൽ നിന്നു പിന്മാറി. അവർ ഇപ്പോൾ തങ്ങളുടെ ഭാര്യമാരെ ആരാധനയിൽ സംബന്ധിക്കുന്നതിനു അനുവദിക്കുന്നില്ലെന്നു മാത്രമല്ല അവരെ മർദ്ദിക്കുകയും ചെയ്യുന്നു. ഇവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. പ്രവർത്തനത്തിന്റെ വിപുലീകരണത്തിനായി പരാനു ഗ്രാമത്തിൽ ഒരു മുറി വാടകയ്ക്കു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### റെക്കോങ്പിയോ

**എ ശങ്കർ & രൂത്ത് മേരി**

വിവിധ യോഗങ്ങളിലൂടെ 250 പേർ സുവിശേഷം ശ്രവിച്ചു. 225 സുവിശേഷ പ്രതികൾ ഈ യോഗങ്ങളിൽ വിതരണം ചെയ്തു. നമ്മുടെ വിശ്വാസികളുടെ മക്കളെ അവരുടെ പരീക്ഷ നല്ലവണ്ണം എഴുതുവാൻ ദൈവം സഹായിച്ചു.

റിപ്പ ഗ്രാമത്തിലെ ഭാഗ്യനാഥ് ഹൃദയ സംബന്ധമായ രോഗത്തിൽ നിന്നും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മുറാങ് ഗ്രാമത്തിൽ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുവാൻ തയ്യാറെടുക്കുന്നവർ വിശ്വാസത്തിൽ ഉറച്ചു നിന്നു രക്ഷിത ഗണത്തിലാകേണ്ടതിനായി പ്രാർത്ഥിക്കുക. പദ്ധതിയിട്ടിരിക്കുന്ന പ്രോഗ്രാമുകളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

**ജൂൺ**

**5**

**ബുധൻ**

ഉപവാസ പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

സുധാകരൻ ബി, എഫ്രയിം മല്ലി,
മായിൽസാമി ജോസഫ് റ്റി,
ബ്യൂല സുലോചന ജെ, ശങ്കർ എ
ശിവശങ്കരൻ @ ജപശീലൻ,
യെൽമുൽവാർ സ്വപ്നിൽ രാമലു,
രാമപുരം പെദേക്ക മാത്യു
നരേന്ദ്ര കുമാർ, പച്ചിഗൊല്ല പ്രവീൺ

### രൊഹ്റു

**ജോൺസൺ ശങ്കർ & ജപറാണി**

പ്രമോദിന്റെ പ്രാർത്ഥനയുടെ ഫലമായി ഒരു കഴുതയെ വാങ്ങുവാൻ ദൈവം കൃപ ചെയ്തു. അവന്റെ ഉപജീവന മാർഗ്ഗമായ വണ്ടി വലിച്ചു കൊണ്ടിരുന്ന കഴുതകളിൽ ഒന്നു ചത്തു പോയിരുന്നു. അക്കൻഷാ, പൂനം എന്നിവർ തങ്ങളുടെ ദുഷ്ട സ്വഭാവം ഉപേക്ഷിച്ചു. യുവജനക്യാമ്പ് വിജയകരമായി നടത്തി.

പിന്മാറ്റത്തിലായിരുന്ന അനൂപ്, സന്ദീപ് എന്നിവർ വിശ്വാസത്തിലേക്കു മടങ്ങി വരേണ്ടതിനായി പ്രാർത്ഥിക്കുക. പിതാവിന്റെ കാൻസറിനു ചികിത്സിക്കുവാൻ കരുതി വെച്ചിരുന്ന ഒന്നര ലക്ഷം രൂപ ഗേവിന്ദ് ദുഷിച്ച പ്രവർത്തികളിലൂടെ നഷ്ടപ്പെടുത്തി. അവന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

### കർസോങ്

**പവൻ കുമാർ & പ്രഭാഷിണി ദേവി**

റീയ, പ്രീതി എന്നിവർ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു വിശ്വാസികളുടെ ഗണത്തിലായി. ദൈവകൃപയാൽ കോട്ട് ഗ്രാമത്തിൽ ഒരു പുതിയ ആരാധനക്കൂട്ടം ആരംഭിച്ചു. ദൂരത്തുള്ള ഗ്രാമമായ തലോഗാറിൽ പുതിയ ബന്ധം സ്ഥാപിച്ചു.

സനജോലി, താലോഗാർ എന്നീ ഗ്രാമങ്ങളിൽ കൂടുതൽ സ്നേഹിതരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മുന്നോക്ക സമുദായത്തിൽ ഉള്ള ചില ആളുകളുടെ പ്രവർത്തികൾ അനേക ഗ്രാമങ്ങളിലുള്ള നമ്മുടെ വിശ്വാസികളെ ആശയകുഴപ്പത്തിലാക്കുന്നു. തിന്മ പ്രവർത്തികളിൽ നിന്നും അവർ പിന്മാറേണ്ടതിനായി പ്രാർത്ഥിക്കുക. ബസ്തപൂർ ഗ്രാമത്തിലെ വിശ്വാസികൾ ആരാധന യോഗത്തിൽ പങ്കാളിത്തം വഹിക്കുന്നു.

## ഒരു ധീരമായ സാക്ഷ്യം

ജമ്മുവിൽ നൗഷേര മിഷൻ വയലിലുള്ള തരിയാല ഗ്രാമത്തിലെ സോനുവിന്റെ ഭാര്യ മമത ദേവി പൈശാചിക ബന്ധനത്താൽ കഷ്ടപ്പെടുകയായിരുന്നു. ദുരാത്മാവിൽ നിന്നു വിടുതൽ തേടി ഇസ്ലാമിക ബാബമാരെ സമീപിച്ചു അവരുടെ ഉദ്യമം വിജയിച്ചില്ല. ഒടുവിൽ അവർ പ്രാർത്ഥനക്കായി നമ്മുടെ മിഷൻ വയലിലുള്ള വിശ്വാസികളെ സമീപിച്ചു. മമത ദേവിയുടെ വിടുതലിനായി വിശ്വാസികൾ നിരന്തരം പ്രാർത്ഥിച്ചു. ഏപ്രിൽ നാലാം തീയതി അവരുടെ ഭവനത്തിൽ വിശ്വാസികളെല്ലാം ചേർന്നു ഒരു പ്രാർത്ഥന നടത്തി. രാത്രി മുഴുവൻ പ്രാർത്ഥിക്കുവാൻ തീരുമാനിച്ചു. രാത്രി മുഴുവൻ ഉപവസിച്ചു പ്രാർത്ഥിച്ചപ്പോൾ മമത ദേവിയെ ദുരാത്മാവ് വിട്ടു പോകുന്നതിനു വിശ്വാസികൾ സാക്ഷ്യം വഹിച്ചു. മമത ആരോഗ്യമുള്ളവളായി മാറി. അടുത്ത ദിവസം സോനുവും കുടുംബവും യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു സ്നാനപ്പെട്ടു വിശ്വാസികളുടെ ഗണത്തിലായി. ഈ ധീരമായ പ്രവൃത്തി ഗ്രാമത്തിൽ കലഹമുണ്ടാക്കി. ഒരു കൂട്ടം ഗ്രാമവാസികൾ മിഷനറിമാർക്കെതിരായി എഴുന്നേറ്റു. എല്ലാം ശുശ്രൂഷകളും നിർത്തിവെക്കുവാൻ ആവശ്യപ്പെട്ടു. ഇവിടെ സോനു ധീരമായി എഴുന്നേറ്റു നിന്നു ദൈവം തന്റെ കുടുംബത്തിനു ചെയ്ത ആത്ഭുത പ്രവൃത്തി വിവരിച്ചു പറഞ്ഞു. അതു കേട്ട കൂട്ടം പിരിഞ്ഞു പോയി. അവർ നേരിട്ട വെല്ലുവിളിയുടെ മദ്ധ്യെ ദൈവനാമം മഹത്വപ്പെട്ടു!

ജൂൺ

6

വ്യാഴം

## ജന്മദിനാശംസകൾ

ഉദിപ്ത കുമാർ ബാഗ്, ശ്യാമള ഷാമിനി മാത്യു, പുഷ്പം മഹേന്ദ്രൻ, ബുക്കിയ ഝാൻസിബായ്, നത്തിയ എസ്

### റാമ്പൂർ

**ദൗ ജപൗ ഗുയ്തെ & ഫ്ളോറൻസ്**

ഏഴു ഗ്രാമങ്ങളിലുള്ള 748 പേർ സുവിശേഷം ശ്രവിച്ചു. നാലു പേർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. യുവജനങ്ങളുടെ പരിശീലന പ്രോഗ്രാം, കുട്ടികളുടെ ബൈബിൾ ക്ലബ്, അദ്ധ്യാപക പരിശീലന പ്രോഗ്രാം, വനിതകളുടെ പ്രാർത്ഥന യോഗം, വേദപഠന ക്കൂട്ടങ്ങൾ എന്നിവ അനുഗ്രഹ പ്രദമായി സംഘടിപ്പിച്ചു.

ഗർഭപാത്ര സംബന്ധമായ രോഗത്തിൽ നിന്നും പരിച്ചയെയും ഇടുപ്പ് എല്ലിന്റെ പ്രയാസത്തിൽ നിന്നും ശ്രീജനയെയും രക്താർബുദത്തിൽ നിന്നും മോത്തിലാലിനെയും കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. വർമ്മയുടെയും മീനയുടെയും കുടുംബ പ്രശ്നം പരിഹരിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. മാൻസിങിന്റെ മനസാന്തരത്തിനായി പ്രാർത്ഥിക്കുക. വിശ്വാസികളോടു ശത്രുത്വം പുലർത്തുന്ന സത്തറാമിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

### തണൈദാർ : ജപർസൺ & ഗായത്രി

നാലു ഗ്രാമങ്ങളിലുള്ള 134 പേരോടു സുവിശേഷം പ്രഘോഷിച്ചു. വിശ്വാസികളുടെ ക്യാമ്പിൽ 52 പേർ പങ്കെടുത്തു. കിങ്കാൽ ആരാധന യോഗത്തിൽ രണ്ടു പുതിയ വിശ്വാസികൾ യേശുവിലുള്ള വിശ്വാസം ഏറ്റു പറഞ്ഞു അംഗമായി ചേർന്നു. മദ്യാസക്തിയിൽ നിന്നും ഹീരയും പൈശാചിക ബന്ധനത്തിൽ നിന്നു മജ്ജുവും വിടുതൽ പ്രാപിച്ചു.

രണ്ടു മാസത്തിലൊരിക്കൽ എല്ലാ ആരാധനക്കൂട്ടത്തിലും വേദപഠന ക്ലാസ്സുകൾ നടത്തുന്നു. പൈശാചിക ബന്ധനത്തിൽ നിന്നും രാജ്കുമാർ വിടുതൽ പ്രാപിച്ചു. വിശ്വാസികളുടെ ക്യാമ്പിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. ശാന്തിയുടെ മകൾ സർക്കാർ ജോലിക്കായി ഒരുങ്ങുന്നു. അവൾ അതിൽ വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### പെരുമ്പാമ്പിനെ മെതിക്കും!

പശ്ചിമ ബംഗാളിൽ താപാൻ മിഷൻ വയലിലുള്ള നക്ഷോകാർ ഗ്രാമത്തിലെ പത്തു വയസ്സുള്ള ബാലികയാണ് ഗോൽബി മുർമ്മു. മൂന്നു വർഷം മുമ്പു പൈശാചിക ബന്ധനത്തിലായിരുന്ന ഗോൽബി അവളുടെ രക്ഷിതാക്കളെയും ഗ്രാമക്കാരെയും ഭീതിപ്പെടുത്തികൊണ്ടിരുന്നു. രക്ഷിതാക്കൾ അവളുടെ വിടുതലിനായി അവരാൽ കഴിയുന്ന എല്ലാ വിധ ശ്രമങ്ങളും നടത്തി. ഒന്നും ഫലകരമായില്ല. ഇതിനോടകം ഗോൽബിയുടെ പെരുമാറ്റം ആക്രമാ ശക്തമായി. അവൾ പാമ്പിനെ പോലെ ഇഴയുവാനും ശബ്ദമുണ്ടാക്കുവാനും ചുറ്റുപാടുമുള്ള വരെ ഉപദ്രവിക്കുവാനും തുടങ്ങി. നമ്മുടെ മിഷനറി അവരെ സന്ദർശിച്ചപ്പോൾ ഗോൽബിക്കു വേണ്ടി പ്രാർത്ഥിച്ചു. അധികാരത്തോടെ അവളെ വിട്ടു പോകുവാൻ പിശാചിനോടു യേശുവിന്റെ നാമത്തിൽ കൽപിച്ചു. ദുരാത്മാവ് അവളെ വിട്ടു പോയി. ഇന്ന് അവൾ സാത്താന്റെ ബന്ധനത്തിൽ നിന്നും സ്വാതന്ത്ര്യമുള്ളവളായി ഒരു സാധാരണ പെൺകുട്ടിയെ പോലെ ജീവിതം നയിക്കുന്നു. ഗോൽബിയുടെ കുടുംബാംഗങ്ങളെല്ലാം യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു വിശ്വാസ ജീവിതം നയിക്കുന്നു. ദൈവത്തിനു മഹത്വം!

ജൂൺ
7
വെള്ളി

## ജന്മദിനാശംസകൾ

എലിസബേത്ത് കരുണാകരൻ,
ഡെയ്സി യിസ്രായേൽ ദാനിയേൽ,
ഗമിത് സാരുബൻ, ആലിസ് ഷീബ

## പഞ്ചാബ്

### ബുധ്‌ലാട

**സജ്ജീബ് ആനന്ദ് & പ്രസ്തുതബതി; പ്രതാബ് റെഹാങ് & രശ്മി**

ആറു വ്യക്തികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു വിശ്വാസികളുടെ ഗണത്തിലായി. വിശ്വാസികളുടെ മക്കളായ സത്ബീർ കൗർ, രാമനിഥ് എന്നിവർ പത്താം ക്ലാസ്സിലെ പരീക്ഷയിൽ 80% മാർക്ക് കരസ്ഥമാക്കി. ഗുരുപ്രീത് – ബിബിരിതി കൗർ, ഇക്ബാർ സിങ് – റാണി കൗർ എന്നിവരുടെ കുടുംബങ്ങളിൽ അനേക വർഷങ്ങളായുള്ള വഴക്കുകൾ പ്രാർത്ഥനയിലൂടെ പരിഹരിക്കപ്പെട്ടു നിരപ്പു പ്രാപിച്ചു.

മണിക്കാലൻ പ്രദേശത്തു പ്രവർത്തിക്കുവാൻ സുവിശേഷകരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറിക്കു താമസിക്കുവാൻ യോജ്യമായ ഒരു വാടക വീടു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കരൾ സംബന്ധമായ രോഗത്തിൽ നിന്നും കാന്തപാന ഗ്രാമത്തിലെ അൽറാബ് സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൂർണ്ണ സമയ സുവിശേഷ വേലക്കായി സമർപ്പിക്കപ്പെട്ട സുനിൽ, സാധന എന്നിവരെ ശരിയായ സ്ഥലത്തു നിയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തൊണ്ടക്കുണ്ടായ കാൻസർ രോഗത്തിൽ നിന്നും ദുങ്ബാലി ഗ്രാമത്തിലെ ഗുൻമാന്ത് സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### അഹമ്മദ്ഗർ മാന്ദി

**കൃപ രക്ഷണ & ഷക്കീന**

കാവുനേരണ ഗ്രാമത്തിലെ ഗുരുപ്രീത്, അമൃതപാൾ എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. നമ്മുടെ വിശ്വാസികളുടെ മക്കളായ ശീഫാനി, കരൻ, ജെസ്സി എന്നിവർ പത്താം ക്ലാസ്സിലെ ബോർഡ് പരീക്ഷയിൽ ഉന്നത മാർക്ക് വാങ്ങി ജയിച്ചു. പിന്മാറ്റ ജീവിതം നയിക്കുന്ന പ്രേംജിത്ത് കൗർ, ബോലെ കൗർ എന്നിവർ മാനസാന്തരപ്പെട്ടു കർത്താവായ യേശുക്രിസ്തുവിലെ വിശ്വസത്തിലേക്കു തിരികെ വന്നു. വൃക്ക സംബന്ധമായ രോഗത്താൽ ഭാരപ്പെട്ട സുന്ദർപോൾ 40 ദിവസം ഉപവസിച്ചു പ്രാർത്ഥിച്ചു. ദൈവം പ്രാർത്ഥനയെ മാനിച്ചു അത്ഭുത സൗഖ്യം നൽകി.

നവജാതി ശിശുവിന്റെ മരണത്തിൽ ദുഃഖിക്കുന്ന മാതാവ് പ്രീതിയുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക.. 15 വർഷമായി ഒരു പൈതലിനു വേണ്ടി കൊതിയോടെ പ്രാർത്ഥിക്കുന്ന ഗുരുപ്രീതിനു ദൈവം ഒരു പൈതലിനെ നൽകി അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കുട്ടികളുടെ യോഗം, യുവജന യോഗം, ചെറിയ പ്രാർത്ഥന ക്കൂട്ടം എന്നിവ ഫലപ്രദമായി നടത്തി. വിദ്യാഭ്യാസമുള്ള ചെറുപ്പക്കാർ മുന്നോട്ടു വന്നു ഈ പ്രോഗ്രാമുകൾ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. ജാനി – റാണി എന്നിവരുടെ കുടുംബത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പ്രാർത്ഥനയാൽ പരിഹരിക്കപ്പെട്ടു അവരുടെ ഭവനത്തിൽ ദൈവം നൽകുന്ന സമാധാനം അനുഭവമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

ജൂൺ

8

ശനി

## ജന്മദിനാശംസകൾ

ജോൺ സുന്ദർ സിങ്, ദീപ്തിലാൽ മാലി,
എയ്ഞ്ചലിൻ ഗ്രേസ് ഡി,
തിലകവതി ത്യാഗരാജൻ,
സൗന്ദര്യ രേഖ വ്യാസു ബാബു

## ഉത്തർഘാണ്ട്

### കിച്ച

**ബീഭാബ പാനി & ബിത്തിക പാനി**

മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിചച്ചു. ഏഴു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. സുവിശേഷം പ്രഘോഷിക്കുന്നതിനും പ്രാർത്ഥന യോഗങ്ങൾ നടത്തുന്നതിനും അവസരം ലഭിച്ചു. ഡോരെഡാൻ പ്രദേശത്തെ ശുശ്രൂഷയെ സഹായിക്കുവാൻ പൂരൻ മുന്നോട്ടു വന്നു.

ഗുരുചരന്റെ വസ്തു നല്ല വിലക്കുവിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആകാശിന്റെ കുടുംബം വിശ്വാസത്തിൽ ശക്തിപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. ഉത്തർഘാണ്ടിലെ ശുശ്രൂഷക്കു ഇവിടെ നിലവിലുള്ള മതപരിവർത്തന ബിൽ തടസ്സമാകുന്നു. ദൈവം പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**മാൽധചൗർ: ഷിഷുപാൽ & അനിത**

ദേവിപുര, ഹത്തിയാർ പുര എന്നീ ഗ്രാമങ്ങളിലുള്ള 720 പേരോടു സുവിശേഷം പങ്കുവെച്ചു. എട്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ശരിനാഗി ഗ്രാമത്തിൽ പ്രജാപതി ജാതിക്കൂട്ടങ്ങൾക്കായി ആരാധന യോഗം ആരംഭിച്ചു. ഹർജിത് & മജീത് ഒന്നര വർഷത്തിനു ശേഷം രമ്യതയിലായി. വിജയ് കുമാറിന്റെ അധരത്തിലെ കാൻസർ പ്രാർത്ഥനയിലൂടെ സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവത്തിന്റെ അളവില്ലാത്ത കൃപയാൽ മോഹൻ നഗറിൽ മിഷൻ വയൽ തലത്തിലുള്ള യുവജന ക്യാമ്പ് സംഘടിപ്പിച്ചു.

ഖരെലപൂർ ഗ്രാമത്തിലെ ആരാധന യോഗം തടസ്സമില്ലാതെ നടക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും വിശ്വാസിയായ അഞ്ചൽ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സജ്ജന, പൗജ്, ബാഗവാൻ സിങ്, രാജ്വതോ കൗർ, പുഷോ കൗർ, മന്ദീപ്, ജസ്ലോ കൗർ എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

## ഹരിയാന

### ജീവൻ നഗർ

**ഏലിയാക്കിം ജന & ദീപിക**

നാലു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു ദൈവസഭയിലെ അംഗങ്ങളായി തീർന്നു. 18 ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. സോനുവിന്റെയും പ്രീതിയുടെയും നവജാത ശിശു ഗുരുതരാവസ്ഥയലായെങ്കിലും ദൈവത്തിന്റെ കൃപയാൽ പ്രാർത്ഥനയിലൂടെ സൗഖ്യം പ്രാപിച്ചു ഭവനത്തിൽ തിരികെ വന്നു.

തിക്കത്താന ഗ്രാമത്തിലെ വീർപാൽ കൗർ പൈശാചിക ബന്ധനത്തിൽ നിന്നും മുക്തയാകേണ്ടതിനായി പ്രാർത്ഥിക്കുക. ശാന്തി നഗർ, തബവാലി എന്നീ ഗ്രാമങ്ങളിൽ സഹായ കേന്ദ്രങ്ങൾ തുറന്നു. സുവിശേഷം പ്രഘോഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പദ്ധതിയിട്ടിരിക്കുന്ന സത്സാംഗ്, യുവജനക്യാമ്പ് എന്നിവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

ജൂൺ

9

ഞായർ

## ജന്മദിനാശംസകൾ

കോയിൽ പുഷപം എൽ,
ജോശില സുന്ദരി ബായി,
സെൽവമ്മാൾ സെൽവരാജ്
സാഗരിക പ്രധാൻ

### രത്തിയ

**കാർത്തികേയൻ & ജയന്തി**

ഏഴു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു സഭയിലെ അംഗങ്ങളായി. നമ്മുടെ മിഷൻ വയലിൽ സംഘടിപ്പിച്ച മൂന്നു ദിവസത്തെ ഉപവാസ പ്രാർത്ഥനയിൽ അനേക വിശ്വാസികൾ പങ്കെടുത്തു സ്വജനത്തിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. യുവജന ക്യാമ്പിൽ 60 പേർ പങ്കെടുത്തു.

കരൾ സംബന്ധമായ രോഗത്താൽ വലയുന്ന പരംജിത്തിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നും ദിങ്കു, പാപ്പി എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നടക്കുവാൻ കഴിയാത്ത സില്ല റാണിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## രാജസ്ഥാൻ

**സമരണ്യ: മീനുഗ അദൈഷ മാത്യു & രാമപുരം പെദക്ക ആശ**

പത്തിസിക്രി ഗ്രാമത്തിലെ ഒമ്പതു വയസ്സുള്ള രാധ അജ്ഞാത രോഗത്താൽ ശയ്യാവലംബയാണ്. പ്രാർത്ഥനയുടെ ഫലമായി ദൈവം അവളെ സൗഖ്യമാക്കി. അവൾ ഇപ്പോൾ എഴുന്നേറ്റു ഭക്ഷണം കഴിക്കുന്നു. ഈ അത്ഭുത സംഭവം കാരണം ബിലാല ജന സമുദായത്തിലെ അനേകരോടു സുവിശേഷം പങ്കുവെക്കുന്നതിനും അവരെ രക്ഷയിലേക്കു നയിക്കുന്നതിനും അവസരം ലഭിച്ചു. പത്തു കുടുംബങ്ങൾ അവരുടെ വീട്ടിൽ പതിവായി കൂടിവന്നു പ്രാർത്ഥിക്കുകയും സുവിശേഷം പങ്കുവെക്കുകയും ചെയ്യുന്നു. ഗോരി ഗ്രാമത്തിലെ അനേകരെ ക്രിസ്തുവിങ്കലേക്കു നയിച്ചു ദൈവരാജ്യം വിശാലമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

ബീലാല സമുദായത്തിൽ സുവിശേഷ വേല ചെയ്തു അതിന്റെ ഫലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സന്നദ്ധ സുവിശേഷകനായ കൈലാസിന്റെ വൃക്ക സംബന്ധമായ രോഗം സൗഖ്യമാകേണ്ടതിനും അവൻ ശുശ്രൂഷ തുടരേണ്ടതിനുമായി പ്രാർത്ഥിക്കുക. അനിത – രാമ്പ്രെ കുടുംബത്തിൽ മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗോരി ഗ്രാമത്തിലെ ദൈവാലയ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## വിടുവിക്കുന്ന ദൈവം

കരൾ വീക്കം, അടിവയറ്റിലുണ്ടായ കഠിന വേദന, ശർദ്ദിൽ, നെഞ്ചിലെ പുകച്ചിൽ എന്നീ രോഗങ്ങളാൽ ജാർഖണ്ഡിൽ മഹാരോ മിഷൻ വയലിലുള്ള ചത്താറ ഗ്രാമത്തിലെ പൂജയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു ഒരാഴ്ച ചികിത്സിച്ചു. അവൾ വീട്ടിൽ വന്നതിനെ തുടർന്നു വീണ്ടും രോഗം അവളെ അലട്ടി. രാത്രിയിൽ ഉറക്കമില്ലാതെ അപസ്മാര രോഗിയായി. അവൾ ഭവനത്തിനു പുറത്തു വന്നു ഒരു മനോരോഗിയെ പോലെ പെരുമാറുവാൻ തുടങ്ങി. നമ്മുടെ മിഷനറിമാർ അവളുടെ വിടുതലിനു വേണ്ടി ഒരാഴ്ച ഉപവസിച്ചു പ്രാർത്ഥിച്ചു. ദൈവം പ്രാർത്ഥന കേട്ടു. അത്ഭുതകരമാം വിധം അവളെ സൗഖ്യമാക്കി. സകല രോഗങ്ങളിൽ നിന്നും പൂർണ്ണ സൗഖ്യം പ്രാപിച്ച അവൾ ആരാധന യോഗങ്ങളിൽ സംബന്ധിച്ചു സാക്ഷ്യം പറയുന്നു. ഹല്ലെലുയ്യ!

## ജൂൺ 10 തിങ്കൾ

## ജന്മദിനാശംസകൾ

പോൾ രവി രാജ്, തോമസ് ആർ, നാഗരാജൻ എം, ഷെയ്ഷുൾ, രാജേശ്വരി പ്രധാൻ, നേത്രാവതി മുത്തുകുമാർ, പോളിൻ മേരി ജി

### ഹനുമാൻഘട്ട്

**മുധാവത്തു രാജു നായക് & ബുക്കിയ ജ്ഞാൻസി**

ഒരു വ്യക്തിയെ രക്ഷയിലേക്കു നയിക്കുവാൻ ദൈവം ഞങ്ങളെ സഹായിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സന്തോഷ് സിങ്, സാംഗുർസിങ് എന്നിവർ ദൈവകൃപയാൽ തങ്ങളുടെ ഭവനത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു. മാൻസിങ് ക്രിസ്തീയ വിശ്വാസത്തിൽ വരുന്നതിനു മുമ്പ് കൃഷിയിടത്തിൽ കുഴിച്ച കുഴൽ കിണറ്റിൽ വെള്ളം ലഭിച്ചില്ല. എന്നാൽ ഇന്ന് അദ്ദേഹം ആത്മാർത്ഥമായി പ്രാർത്ഥിച്ചിട്ടു വിശ്വാസത്തോടെ കുഴിച്ച കുഴൽ കിണറ്റിൽ കൂടുതൽ ആഴത്തിൽ ചെല്ലുന്നതിനു മുമ്പ് വെള്ളം ലഭിച്ചു.

പിന്മാറ്റത്തിലായ ഗോകുൽബായി മാനസാന്തരപ്പെട്ടു വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. സുക്കമാനുവിനു NEETപരീക്ഷയിൽ നല്ല മാർക്കു ലഭിക്കേണ്ടതിനും മെഡിക്കൽ സീറ്റു ലഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. വിനോദിന്റെ മകൾക്കു ദൈവഭയമുള്ള ഒരു വരനെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിവാഹത്തിനുള്ള ഒരുക്കങ്ങൾ നടത്തിയ സോണിക്കു പെട്ടെന്നു നെഞ്ചു വേദനയനുഭവപ്പെട്ടു. പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### ഖെർവാഡ

**ദേവുബായി ഭോയ & ജമുബൻ**

36 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു ദൈവസഭയിലെ അംഗങ്ങളായി. നാലു ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. മിഷനറി ഷിഫാലി ഹസ്തക്കു ഒരു ആൺ കുഞ്ഞിനെ നൽകി ദൈവം അനുഗ്രഹിച്ചു. പദുന ഗ്രാമത്തിൽ ആദ്യമായി ക്രിസ്തീയ വിവാഹം നടത്തി. മനിഷ ജിത്തുവിനു ഏഴു വർഷത്തെ കാത്തിരിപ്പിനു ഒടുവിൽ ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. ദരിയാത്തി ഗ്രാമത്തിലെ പർവത്, ഭവനത്തിൽ നിന്നു കാണാതെ പോയി നമ്മുടെ പ്രാർത്ഥനയാൽ നാലു മാസത്തിനു ശേഷം സുരക്ഷിതയായി തിരികെ വന്നു. നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി മാനസിക രോഗിയായ നാരായണിനെ കർത്താവ് സൗഖ്യമാക്കി.

ബാലിചാന്ദ, ഹേരവാട എന്നീ ആരാധനക്കൂട്ടത്തിനെതിരെയുള്ള എതിർപ്പുകൾ ഇല്ലാതാകേണ്ടതിനും വിശ്വാസികൾ കഷ്ടതയിൽ പ്രത്യാശ കണ്ടെത്തേണ്ടതിനുമായി പ്രാർത്ഥിക്കുക. കഠിനമായ നെഞ്ചു വേദനയാൽ കഷ്ടപ്പെടുന്ന സജൈജ, ബരുത്തി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അനേക വർഷങ്ങളായി തലമുറകൾക്കു വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്ന നാരായണ മാധ, കുഷ, സുമിത്ര, കരിഷ്മ, ജുയ്ലി, നിർമ്മല, വാജ എന്നീ കുടുംബങ്ങളിൽ മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ധാനോയ്, നയ തലാബ്, നനോദ, കായ, ബാരപാൽ എന്നീ ഗ്രാമങ്ങളിൽ ആരാധനക്കൂട്ടം ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്താലും രോഗത്താലും അനേകർ കഷ്ടപ്പെടുന്നു. അവരുടെ വിടുതലിനായി പ്രാർത്ഥിക്കുക.

ജൂൺ
11
ചൊവ്വ

## ഉദൈപൂർ

**ആശീഷ് കുമാർ & സവിത ദേവി**

രണ്ടു ഗ്രാമങ്ങളിലുള്ള 160 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. ഖാരിയപാല ഗ്രാമത്തിലെ ആരാധന യോഗത്തിൽ വിശ്വാസികൾ തുറന്ന മനസ്സോടെ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. പൈശാചിക ബന്ധനത്താൽ കഷ്ടപ്പെട്ട മാർത്ത, ലീല, രാശീല, പുഷ്പ എന്നിവരെ കർത്താവ് അത്ഭുതകരമായി വിടുവിച്ചു. രശ്മിക്കു സുഖ പ്രസവത്താൽ ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. കാൻസർ രോഗത്തിൽ നിന്നു ഗീതക്കും രാജ്കുമാറിനും ദിവ്യ സൗഖ്യം ലഭിച്ചു. കഠിനമായ ഉദരവേദനയാൽ കഷ്ടപ്പെട്ട ലളിതയെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി.

നമ്മുടെ പ്രാദേശിക സുവിശേഷകന്റെ കുടുംബത്തെ ദൈവം ശക്തമായി ഉപയോഗിക്കുന്നു. അവർ അനേകരെ ക്രിസ്തുവിങ്കലേക്കു നയിക്കുന്നു. പുതിയ വിശ്വാസിയായ ഗീതയുടെ രക്തസ്രാവ രോഗം സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. വസാല ഗ്രാമിത്തിലെ തറ നിരപ്പു വരെ പണിപൂർത്തീകരിച്ച ദൈവാലയത്തിന്റെ ബാക്കി പണി വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കേൾവി ശക്തിയില്ലാത്ത എട്ടു വയസ്സുള്ള പൂർണിമയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

# ഉത്തർപ്രദേശ്

## ഗോണ്ട ബാല ഭവനം :

**ഓം പ്രകാശ് ഗുപ്ത & തുമ്പ ചൗദരി**

നമ്മുടെ ബാലഭവനത്തിലെ കുട്ടികൾക്കായി പതിവായി ആത്മീക യോഗങ്ങളും വേദപഠന ക്ലാസ്സുകളും നടത്തുന്നു. അനേക പുതിയ ഗ്രാമങ്ങൾ സന്ദർശിച്ചു സുവിശേഷം പങ്കുവെക്കുവാൻ അവസരം ലഭിച്ചു. ബാലഭവനത്തിൽ പഠിക്കുന്ന എല്ലാ കുട്ടികളും വാർഷീക പരീക്ഷയിൽ നല്ല മാർക്കു വാങ്ങി അടുത്ത ക്ലാസ്സിലേക്കു പ്രവേശനം ലഭിച്ചു. പനി, ത്വക്കു രോഗം തുടങ്ങി വിവിധ രോഗങ്ങളാൽ കഷ്ടപ്പെട്ട ബാലഭവനത്തിലെ കുട്ടികളെ എല്ലാവരെയും കർത്താവ് സൗഖ്യമാക്കി.

നിഷി ബാബു, സുമത് എന്നിവർ പന്ത്രണ്ടാം ക്ലാസ്സിലെ പരീക്ഷക്കു നല്ല മാർക്കു വാങ്ങി ജയിച്ചു. വിദ്യ റാമിന്റെ മാതാവിനെ പൈശാചിക ബന്ധനത്തിൽ നിന്നും ദൈവം വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. എന്റെ ഭാര്യാ പിതാവിന്റെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. മൂലക്കുരു നിമിത്തം രക്തസ്രാവം ഉണ്ടായ അഭിഷേക്, ദേവ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഹെർണിയ രോഗത്തിൽ നിന്നും ദീപക് സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ലക്നൗ ഹോക്കോടതിയിൽ ഉള്ള ബാലഭവനത്തിന്റെ വസ്തു സംബന്ധമായ കേസിൽ നമുക്കു അനകൂലമായ വിധി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ ബാലഭവനത്തിൽ നമ്മെ വിശ്വസ്തനായി സഹായിക്കുന്ന സുന്ദർലാൽ ഉയർന്ന രക്തസമ്മർദ്ദത്താൽ വലയുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മുട്ടു വേദനയിൽ നിന്നു എന്റെ ഭാര്യ സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ജൂൺ 12 ബുധൻ

ഉപവാസ പ്രാർത്ഥന ദിനം

### ജന്മദിനാശംസകൾ

മോങ്ക്വായി ഫോം ബി, പ്രിൻസി സാം പോൾ,
വസാവ തോമസ് ബായി,
മധു സുമിത പാനി,
അജിത് പാണ്ഡ്യൻ സി

### ഘാട്ടംപൂർ: ജങ്കോലുനൻ തൗതാങ് & ന്ഗൈതിയാൻചിങ്

എതിർപ്പു നിമിത്തം ഒരു വർഷത്തോളം അടച്ചിട്ടിരുന്ന ബാവൻ ഗ്രാമത്തിലെ ആലയം വീണ്ടും തുറന്നു ആരാധന യോഗങ്ങൾ നടത്തുവാൻ തുടങ്ങി. അനേക വിശ്വാസികൾ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. സരസൂൾ ഗ്രാമത്തിൽ സുവിശേഷത്തെ എതിർത്തിരുന്ന ജഗദേശ് മാനസാരപ്പെട്ടു സഭ ആരാധനയിൽ പതിവായി സംബന്ധിക്കുന്നു. നമ്മുടെ സ്വദേശ സുവിശേഷകനു ഇരു ചക്ര വാഹന അപകടത്തിൽ പരുക്കുപറ്റി ചികിത്സിച്ചു കർത്താവ് സൗഖ്യമാക്കി.

ഘാട്ടംപൂർ ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വ്യാജക്കേസിൽ കുടുക്കി നമ്മുടെ മൂന്നു വിശ്വാസികളെ ജയിലിൽ ഇട്ടിരിക്കുന്നു. അവരുടെ മോചനത്തിനായി പ്രാർത്ഥിക്കുക. പീഡനം നമിത്തം നമ്മുടെ മൂന്നു ദൈവാലയങ്ങൾ പൂട്ടി. വ്യാജക്കേസിൽ കുരുക്കിയ ബിനയെ അതിൽ നിന്നും കർത്താവ് രക്ഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളുടെ വീടുകളിലെ പ്രാർത്ഥന യോഗം ഭംഗിയായി നടക്കുന്നു. ഉപദ്രവങ്ങളിൽ വിശ്വാസികൾ വചനത്തിൽ നിലനിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### കാൺപൂർ റീജിയൻ

#### മോങ്‌വായ് ഫോം & നിഷ ഫോം

14 ഗ്രാമങ്ങളിലുള്ള 1671 പേരോടു സുവിശേഷം പങ്കുവെച്ചു. 33 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു സാഹചര്യം പ്രതികൂലമായിട്ടും അവർ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു സഭയിലെ അംഗങ്ങളായി. സഭാമൂപ്പന്മാരുടെ മൂന്നു പരിശീലന പ്രോഗ്രാം, രണ്ട് സ്ഥലത്തു യുവജന യോഗങ്ങൾ, ഒമ്പതിടത്തു സ്ത്രീകളുടെ യോഗങ്ങൾ, അഞ്ച് സ്ഥലത്തു അന്വേഷക ക്യാമ്പുകൾ, സുവിശേഷകരുടെ മൂന്നു ദിവസ കുടുംബ സംഗമം എന്നിവ വിജയകരമായി നടത്തി. ഗോണ്ട ബാല ഭവനത്തിലെ നിഷു ബാബു, സുമിത് കുമാർ എന്നിവർ പന്ത്രണ്ടാം ക്ലാസ്സിലെ പരീക്ഷയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. നമ്മുടെ സുവിശേഷകൻ കമലിന്റെ അമ്മയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

വിശ്വാസികളുടെ മക്കൾക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബഹുവ, ജഹനബാദ്, ഘാട്ടംപൂർ, ബാവൻ, മാഹെന എന്നീ ഗ്രാമങ്ങളിൽ ആരാധന യോഗങ്ങൾ നടത്തുന്നതിനെതിരെ സുവിശേഷ വിരോധികൾ ഉരുവാക്കിയ തടസ്സങ്ങൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ സുവിശേഷകൻ ശ്യാം സുന്ദറിൻ, ജയലാൽ, നമ്മുടെ മിഷനറി ജാങ്കോലൗൻ എന്നിവർക്കെതിരായ കേസ് തള്ളിക്കളയേണ്ടതിനായി പ്രാർത്ഥിക്കുക. പ്രേം നഗറിൽ യാദവ ജനവിഭാഗത്തിനായി നടത്തുന്ന സത്സാംഗ് പ്രോഗ്രാം ഫലം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. ബാർപുട, രാജ്പൂർ എന്നീ ആരാധനക്കൂട്ടങ്ങൾ പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കഠിനമായ വേനലിൽ മിഷനറിയെയും കുടുംബത്തെയും കർത്താവ് സംരക്ഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ജൂൺ**

# 13

**വ്യാഴം**

## ജന്മദിനാശംസകൾ

ഗെദ്ദാം ശ്രീനിവാസ റാവു
ജപറാണി ജോൺസൺ
സാഗരിക മോഹിനിമാല ബീറോ

### സിക്കന്ദ്ര

**പച്ചിയ ഭായി & സവിത ബൻ**

130 വ്യക്തികളോടു സുവിശേഷം അറിയിച്ചു. ഒരു ഗ്രാമത്തിലൂടെ സുവിശേഷം പ്രഘോഷിച്ചു. നരസിഹ പൂർ ഗ്രാമത്തിലെ മുന്നി ദേവിക്കു അജ്ഞാത കാരണങ്ങളാൽ ഉണ്ടായ രോഗം ദാരിദ്ര്യം നിമിത്തം ചികിത്സിക്കുവാൻ പ്രാപ്തിയില്ലായിരുന്നു. അവളുടെ കണ്ണിന്റെ ശസ്ത്രക്രീയ സൗജന്യമായി നടത്തി. ദൈവാലയം പണിയുവാൻ വസ്തു ദാനമായി നലകിയ ഭൂവുടമയെ സുവിശേഷ വിരോധികൾ ഭീഷണിപ്പെടുത്തി വസ്തു തിരികെ വാങ്ങുവാൻ ആവശ്യപ്പെട്ടെങ്കിലും അദ്ദേഹം തന്റെ തീരുമാനത്തിൽ ഉറച്ചു നിന്നു.

ബാദ്പൂര, രാജ്പൂർ എന്നീ ഗ്രാമത്തിലെ ആരാധന യോഗങ്ങൾ പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബാലഹ്റാമു, ഷൈനിപൂർ എന്നീ ആരാധനക്കൂട്ടങ്ങളുടെ വളർച്ചക്കായി പ്രാർത്ഥിക്കുക.

## മദ്ധ്യപ്രദേശ്

### അലിരാജ്പൂർ:

**സോമാബായി വി ഗംഗോട & നീരുബൻ**

ഏഴു ഗ്രാമങ്ങളിലുള്ള 340 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. ഈ പുതിയ വ്യക്തികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്നു. രംഘിത ബൻ ശരീര വേദനയിൽ നിന്നും സൗഖ്യം പ്രാപിച്ചു.

വാവി, ബിൽസാരി, പിപ്രിയ എന്നീ ഗ്രാമങ്ങളിൽ പുതിയ പ്രാർത്ഥനക്കൂട്ടങ്ങൾ ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ചന്നോട്ട ഗ്രാമത്തിൽ നടത്തുവാനുദ്ദേശിക്കുന്ന വിശ്വാസ പ്രഖ്യാപന യോഗത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നും അലോക് കുമാർ, ഹിമൻസു എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ധാർ

**സന്തു മാറാണ്ടി & രാഖി മാറാണ്ടി**

കരോൻടിയ, ബോൺത്താലെ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 69 പുതിയ വ്യക്തികൾ സുവിശേഷം ശ്രവിച്ചു. ബന്ദിഖാർ, സെമൽദ, ഖാർ, സുന്ദരേൽ എന്നീ ഗ്രാമങ്ങളിലെ വേദപഠന ക്ലാസ്സ് ഭംഗിയായി പുരോഗമിക്കുന്നു. തദ്പാനി ഗ്രാമത്തിലെ ജിതെന്റെ സഹോദരൻ ക്ഷയ രോഗത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഒമ്പതു വയസ്സുള്ള ബാദലും അവന്റെ അമ്മാവനും മോട്ടർ സൈക്കിളിൽ നിന്നും താഴെ വീണെങ്കിലും നിസ്സാര പരുക്കുകളോടെ ദൈവം അത്ഭുതകരമായി സംരക്ഷിച്ചു.

ഉമർബാൻ പ്രദേശത്തും മാനവാർ തഹസിൽ റീജിയനിലും സുവിശേഷം അറിയിക്കുന്നതിനു ദൈവീക വഴിനടത്തൽ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റ ജീവിതം നയിക്കുന്ന ബാഹാരിയും ഭാര്യയും വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. കഠിനമായ മുട്ടുവേദനയാൽ വലയുന്ന മജ്ജുവിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

ജൂൺ

# 14

വെള്ളി

## ജന്മദിനാശംസകൾ

ലാൽമണി ഡിഗാൽ

## ബീഹാർ

### റാണിഗഞ്ച്

**ആനന്ദൻ എം & നിഷ**

മുഷഹാർ ജനസമൂഹത്തിന്റെ മദ്ധ്യത്തിലെ ശുശ്രൂഷക്കായി ദൈവത്തെ സ്തുതിക്കാം. പൈസ ഗ്രാമത്തിൽ നടത്തുന്ന ആരാധന യോഗ ത്തിൽ മൂഷഹാർ ജനവിഭാഗത്തിന്റെ ഇടയിൽ നിന്നും നല്ലൊരു കൂട്ടർ സംബന്ധിക്കുന്നു. മാന്തോഷിന്റെ ഭാര്യ അഞ്ചലിയുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക.

ഗർഭ പാത്ര സംബന്ധമായ രോഗ ത്തിൽ നിന്നും മജ്ഗാമ ഗ്രാമ ത്തിലെ പ്രീയങ്ക ദേവിയുടെ സൗഖ്യ ത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും സച്ചിൻ കുമാർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർ ത്ഥിക്കുക. മുഷഹാർ ജനങ്ങൾ കൂടുത ലായുള്ള ഖാശ്ബ പ്രദേശത്തു നമുക്കു പുതിയ സ്നേഹിതരെ ലഭിച്ചു.കാഷ്ബ, ഝാലാഗാർ, ശ്രീനഗർ, ധാമധ എന്നീ ഗ്രാമങ്ങളിൽ സുവിശേഷ പ്രഘോഷണ ത്തിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## അസം

### ജോറൈ

**സുനിൽ പ്രസാദ് & ജോയ് ബല്ല**

ബോറാങ്, ഡെലിജിങ് എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിച്ചു. ലൈമാക്പൂരിയിൽ പുതിയ വ്യക്തികൾ ആരാധനയോഗത്തിൽ സംബന്ധിക്കു ന്നു. മൂന്നു ദിവസത്തെ ഉപവാസ പ്രാർ ത്ഥനയിൽ ധാരാളം പേർ സംബന്ധിച്ചു.

അനേക നാളുകളായി രോഗ ത്താൽ കഷ്ടപ്പെടുന്ന റീമ, സി നീറാം എന്നീ കുടുംബങ്ങളെ കർത്താവ് സൗഖ്യമാക്കേണ്ടതിനായും പരിശു ദ്ധാത്മ പ്രേരിതരായി അവർ സഭാ ആരാധനയിൽ സംബന്ധിക്കേണ്ടതി നായും പ്രാർത്ഥിക്കുക. മദ്യത്തിന്റെ അടിമത്വത്തിൽ നിന്നും ദുഷിച്ച കൂട്ടു കെട്ടിൽ സഭാമൂപ്പന്മാർ വിടുതൽ പ്രാപി ക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഗോഹ്പൂർ

**നാഥൻ കുമാർ ബബർത്ത & നിരുപമ ബബർത്ത**

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നമ്മുടെ ശുശ്രൂഷയുടെ മുന്നേറ്റത്തിനായി സന്നദ്ധസുവിശേഷ കരും പ്രാദേശിക സുവിശേഷകരും എടുക്കുന്ന ഉദ്യമങ്ങൾ വിജയിക്കേണ്ടതി നായി പ്രാർത്ഥിക്കുക. നമ്മുടെ മിഷന റിയുടെ മകൾ നാൻസി അവളുടെ പ രീക്ഷ നല്ലവണ്ണം എഴുതി.

നമ്മുടെ സന്നദ്ധ സുവിശേഷകൻ ലൈലകാന്ത പച്ചങിന്റെ സൗഖ്യ ത്തിനായി പ്രാർത്ഥിക്കുക. യേശുക്രി സ്തുവിലുള്ള വിശ്വാസം നിമിത്തം സുനില മില്ലിയായെ എതിർക്കുന്ന പിതാവ് യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സന്നദ്ധ സുവിശേഷകൻ നുനു പെഗു, സഭാമൂപ്പൻ നിരോൺജിത്, വിശ്വാസിക ളായ രാജ കുതും, സിബോസൺ, ജൂറി, സോനായ് പെതഗിരി എന്നീ കുടുംബ ങ്ങളിൽ മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ജൂൺ**

# 15

**ശനി**

## ജന്മദിനാശംസകൾ

എനാസ് ഐലീൻ ചന്ദ്രൻ,
പുനിത മെയിൻരാജ്, അരുളാനന്ദം എം,
ലത ഐസക്ക്,
മറിയാൾ കുമാരവേൽ,ജോതി പെഗു,
ആൽബി ഹരീസ്, പൊന്നു സ്വാമി എസ്,
ഡേവിഡ് എസ്, ദെബദത്ത ലിമ,
ഹോസെൻ ജറായ്, സെൽവി ഭരതൻ

## ജാർഖണ്ഡ്

### അമലഗാച്ചി: ഗജൻ ചമ്പ്രമേരി & റോഷില മോച്ചഹാരി

നാലു വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു പരസ്യമായി വിശ്വാസ പ്രഖ്യാപനം നടത്തി. ഒരു വിശ്വാസിയുടെ വിവാഹം ക്രൈസ്തവ രീതിയിൽ നടത്തി. വിശുദ്ധ വിവാഹം ദൈവീക മാർഗ്ഗത്തിൽ നടത്തുന്നതെങ്ങനെയെന്നു സമൂഹത്തിനു സാക്ഷ്യമായി തീർന്നു.

യേശുവിനെ രക്ഷിതാവായി സ്വീകരിച്ചവർ വിശ്വാസ ജീവിതത്തിൽ വളർന്ന് ആത്മീക പക്വത പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഞങ്ങളുടെ ഗ്രാമത്തിലെ കുളം വറ്റിവരണ്ടതിനാൽ അതു നികത്തേണ്ടതിനായി പ്രാർത്ഥിക്കുക. ചൻപഹാർ ഗ്രാമത്തിൽ ആരംഭിച്ച പുതിയ ഭവന ആരാധന സ്ഥിരമായി നടക്കേണ്ടതിനായി പ്രാർത്ഥിക്കുക. വേനൽക്കാല ചൂടിൽ നിന്നും സംരക്ഷണവും ഈ പ്രദേശത്തിനു ആവശ്യമായ കുടിവെള്ളവും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവവചനം ശ്രവിച്ചവരുടെ ഉള്ളിൽ ദൈവാത്മാവ് പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ജാമ
### മുന്ന മൊഹന്ദിയാർ & സുമിതദാസ്

17 ഗ്രാമങ്ങളിലുള്ള ഏകദേശം 1950 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. 21 പേർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു വിശ്വാസികളുടെ ഗണത്തിലായി. ഗ്രാമ സുവിശേഷീകരണ പരിശീലനം പൂർത്തീകരിച്ച രണ്ടു കുടുംബത്തെ കീരബാനിയിൽ നിയമിച്ചു.

കുടിയേറ്റ തൊഴിലാളികളായി മറ്റിടങ്ങളിലേക്കു പോയ വിശ്വാസികളുടെ സുരക്ഷിതത്വത്തിനും അവർ വിശ്വാസത്തിൽ ക്ഷീണിക്കാതിരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ക്രിസ്തുവിലുള്ള വിശ്വാസം നിമിത്തം ഉപദ്രവം നേരിടുന്നവർ കർത്താവിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രാദേശിക സുവിശേഷകർ വേദപുസ്തക പരിജ്ഞാനത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക.

## ദൈവം ആസാദ്ധ്യ കാര്യങ്ങൾ ചെയ്യുന്നു.

ജാർഖണ്ഡിൽ മഹാരോ മിഷൻ വയലിലുള്ള മെസിലിറ്റി ഗ്രാമത്തിലെ 65 വയസ്സു പ്രായമുള്ള സാമ്പ്രിദേവിയുടെ എട്ടു വയസ്സുള്ള മകൻ 30 വർഷം മുമ്പ് രോഗത്താൽ മരിച്ചു പോയിരുന്നു. അന്നു മുതൽ അവൾ മാനസിക രോഗിയായി. ഭർത്താവ് ഉപേക്ഷിച്ച് ദുരാത്മാവ് ബാധിച്ചവളായി അലഞ്ഞു തിരിഞ്ഞു നടക്കുവാൻ തുടങ്ങി. മിക്കവാറും സെമിത്തേരികളിലാണ് വാസം. അവളെ പല മന്ത്രവാദികളുടെ അടുക്കൽ കൊണ്ടു പോയെങ്കിലും ഒരു പ്രയോജനവും ഉണ്ടായില്ല. സഭ കുടുംബമായി അവളെ സന്ധിച്ചു അവളോടു സുവിശേഷം പങ്കുവെച്ചു. അവർ അവൾക്കു വേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിച്ചു. അവരുടെ പ്രാർത്ഥന കേട്ടു ദൈവം മനസ്സലിഞ്ഞു. 30 വർഷം അവളെ കഷ്ടപ്പെടുത്തിയ ദുരാത്മാവ് അവളെ വിട്ടുപോയി. അവൾ പൂർണ്ണ സ്വാതന്ത്ര്യമുള്ളവളായി. കഴിഞ്ഞ ഉയിർപ്പു ഞായറാഴ്ച അവൾ യേശുവിലുള്ള വിശ്വാസം പരസ്യമായി പ്രസ്താവിച്ചു സഭയിലെ അംഗമായി. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ.

## ജൂൺ 16 ഞായർ

### ജന്മദിനാശംസകൾ

ജോൺസൺ ശങ്കർ ഐ,
സുശീല വിജയകുമാർ,
ബിനിത് പ്രസാദ് ഭരതൻ,
എലിയ ചന്ദ്രൻ എസ്

**തേലോ: അരുളാനന്ദം & ലിസ**

42 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു സഭയിലെ അംഗങ്ങളായി. റോൻസാര ഗ്രാമത്തിലെ മീലിമ മുർമ്മു പൈശാചിക ബന്ധനത്തിൽ നിന്നും മുക്തയായി. അവൾക്കു പരീക്ഷ നല്ലവണ്ണം എഴുതുവാൻ സാധിച്ചു. തലപുരി ഗ്രാമത്തിലെ കാളി ഭക്തയായ സോഗാഗിനി വീട്ടിൽ പൂജ നടത്തുന്ന വേളയിൽ കുഴഞ്ഞു വീണു. മൂന്നു മണിക്കൂറിനു ശേഷം നമ്മുടെ വിശ്വാസികളുടെ പ്രാർത്ഥനയാൽ ബോധം വന്നു. ജീറുൾ ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം ആരംഭിച്ചു. അപകടത്തിൽ തോളെല്ലിനു പൊട്ടലുണ്ടായ മുറുമ്പിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

പൈശാചിക ബന്ധനത്തിൽ നിന്നും സോഗാഗിൻ ബസ്കി വിടുതൽ പ്രാപിക്കേണ്ടതിനും അവന്റെ കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. രണ്ടു കുട്ടികൾക്കു അപകടമരണം സംഭവിച്ച മർക്കൂസ് ഹെബ്രത്തിന്റെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. ദിദ്രിയ, ദുദുവ, രങ്കമത്തിയോ എന്നീ ഗ്രാമങ്ങളിലെ ദൈവാലയ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അധരത്തിൽ കാൻസർ ബാധിച്ച പുരോമില ഹസ്താക്കിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സുവിശേഷ എതിർക്കുന്ന മന്ത്രവാദികളായ സജ്ജലി മുർമ്മു, മസ്രഗുരി ബൻസ്താക്, ലുക്കിറാം മുർമ്മു, ഹബുകിസ്കു എന്നിവർ മാനസാന്തരപ്പെട്ടു യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ലാൽമട്ടിയ: അമരേന്ദ്രിൻ & ഗൗരമ്മ**

പത്തു ഗ്രാമങ്ങളിൽ സുവിശേഷ യോഗം നടത്തി. അഞ്ചു സ്ഥലത്തു നടത്തിയ ജീസസ് ഫിലിം പ്രദർശനം 1372 പേർ കണ്ടു. 13 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മൂന്നു പുതിയ കുടുംബം ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. മൊങ്കൽ മാറാണ്ടിക്കു രാത്രിയിലുണ്ടായ തീവ്രമായ നെഞ്ചു വേദന നമ്മുടെ പ്രാദേശിക സുവിശേഷകന്റെ പ്രാർത്ഥനയാൽ സൗഖ്യമായി. മസ്തിഷ്ക മലേറിയായിൽ നിന്നും പുൽബേറാവു, നെഞ്ചു വേദനയിൽ നിന്നും ബലാസി മുർമ്മു, വിട്ടുമാറാത്ത തലവേദനയിൽ നിന്നും ജിർലി ഗ്രാമത്തിലെ സിവാനി എന്നിവരെ കർത്താവ് സൗഖ്യമാക്കി.

ക്ഷയ രോഗത്താൽ കഷ്ടപ്പെടുന്ന എലിസബേത്ത്, സജ്ജുല മുർമ്മു, പ്രദീപ്, മാനസിക രോഗത്താൽ വലയുന്ന പാപിൽ ബസ്കി, തലബാബു, അപസ്മാര രോഗികളായ രോഷൻ ടുഡു, ജോഹാൻ മിത്ര, കാലിൽ നീർവിക്കമുള്ള ബിത്തിബായി, കേൾവി ശക്തിയില്ലാത്ത ബിദിയ മാറാണ്ടി, കാലിന്റെ എല്ലിൽ പൊട്ടലുണ്ടായ പിർദോൻ മാറാണ്ടി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സുവിശേഷവേലയെ എതിർക്കുന്ന മന്ത്രവാദിയായ ദീലീപ് ഹെബ്രം യേശുവിന്റെ സ്നേഹം രുചിച്ചറിഞ്ഞ് മാനസാന്തരപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.

**ജൂൺ 17 തിങ്കൾ**

## ജന്മദിനാശംസകൾ

എഡ്വിൻ സെൽവരാജ് ആർ
രാജദുരൈ എൻ, കവിത

### നോനിഹാത്: എം ബൻഹൂർ & മേരി ജോൺസിറാണി

31 ഗ്രാമങ്ങളിൽ നടത്തിയ സുവിശേഷ യോഗങ്ങളിൽ 2350 പേർ കൂടിവന്നു സുവിശേഷം ശ്രവിച്ചു. 23 പേർ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു വിശ്വാസികളുടെ ഗണത്തിലായി. ആത്മാക്കളെ നേടുന്നവരുടെ പരിശീലന പ്രോഗ്രാമിൽ 17 പേർ പങ്കെടുത്തു. ജീസസ് ഫിലിം 11 ഗ്രാമങ്ങളിൽ പ്രദർശിപ്പിച്ചു.

രണ്ടു വയസ്സുള്ള അഭിഷേക് ക്ഷയ രോഗ ബാധിതനായി വയറു വീർത്ത നിലയിൽ രണ്ടു മാസമായി കഷ്ടപ്പെടുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മന്ത്രവാദികളായ ബിജയ് മാറാണ്ടി, മൂസ ഹസ്താക് എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ഡേവിഡിന്റെ ഉന്നത പഠനം തുടരേണ്ടതിനായി പ്രാർത്ഥിക്കുക. പുത്താൻ സഭയിൽ പുതുതായി നിയമിതനായ സഭമൂപ്പൻ തന്റെ ഉത്തരവിദിത്തം പൂർണ്ണമായി നിറവേറ്റേണ്ടതിനായി പ്രാർത്ഥിക്കുക.

### മഹാരോ: ഇമ്മാനുവേൽ കാർത്തി & ജോതി ലക്ഷ്മി

198 വ്യക്തികൾ സുവിശേഷം സ്വീകരിച്ചു. നായാടി ഗ്രാമത്തിലെ ദുക്കാൻ പുജഹാറിനു നേരിട്ട അപകടത്തിൽ തലെക്കു പരിക്കു പറ്റി, തോളെല്ലിനു പൊട്ടലുണ്ടായി എന്നാൽ അവന്റെ ജീവൻ നഷ്ടപ്പെടാതെ പരിപാലിച്ച ദൈവത്തിനു സ്തോത്രം. രണ്ടു വർഷത്തെ നിരന്തര പരിശ്രമത്തിന്റെ ഫലമായി കുറുമോതം ഉൾപ്പടെ മൂന്നു ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു.

നായാടി ഗ്രാമത്തിൽ ആരെങ്കിലും യേശുവിനെ രക്ഷിതാവായി സ്വീകരിച്ചാൽ അവർക്കും 5000 രൂപ പിഴയും അവരെ ഗ്രാമത്തിൽ നിന്നു പുറത്താക്കുകയും ചെയ്യുമെന്നു നിയമം പാസ്സാക്കിയ നായാടി ഗ്രാമത്തിലെ നേതാക്കന്മാർ ദൈവീക വല്ലിഭത്വം തിരിച്ചറിയേണ്ടതിനായി പ്രാർത്ഥിക്കുക. മാലതി ദേവി, അവളുടെ പിതാവ് സിർവ പുജഹാർ, ഇളയ സഹോദരൻ എന്നിവർ കുഷ്ഠ രോഗത്താൽ വലയുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### മൺഡ്രോ: ഹിജാം കെന്നടി & ഹോജാൻ ലിന്തോയ്ബി

15 വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു സഭയിലെ അംഗങ്ങളായി. സഭാമൂപ്പന്മാരുടെ പരിശീലനം, യുവജന നേതാക്കളുടെ പരിശീലനം, സ്ഥിരീകരണ ക്ലാസ്സ്, വേദപഠന ക്ലാസ്സ് എന്നിവ സംഘടിപ്പിക്കുവാൻ കർത്താവ് കൃപ ചെയ്തു. മാഗി, ബാലജോർ എന്നീ ഗ്രാമങ്ങളിലെ ദൈവാലയ നിർമ്മാണം പുരോഗമിക്കുന്നു.

സുവിശേഷീകരണ സാദ്ധ്യത പഠനം നടത്തിയ കത്തിഹാറിൽ (ബീഹാർ) മിഷൻ വയൽ ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഫുൽബാരിയ ദിയാര, സിമാര, ബോർതോല, ജർണടോള, റമ്പാനി മഹിന്ദി, ബസാഹ എന്നീ ഗ്രാമങ്ങളിൽ ആരാധന യോഗം നടത്തുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ജൂൺ**
**18**
**ചൊവ്വ**

# പശ്ചിമ ബംഗാൾ

### ബലുർഘാട്

### കിങ്സ്ലി ലിവിങ്സ്റ്റൺ & ഡെൽഫിൻ

35 ഭവനങ്ങൾ സന്ദർശിച്ചു പ്രാർത്ഥനകൾ നടത്തുവാൻ ദൈവം സഹായിച്ചു. ഇവിടെ സംഘടിപ്പിച്ച വിബിഎസിൽ അക്രൈസ്തവർ ഉൾപ്പടെ ധാരാളം കുട്ടികൾ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. സുവിശേഷ വേലക്കായി സ്വയം സമർപ്പിച്ച നയൻ ഹസ്താക്കും കുടുംബവും ബുലുർഗാട് പ്രദേശത്തു സുവിശേഷീകരണ പ്രവർത്തനം ആരംഭിച്ചു.

കുമാരഗഞ്ച്, ബാലുർഘാട്, ഹില്ലി റീജിയൻ എന്നിവിടങ്ങളിലെ ശുശ്രൂഷ ഫലകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. സുനിൽ, സത്തു മാറാണ്ടി, ബുജി ഹസ്താക് എന്നിവർ എല്ലാ തടസ്സങ്ങളെയും അതിജീവിച്ച് യേശുവിലുള്ള രക്ഷ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ മദ്യാസക്തിയിൽ നിന്നും വിടുതൽ പ്രാപിച്ച് സഭ ആരാധനയിൽ പതിവായി സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഇത്തഹാർ

### അഷ്ടബൻ അദിത്യ കുമാർ ലിമ & മാനിനി കുമാരി

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. കുഷഗ്രാം റീജിയനിൽ നടത്തിയ സുവിശേഷം പ്രഖ്യാപന യോഗത്തിൽ 500 വ്യക്തികൾ സംബന്ധിച്ചു സുവിശേഷം ശ്രവിച്ചു. സക്ല ഗ്രാമത്തിൽ പ്രദേശിക സുവിശേകനോടു കൂടെ ഉപവാസ പ്രാർത്ഥന നടത്തി. അനേക വിശ്വാസികൾ ഉപവാസ പ്രാർത്ഥനയിൽ പങ്കെടുത്തു.

കുത്പോൾ, ബാബുനി, പത്കിയ, മസനദാദസ ദക്കിനാൽ, പ്രഭിക എന്നീ ആരാധന കേന്ദ്രങ്ങളിൽ സംബന്ധിക്കുന്ന വിശ്വാസികളുടെ എണ്ണം വളരെ കുറവാകുന്നു. ഇവിടെ കൂടുതൽ ആളുകൾ കടന്നു വരേണ്ടതിനായി പ്രാർത്ഥിക്കുക. മാനസിക രോഗത്തിൽ നിന്നു രൂപ്സാൽ ടുഡു സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രാദേശിക സുവിശേഷകൻ സുജൻ ഹെമ്പ്രം, താക്കുർ ബസ്ര, മനാലി എന്നീ കുടുംബങ്ങളിൽ മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### താപാൻ: ഹരമോഹൻ നായക് & സുസമ പാനി

എട്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു പരസ്യമായി വിശ്വാസ പ്രഖ്യാപനം നടത്തി. നക്തഗാർ, നെഗമ്പ, അനോടി എന്നീ ഗ്രാമങ്ങളിൽ വിബിഎസ് നടത്തി. വിപുലമായ തോതിൽ നടത്തിയ സുവിശേഷീകരണ യജ്ഞത്തിൽ 500 ലഘു ലേഖകൾ വിതരണം ചെയ്തു.

സ്ത്രീകൾ ആരാധന യോഗത്തിൽ സംബന്ധിക്കുന്നതു പോലെ പുരുഷന്മാരും ആരാധനയിൽ പങ്കെടുക്കുന്നതിനു ജാഗ്രതയുള്ളവർ ആകേണ്ടതിനായി പ്രാർത്ഥിക്കുക. പത്തു വർഷത്തിലധികമായി സംസാരിക്കാതിരിക്കുന്ന അമിത് സൊറന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അമിത രക്തസ്രാവത്തിൽ നിന്നും രേണുക ടുഡു സൗഖ്യം പ്രാപിച്ചു. ഏഴു വർഷത്തോളം മക്കളില്ലാതെ ഭാരപ്പെട്ട പ്രീയങ്ക ദൈവ കൃപയാൽ ഒരു പൈതലിനു ജന്മം നൽകുവാൻ ഒരുങ്ങുന്നു

**ജൂൺ**

**19**

**ബുധൻ**

ഉപവാസ പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

സെൽവിൻ യേശുദാസ്,
ജോതിലക്ഷ്മി ജെ

## ഛത്തീസ്ഘട്

### രഗുനാഥ്പൂർ ബാലഭവനം

**ലൗലിൻ ഭുനിയ & കിരൺ**

നമ്മുടെ ബാലഭവനത്തിലെ ഒന്നു മുതൽ പതിനൊന്നു ക്ലാസ്സുവരെ പഠിക്കുന്ന എല്ലാ കുട്ടികളും പരീക്ഷ നല്ല രീതിയിൽ എഴുതി. കോളജിൽ ദിവസവും പോകുന്ന ബാലഭവനത്തിലെ മൂന്നു പെൺകുട്ടികളുടെ സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ കുട്ടികൾ ഹോക്കി, ഫുട്ബോൾ എന്നിവയിൽ പരിശീലനം ചെയ്യുന്നു. അവർക്കു ഇംഗ്ലീഷ് പഠിക്കുന്നതിനും ട്യൂഷൻ നൽകുന്നു.

കുട്ടികൾ ക്രിസ്തീയ വിശ്വാസത്തിൽ വളർന്നു ആത്മീക പക്വത പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബാലിക ഭവനത്തിൽ ഒരു പാചകക്കാരിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മേൽക്കൂരയുടെ അറ്റകുറ്റപണി പൂർത്തീകരിച്ചു.

**ബൈയ്ത്താൻ: താങ് ചിൻ ലിയാൻ & വുങ് തിയാൻ**

മിഷനറിക്കെതിരെ ഉണ്ടാക്കിയ വ്യാജക്കേസ് കോടതി മൂന്നു പ്രാവശ്യം കേട്ടിട്ടു പരസ്പരം ഒത്തുതീർപ്പിലൂടെ കേസ് പരിഹരിച്ചു. ബഹർപാര ഗ്രാമത്തിലെ വിശ്വാസികൾ നമ്മെ വലിയ തോതിൽ സഹായിക്കുന്നു. നമ്മുടെ മിഷനറിക്കു ജാമ്യം കിട്ടുവാൻ സഭാമൂപ്പൻ അശോക് ഗെർഗെട്ട തന്റെ വസ്തു ജാമ്യമായി നൽകി. പോലീസ് ഉദ്യോഗസ്ഥർ നടത്തുന്ന അന്വേഷണത്തിൽ സത്യമായ കാര്യം പറയുന്നതിനു പരിശുദ്ധാത്മാവ് വിശ്വാസികളെ ധൈര്യപ്പെടുത്തേണ്ടതിനായി പ്രാർത്ഥിക്കുക.

ജീവര ഗ്രാമത്തിൽ നടത്തിയ പ്രാർത്ഥന കൂട്ടായ്മയിൽ കുറച്ചു മതതീവ്രവാദികൾ അതിക്രമിച്ചു കയറി യോഗം നിർത്തിച്ചു. ഇവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. സുവിശേഷ പ്രവർത്തനത്തിനു തടസ്സം നിൽക്കുന്നവർ ജീവനുള്ള ദൈവത്തെ അനുഭവിച്ചറിയേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ മിഷനറിക്കു താമസിക്കുവാൻ സുരക്ഷിതത്വമുള്ള ഒരു ഭവനം വാടകയ്ക്കു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### പാത്തഗൗൺ

**പത്വി സോമില മൻസുബായ് & ഷീല ബൻ**

ആറു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു സഭയിലെ അംഗങ്ങളായി. രാമരപ്പള്ളി, ഒക്കാന എന്നീ ഗ്രാമങ്ങളിൽ ഉരുവാക്കിയ ചെറു പ്രാർത്ഥന സംഘം എല്ലാ ദിവസവും കൂടി വന്നു പ്രാർത്ഥിക്കുന്നു. പഹൽപുക്കാന ഗ്രാമത്തിലുള്ള മാസി ജനവിഭാഗം ആരാധന യോഗത്തിൽ സംബന്ധിക്കുവാൻ തുടങ്ങി.

കൊച്ചാൽ ഗ്രാമത്തിലെ ചന്ദൻ, ലക്ഷ്മണൻ എന്നിവർ ക്രിസ്തീയ വിശ്വാസത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. തഗിത്തൻ ഗ്രാമത്തിൽ തളർവാതത്താൽ വലയുന്ന മജ്ജൂറിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പദ്ധതിയിട്ടതിൻ പ്രകാരം സ്ത്രീകളുടെ യോഗവും ഉപവാസ പ്രാർത്ഥനയും വിശ്വാസ പ്രഖ്യാപന യോഗവും അനുഗ്രഹകരമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക.

**ജൂൺ**

**20**

**വ്യാഴം**

## ജന്മദിനാശംസകൾ

സെലീന ജോയ്സ് ജോൺ,
കാർത്തികേയൻ എസ്, വിജയകുമാർ ആർ,
വസവരാജ കെ, ഭൂപതി പി,
കൃഷൻ കുമാർ, ലുൻജലാൽ സോങ്താറ്റ്

### വത്രാഫ് നഗർ

**ബൂപതി & പൗലിൻ മേരി**

ലാവു, ധീമ്ട, സുറാൻ എന്നീ ഗ്രാമങ്ങളിൽ പുതിയ ആരാധനക്കൂട്ടങ്ങൾ രൂപീകരിച്ചു. കാലിൽ ഉണ്ടായ നീർവീക്കത്താൽ കഷ്ടപ്പെടുന്ന ജാടോ ഗ്രാമത്തിലെ ശിമോൻ പത്തന സൗഖ്യത്തിനായി ദൈവാലയത്തിൽ വന്നു പ്രാർത്ഥിച്ചതിനെ തുടർന്നു ദൈവം അത്ഭുത സൗഖ്യം നൽകി. പുതുതായി നിയോഗിച്ച പ്രാദേശിക സുവിശേഷകൻ സന്തോഷ് ദൈവവിളിക്കു യോഗ്യമാം വണ്ണം വിശ്വസ്തതയോടെ ദൈവവേല ചെയ്യുന്നു.

നെമ്റ ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം രൂപീകരിക്കുന്നതിനു എടുക്കുന്ന ഉദ്യമങ്ങൾ വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പത്തു പുതിയ വിശ്വാസികൾ എല്ലാ തടസ്സങ്ങളെയും അതിജീവിച്ച് യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക.

### സീതാപൂർ

**മുത്തുകുമാർ എം & നേത്രാവതി**

ഏഴു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ബക്കിപാട, കത്കാവ, സപ്പനിയ, രാജപട്ട, ദത്തിപാട, കെർഷ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പങ്കുവെക്കുവാൻ കർത്താവ് സഹായിച്ചു. രാജ്ഭിട്ട, കെർഷ എന്നീ ഗ്രാമങ്ങളിൽ പുതിയ ആരാധനക്കൂട്ടങ്ങൾ രൂപീകരിച്ചു. ഗെത്മ ഗ്രാമത്തിൽ ഏകദിന ഉപവാസ പ്രാർത്ഥന നടത്തി.

ദരൈക്കണ്ട്. കല്ലിയ, പരപഹാടി എന്നീ ഗ്രാമങ്ങളിലെ ദൈവാലയ നിർമ്മാണം തടസ്സമില്ലാതെ വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തരൈദന്ത് ഗ്രാമത്തിൽ ഭൂരിപക്ഷമുള്ള യാദവ് ജാതി സമൂഹം നമ്മുടെ പ്രവർത്തനത്തെ എതിർക്കുന്നു. ഇവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

### കത്ഘോരാ: **വാൽവി ദിന ധാന & ഭൂസരെ ഷൈല**

മൂന്നു മാസത്തിൽ ഒരിക്കൽ സഭാമൂപ്പന്മാരുടെ പരിശീലന പ്രോഗ്രാം നടത്തുന്നു. മൂപ്പന്മാർ സഭയുടെ നടത്തിപ്പും സുവിശേഷീകരണ പ്രവർത്തനവും ഫലപ്രദമായി നടത്തുന്നതിനുള്ള പരിശീലനമാണ് നൽകുന്നത്. പുതിപക്കന ഗ്രാമത്തിൽ ഗ്ലാഡ്വിൻ മെദോയുടെ ഭവനത്തിൽ വെച്ചു വിശ്വാസികകൾക്കായി ഏകദിന സമ്മേളനം നടത്തി. 400 ലധികം ആളുകൾ സംബന്ധിച്ചു. ഗ്ലാഡ്വിനെ ഹൃദയ സ്തംഭനത്തിൽ നിന്നും ദൈവം വിടുവിച്ചു.

ബനിക്കേദ, പുതിപഘാന എന്നീ ഗ്രാമത്തിലെ 15 വിശ്വാസി കുടുംബങ്ങൾ സുവിശേഷം നിമിത്തം ഉപദ്രവം സഹിക്കുന്നു. ഇവരെ പഴയ വിശ്വാസത്തിലേക്കു മടക്കി കൊണ്ടുപോകുവാൻ സുവിശേഷ വിരോധികൾ ഘർ വാപ്പസി ചടങ്ങ് സംഘടിപ്പിക്കുന്നു. ബൻക്കേട്ട ഗ്രാമത്തിലെ നിർത്തിവെപ്പിച്ച ആരാധന യോഗം പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്രിസ്തീയ വിശ്വാസം ഉപേക്ഷിക്കുവാൻ 15 കുടുംബങ്ങളെ ഭീഷണിപ്പെടുത്തുന്നു. വിശ്വാസത്തിൽ ഉറച്ചു നിൽക്കുവാൻ ദൈവം അവരെ ശക്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

ജൂൺ

21

വെള്ളി

## ജന്മദിനാശംസകൾ

ഗെത്സിയ പോൾരാജ്, ജോൺകുമാർ സി, സുവേര മാർത്ത ബോടാർ

# ഗുജറാത്ത്

## നേത്രാംഗ് ബാലഭവനം

**ജോസഫ് ദുരൈരാജ് & എലിസബേത്ത്**

പന്ത്രണ്ടാം ക്ലാസ്സിലെ രണ്ടു കുട്ടികളും പത്താം ക്ലാസ്സിലെ 21 കുട്ടികളും ബോർഡ് പരീക്ഷ നല്ലരീതിയിൽ എഴുതി. ഇവിടെ മൂന്നു ദിവസം സംഘടിപ്പിച്ച വിബിഎസിൽ കുട്ടകൾ പങ്കെടുത്തു ആത്മീക അനുഗ്രഹം പ്രാപിച്ചു. പ്രൈമറി സ്കൂൾ കുട്ടികൾക്കു പുതിയ വാർഡനെ നൽകി അനുഗ്രഹിച്ചു. ഈറോഡ് പ്രാർത്ഥനക്കൂട്ടം സ്കൂളിനു പുതിയ ബസ് വാങ്ങിത്തന്നു. ബാലഭവനത്തിലെ പൂർവ്വ വിദ്യാർത്ഥികളുടെ യോഗം നടത്തി. 200 കുടുംബങ്ങൾ ഈ സമ്മേളനത്തിൽ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. പകർച്ച വ്യാധിയായ മുണ്ടി നീരിൽ നിന്നും ബാലഭവനത്തിലെ കുട്ടികളെ കർത്താവ് രക്ഷിച്ചു.

അവധിക്കാലത്തു സ്വന്ത ഗ്രാമത്തിലേക്കു പോയ കുട്ടികൾ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വേനൽക്കാലത്തു കുട്ടികൾ എല്ലാവരും സുരക്ഷിതരായിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കൈക്കു പൊട്ടലുണ്ടായ വികാസിന്റെയും തലയിലെ രോഗം നിമിത്തം അടിക്കടി ബോധരഹിതാനാകുന്ന പഠനത്തിൽ മികവ് പുലർത്തുന്ന ആശിഷിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ബാലഭവനത്തിനു ഭക്ഷണ ശാല നിർമ്മിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പന്ത്രണ്ടാം ക്ലാസ്സിൽ പഠനം പൂർത്തീകരിച്ചവരുടെ ഉന്നത പഠനത്തിനായി പ്രാർത്ഥിക്കുക.

## ബോടേലി & ധാബോൾ

**യേശു ബാബു & ഉഷ എസ്**

രണ്ടു ഗ്രാമത്തിലുള്ള 75 പേർ സുവിശേഷം ശ്രവിച്ചു. 24 പേർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. വഗോദിയ, ഹസന എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിച്ചു. ഹരെശ്വർ ഗ്രാമത്തിൽ ഒരു പുതിയ ആരാധനക്കൂട്ടം രൂപീകരിച്ചു.

ഭീൽ ജനങ്ങളുടെ ഇടയിൽ നടത്തിയ കൺവൻഷനിൽ പങ്കെടുത്തവരുടെ ആത്മീക അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. ഇതെ ഗ്രാമത്തിൽ നടത്തിയ യുവജന ക്യാമ്പിൽ പങ്കെടുത്ത യൗവ്വനക്കാർ തങ്ങളുടെ ജീവിതങ്ങളിൽ ആത്മാവിന്റെ ഫലം പുറപ്പെടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## പഴയതു കഴിഞ്ഞു പോയി ഇതാ, അതു പുതുതായി! (2കൊരി.5:17)

ജാർഖണ്ഡിൽ ലാൽമട്ടിയ മിഷൻ വയലിലുള്ള കോമൽധാരി ഗ്രാമത്തിലെ പുതിയ വിശ്വാസി പത്രസ് ടുഡു സഭയിൽ പറഞ്ഞ സാക്ഷ്യം: യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനു മുമ്പ് ഞങ്ങൾ വളരെ ദാരിദ്ര്യത്തിലായിരുന്നു. ദൈനംദിന ഭക്ഷണത്തിനായി ബുദ്ധിമുട്ടിയിരുന്നു. ഞങ്ങളുടെ വയിലിലെ ധാന്യങ്ങൾ നശിച്ചു പോകുക സാധാരണമായിരുന്നു. കന്നുകാലികൾക്കു അടിക്കടി അസുഖം ബാധിക്കുമായിരുന്നു. ഞങ്ങളുടെ കുടുംബാംഗങ്ങൾ മിക്കാവാറും രോഗികളായിരുന്നു. എന്നാൽ യേശുവിനെ കർത്താവായി സ്വീകരിച്ചതിനു ശേഷം കഴിഞ്ഞ നാലു മാസമായി കർത്താവ് ഞങ്ങളുടെ ജീവിതത്തെ പൂർണ്ണമായി പുതുക്കി, സമൃദ്ധി നൽകി അനുഗ്രഹിച്ചു. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ!

ജൂൺ

**22**

ശനി

## ജന്മദിനാശംസകൾ

ഷൺമുഖം ആർ എസ്, ഈവ്‌ലിൻ പാക്കിയ, മഹേന്ദ്രൻ എ

### പ്രന്തിജി & ദെഹഗാം

**വിശ്വോരഞ്ജൻ & പ്രവീണ റാണി കരാദോ**

മെഹത്പുര ഗ്രാമത്തിൽ കണ്ടെത്തിയ പുതിയ സ്നേഹിതർ ഫലപ്രദമായി സുവിശേഷം മറ്റുള്ളവരോടു പങ്കുവെക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാരകമായ രോഗത്തിൽ നിന്നും വസന ഗ്രാമത്തിലെ സോമയെ കർത്താവ് സൗഖ്യമാക്കി.

വാത സംബന്ധമായ രോഗത്തിൽ നിന്നും പൂനം ബന്നിനെ കർത്താവ് സൗഖ്യമാക്കി. ജാഗ്രുതി തന്റെ ജോലിയിൽ പ്രയാസം നേരിടുന്നു. അതിനു പരിഹാരം ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. ആറു മാസം പ്രായമുള്ള ഭാവന ഗുരുതര രോഗത്താൽ കഷ്ടപ്പെടുന്നു സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഗീതബന്നിലൂടെ നടക്കുന്ന സുവിശേഷീകരണ പ്രവർത്തനം ഫലം നൽകേണ്ടതിനായി പ്രാർത്ഥിക്കുക..

### അഹ്വ

**വിഘ്നേശ്വരൻ & എയ്ഞ്ചലിൻ എം**

നാലു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഘാട്ട് സെക്ഷനിൽ അപകടത്തിൽ പെട്ട് ജീപ്പ് മറിഞ്ഞപ്പോൾ അതിൽ യാത്ര ചെയ്ത നമ്മുടെ വിശ്വാസികളെ ദൈവം അത്ഭുതകരമായി സംരക്ഷിച്ചു. രണ്ടു യുവാക്കൾ സുവിശേഷ വേല ചെയ്യുവാൻ പുതുതായി നമ്മോടു ചേർന്നു വന്നു. കൊക്ലി ഗ്രാമത്തിൽ നടത്തിയ സ്തോത്ര ആരാധനയിൽ അനേകർ പങ്കെടുത്തു. അവരോടു സുവിശേഷം പങ്കുവെച്ചു.

കുക്കതാഗി ഗ്രാമത്തിലെ ദൈവാലയത്തിൽ രോഗസൗഖ്യത്തിനായി വന്നു പ്രാർത്ഥിക്കുന്ന രമേശ് ഭായിയെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഇടുപ്പെല്ലിലെ പ്രയാസത്താൽ ഭാരപ്പെടുന്ന വത്പാട ഗ്രാമത്തിലെ വിജയിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ദുഹ്കാർദ ഗ്രാമത്തിലെ നമ്മുടെ വിശ്വാസിയായ സോമാബായിയുടെ ഭവനത്തിനെതിരായി ആഭിചാരം ചെയ്തവർ തങ്ങളുടെ ദുർമാർഗ്ഗങ്ങളെ ഉപേക്ഷിച്ചു മാനസാന്തരപ്പെടേണ്ടതിനും ദൈവസ്നേഹം രുചിച്ചറിയേണ്ടതിനുമായി പ്രാർത്ഥിക്കുക. മൊക്ക്റ, സിൻജിപാട, ബോമറായ, സുന്ധ എന്നീ ഗ്രാമങ്ങളിലെ ദൈവാലയ നിർമ്മാണം തടസ്സങ്ങളില്ലാതെ പുരോഗമിക്കുന്നു.

### കെർഗാം ബാല ഭവൻ

**കുമാരൻ ജി & ജലിൻ ജയ പ്രദ**

10,11 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾ പരീക്ഷ നല്ലവണ്ണം എഴുതി. ഒന്നു മുതൽ ഒമ്പതു വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെ വാർഷീക പരീക്ഷ എഴുതുവാൻ ദൈവം സഹായിച്ചു. മൂന്നു ദിവസത്തെ വിബിഎസിൽ കുട്ടികൾ പങ്കെടുത്തു.

അവധിക്കു സ്വന്ത ഗ്രാമത്തിലേക്കു പോയ കുട്ടികൾ അവരുടെ ഗ്രാമത്തിലെ ആരാധന യോഗങ്ങളിൽ സംബന്ധിക്കേണ്ടതിനായും മുതിർന്ന കുട്ടികൾ ആരാധന യോഗത്തിൽ സഹായിക്കേണ്ടതിനായും പ്രാർത്ഥിക്കുക. ബാലഭവനത്തിലേക്കു പുതിയ കുട്ടികളെ എടുക്കുന്ന നടപടികളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

**ജൂൺ 23 ഞായർ**

**ജന്മദിനാശംസകൾ**

മീന കിങ്സ്ലി, പ്രവീണ റാണി കുമാർ, രാമസ്വാമി വി ജറോം

**മെഹ്സാന: സമ്പുനാഥ് നായക് & രാജേശ്വരി പ്രധാൻ**

ബുദുടേഡ, പ്രകൃതി നഗർ എന്നീ ഗ്രാമങ്ങളിൽ രാത്രി യോഗങ്ങൾ നടത്തി. ഉയർന്ന ജാതിയിലുള്ള 30 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. അവരുടെ ഇടയിൽ സുവിശേഷ പ്രതികൾ വിതരണം ചെയ്തു. പ്രഗതി നഗറിലെ രവി തന്റെ വീട് സുവിശേഷ യോഗം നടത്തുന്നതിനായി തുറന്നു തന്നു.

ഉയർന്ന ജാതിക്കൂട്ടത്തിലെ ജനങ്ങൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രഗതി നഗറിലെ രവി വിശ്വാസത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. കമലേശ്, പ്രഹ്ലാദ് എന്നീവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദാവൽ ദൈവീക മാർഗ്ഗത്തിലൂടെ ജീവിത പങ്കാളിയെ കണ്ടെത്തേണ്ടതിനായി പ്രാർത്ഥിക്കുക.

**നസ്വാടി & കവാന്ത്**

**ഹെന്റി സോളമൻ & എയ്ഞ്ചൽ ജപ**

ആറു മാസം ഗ്രാമത്തിൽ നിന്നും അകന്നു നിന്ന വിശ്വാസികൾ സുരക്ഷിതരായി ഗ്രാമത്തിൽ തിരികെ വന്നു സ്തോത്ര പ്രാർത്ഥന നടത്തി. മൂന്നു പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. കവാന്തിലെ 34 പേരും നസ്വാടിയിലെ നാലു പേരും യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. യുവജന സമ്മേളനത്തിൽ 200 യൗവ്വനക്കാർ സംബന്ധിച്ചു.

എസ്ഥേർ ബായി, സാകിൽ ബൻ, രാവേശ് ബായി എന്നിവർ അരിവാൾ രോഗത്താൽ കഷ്ടപ്പെടുന്നു. നസ്വാടി, കവാന്ത് എന്നീ മിഷൻ വയലുകളിൽ വിബിഎസ് സംഘടിപ്പിച്ചു. അനേക വർഷങ്ങളായി തളർവാതത്താൽ വലയുന്ന പൻജു ബായിയോടു സുവിശേഷം പങ്കുവെച്ചു. അവൻ സൗഖ്യം പ്രാപിച്ചു യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ശരീരത്തിലെ വീക്കം അപ്രത്യക്ഷമായി.**

ഛത്തീസ്ഘട്ടിലെ സീതാപ്പൂർ ഗ്രാമത്തിൽ പാർക്കുന്ന ശാന്തി കജീറിനെ വൃക്കയിലെ അണുബാധയാൽ ശരീരം മുഴുവൻ നീർ വീക്കം ഉണ്ടായി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഡോക്ടറന്മാർ പറഞ്ഞത് ഒന്നുകിൽ വൃക്ക മാറ്റിവെക്കുക അല്ലെങ്കിൽ ഡയാലിസിസിനു വിധേയയാകുക. സാമ്പത്തീക ഞെരുക്കം കാരണം തുടർ ചികിത്സ ചെയ്യാതെ വീട്ടിലേക്കു തിരികെ വന്നു. സ്ഥിതി ഗുരുതരമായി ശരീരത്തിലെ നീര് വർദ്ധിച്ചു മൂത്രം ഒഴിക്കുവാൻ കഴിയാത്ത അവസ്ഥയായി. വിശ്വാസികളോടു പ്രാർത്ഥന അഭ്യർത്ഥിച്ചു. വിശ്വാസികൾ നേരിട്ടും ഫോണിലൂടെയും അവരുടെ മകൻ സീറിൾ കജീറിന്റെ കൂടെ നിരന്തരം പ്രാർത്ഥിച്ചു. അത്ഭുതകരം! അവരുടെ പ്രാർത്ഥനക്കു ഉത്തരം ലഭിച്ചു. ശാന്തിയുടെ ആരോഗ്യത്തിൽ പുരോഗതിയുണ്ടായി. ശരീരത്തിലെ നീർ മാറി. ഭവനത്തിലെ ജോലി സ്വയമായി ചെയ്യുന്നതിനുള്ള ആരോഗ്യം വീണ്ടെടുത്തു. അവൾക്കു ലഭിച്ച ശ്രദ്ധേയമായ സൗഖ്യം ബന്ധുമിത്രാദികളുടെയും അയൽക്കാരുടെയും മുമ്പിൽ ശക്തമായ സാക്ഷ്യമായി. വിശ്വാസത്തോടു കൂടിയ പ്രാർത്ഥന ഏറെ ഫലം നൽകും. ഈ അത്ഭുത സൗഖ്യത്തിലൂടെ ദൈവനാമം മഹത്വപ്പെടുമാറാകട്ടെ.

**ജൂൺ**

**24**

**തിങ്കൾ**

**ജന്മദിനാശംസകൾ**

പോൾരാജ് എബ്രഹാം പി,
രാസ്മിത റാണി റൗട്ട്

## ദാദ്ര നഗർ ഹാവേലി

### സിൽവാസ

**ഡേവിഡ്സൺ രാജാസിങ് &**
**കമനാനി പരിമളം**

321 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. എട്ടു ഗ്രാമങ്ങളിൽ വിജയകരമായി യുവജന യോഗങ്ങൾ നടത്തി. സ്ത്രീകളുടെ യോഗവും പതിനൊന്ന് ഇടത്ത് സുവിശേഷകരുടെ യോഗവും നടത്തി. കുടൽ വീക്കത്തിൽ നിന്നും ഇസ്മാലിനെ കർത്താവ് സൗഖ്യമാക്കി. വിഷപാമ്പിന്റെ ദംശനമേലൽക്കാതെ ദൈവം കമാലി ബന്നിനെയും മാതിബന്നിനെയും കർത്താവ് സംരക്ഷിച്ചു. വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും വിവേകിനെയും ക്ഷയ രോഗത്തിൽ നിന്നു വിനോദിനെയും കർത്താവ് സൗഖ്യമാക്കി.

ദീവാസി ഗ്രാമത്തിലെ കൊടും വരൾച്ചയിൽ അവർക്കു കുടിക്കുവാൻ ആവശ്യമായ വെള്ളം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സിക്കൽദ ഗ്രാമത്തിലെ നരേശ് ബായിയെ പിന്മാറ്റത്തിലേക്കു നയിക്കുന്ന ഭക്ഷണത്തോടു വെറുപ്പു തോന്നിപ്പിക്കുന്ന പൈശാചിക ബന്ധനത്തിൽ നിന്നും ദൈവം വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ലുനു ബായിയെയും സംഗീത ബന്നിനെയയും തളർവാതത്തിൽ നിന്നും മൂന്നു വർഷമായി നടക്കുവാൻ കഴിയാത്ത ശങ്കർ ബായിയെയും കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## മഹാരാഷ്ട്ര

### ചോപട്

**വസാവ ഭാൻസിങ് & മഹാലെ യമൻ**

മദ്യാസക്തി നിമിത്തം ഭവനത്തിലുള്ളവർ തള്ളിക്കളഞ്ഞ അവസ്ഥയിൽ സങ്ക്‌വി ഗ്രാമത്തിലെ ഭാരത് ദൈവാലയത്തിൽ വന്നു പ്രാർത്ഥിച്ചു. വിശ്വാസികളും അവനു വേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിച്ചു. ദൈവകൃപയാൽ ദൈവം അവനു പുതു ജീവൻ നൽകി രക്ഷിച്ചു. അവന്റെ സാക്ഷ്യ ജീവിതത്തിലൂടെ സങ്ക്‌വി ഗ്രാമത്തിലെ മൂന്നു കുടുംബങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. അഞ്ചു ഗ്രാമങ്ങളിൽ നടത്തിയ വിബിഎസിൽ അനേക അക്രൈസ്തവ കുട്ടികൾ സംബന്ധിച്ചു. 22 വർഷത്തോളം ഭവനത്തിൽ നിന്നു വേർപെട്ടു മാനസികമായി കുഴഞ്ഞ അവസ്ഥയിൽ ജീവിച്ചിരുന്ന സാങ്‌വി ഗ്രാമത്തിലെ ചോട്ടു വിശ്വാസികളുടെ പ്രാർത്ഥനയുടെ ഫലമായി തിരികെ വന്നു കുടുംബത്തോടു ചേർന്നു ജീവിക്കുന്നു.

അവധിക്കു സ്വഭവനത്തിലേക്കു പോയ നമ്മുടെ ബാലഭവനത്തിലെ കുട്ടികൾ അവരുടെ സഭാ യോഗങ്ങളിൽ പതിവായി പങ്കെടുക്കേണ്ടതിനും ക്രിസ്തീയ സാക്ഷ്യം സൂക്ഷിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. മറ്റു പട്ടണങ്ങളിലേക്കും സംസ്ഥാനങ്ങളിലേക്കും കുടിയേറ്റ തൊഴിലാളികളായി പോയ വിശ്വാസികൾ സുരക്ഷിതരായി തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ ബാലഭവനത്തിൽ സമർപ്പണമുള്ള പാചകക്കാരനെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സങ്‌വി സഭയിൽ ആരാധനയിൽ വരുന്ന എല്ലാവരും രക്ഷിക്കപ്പെടുന്നതിനായി പ്രാർത്ഥിക്കുക.

**ജൂൺ**

# 25

**ചൊവ്വ**

## ജന്മദിനാശംസകൾ

ജനില പൊൻ മലർ,
പ്രീയ ഹെത്സി

### ധരണി

**ഏകലവ്യൻ ജയിംസ് & ബറിൽ**

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു വിശ്വാസികളുടെ ഗണത്തിലായി. നമ്മുടെ സ്വദ്ദേശ സുവിശേഷകന്റെ ചെറുമകൾ കൈക്കു ഒടിവു സംഭവിച്ചു ചികിത്സയിലായിരുന്നു. ദൈവം അവൾക്കു പരിപൂർണ്ണ സൗഖ്യം നൽകി. മാതാപിതാക്കളുടെ നിരന്തര പ്രാർത്ഥനയുടെ ഫലമായി ദുഷിച്ച സ്വാഭവം ഉപേക്ഷിച്ച് മാനസാന്തരപ്പെട്ട അർജ്ജുൻ ഇപ്പോൾ ദൈവാലയത്തിലെ പ്രാർത്ഥനകളിൽ സംബന്ധിക്കുന്നു.

നീമ ബന്നിന്റെ കഴുത്തിലെ നീരും വേദനയും സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. നേത്ര രോഗത്തിൽ നിന്നും മുന്നി ഭായിയുടെയും അജ്ഞാത രോഗത്താൽ കാലിൽ നീർവീക്കമുണ്ടായ ഗണേശിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ലേഖത് & കവിത, നീമ & അർജ്ജുൻ എന്നീ കുടുംബങ്ങളിൽ മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### മുക്കദ

**ശങ്കർ മാനി & ആനന്ദി**

110 പേർ സത്സാംഗ് പ്രോഗ്രാമിൽ സംബന്ധിച്ചു. ഭവനപ്രാർത്ഥനകളും ആളാംപ്രതി സുവിശേഷവേലയും ചെയ്തു. 23 വ്യക്തികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റുപറഞ്ഞു. ബോരാടി, കല്ലറിപാട എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. പോണിച്ചപട ഗ്രാമത്തിലെ പുതിയ സ്നേഹിതരായ അരവിന്ദിന്റെയും കുടുംബത്തിന്റെയും സഹായത്താൽ ആ പ്രദേശത്തുള്ളവരോടു സുവിശേഷം അറിയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവത്തിന്റെ കൃപയാൽ വിശ്വാസികളിൽ അനേകർക്കു കൃഷി ചെയ്യുന്നതിനു സർക്കാരിൽ നിന്നും വായ്പ ലഭിച്ചു. പുന്നുബായി സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. ആഷെ ഗ്രാമത്തിലെ സോമനാഥ്, കൽപന, കവിത എന്നിവരെ പൈശാചിക ബന്ധനത്തിൽ നിന്നും ദൈവം വിടുവിച്ചു.

കാതക്കൂർ കൊൽഹി എന്ന ചെറിയ ജാതി സമൂഹത്തെ ക്രിസ്തുവിലുള്ള വിശ്വാസത്തിലേക്കു നയിക്കേണ്ടതിനും അവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. വനിതകളുടെ പ്രാർത്ഥനക്കൂട്ട നേതാക്കൾ അവരുടെ സമർപ്പണത്തിൽ നിലനിന്ന് പ്രാർത്ഥനക്കൂട്ടങ്ങൾക്കു നേതൃത്വം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. ശുശ്രൂഷയുടെ ആവശ്യത്തിനായി പുതിയ സന്നദ്ധ സുവിശേഷകനെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മുക്കദയുടെ സമീപ പ്രദേശങ്ങളിലുള്ളവർ ദാരിദ്ര്യം, അജ്ഞത, അന്ധവിശ്വാസം, മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും അടിമത്വം എന്നിവയിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായും അവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായും പ്രാർത്ഥിക്കുക. റൈയ്ത്താലെ റീജിയനിലുള്ള പിന്മാറ്റക്കാർ ക്രിസ്തേശുവിലുള്ള വിശ്വാസത്തിലേക്കു തിരികെ വന്നു അരാധനയിൽ പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുനിത യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ജൂൺ 26 ബുധൻ**

ഉപവാസ പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

ഇമ്മാനുവേൽ കാർത്തി പി

### ബോരാടി: ഓം പ്രകാശ് & സ്വപ്ന

347 പേർ സുവിശേഷം ശ്രവിച്ചു. മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഉമ്മരദ ഗ്രാമത്തിലെ അനിൽ ബാവുര യാത്രക്കാരെ വള്ളത്തിൽ അക്കരെ കടത്തുന്ന വേളയിൽ അപകട വക്കിലെത്തിയെങ്കിലും ദൈവം അത്ഭുതകരമായി സംരക്ഷിച്ചു. സ്ത്രീകളുടെ യോഗത്തിൽ 55 പേരും യുവജനങ്ങളുടെ യോഗത്തിൽ 35 പേരും പങ്കെടുത്തു.

ശുശ്രൂഷക്കു സഹായകരമായി സമർപ്പണമുള്ള പ്രാദേശിക സുവിശേഷകരെ എഴുന്നേൽപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉമ്മരദ ദൈവാലയത്തിന്റെ ചുറ്റുമതിലിന്റെ പണി വേഗത്തിൽ പൂർത്തികരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രമീളക്കു നല്ലൊരു ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക..

### ഭാരെ: മയിൽസ്വാമി ജോസഫ് & യേശുമണി ടി

മൂന്നു ഗ്രാമങ്ങളിലുള്ള 676 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. വാക്കോണ്ട്, കുട്കി എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിച്ചു. 81 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ആറു പുതിയ ഗ്രാമങ്ങളിൽ സ്ത്രീകളുടെ പ്രാർത്ഥനക്കൂട്ടം ആരംഭിച്ചു. രണ്ടു വർഷത്തോളം ഊമയായിരുന്ന സാവർപാട ഗ്രാമത്തിലെ കൃഷ്ണയെ കർത്താവ് സൗഖ്യമാക്കി. കുക്കുദെൻ ഗ്രാമത്തിലെ ദേവിബായിയുടെ ഒരു വർഷത്തോളം പഴക്കമുള്ള ഉദര വേദന പ്രാർത്ഥന യോഗത്തിൽ സംബന്ധിച്ചു വിശ്വാസത്തോടെ പ്രാർത്ഥിച്ചപ്പോൾ ദൈവം സൗഖ്യമാക്കി.

വാത്പാട ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദിനംതോറും പൂജക്കായി ഭഗത് എന്ന മനുഷ്യ ദൈവത്തിന്റെ അടുക്കൽ പോകുന്നവർ സത്യ ദൈവത്തെ തിരിച്ചറിയേണ്ടതിനായി പ്രാർത്ഥിക്കുക. ദേവപാട ഗ്രാമത്തിൽ നടത്തുന്ന യുവജന സമ്മേളനത്തിൽ അനേക യൗവ്വനക്കാർ പങ്കെടുത്ത് യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### അക്കൽകുവ

### ജഗമോഹൻ സിങ് & സ്വാതി

ഒമ്പതു പുതിയ ഗ്രാമങ്ങളിലുള്ള 480 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. ജാവ്‌ലി ഗ്രാമത്തിലെ ആരാധന യോഗം പുനാരാരംഭിക്കുവാൻ ദൈവം കൃപ ചെയ്തു. നാലു ദിവസത്തെ ഉപവാസ പ്രാർത്ഥനയും ആറു സ്ഥലത്തു രാത്രി യോഗങ്ങളും സംഘടിപ്പിച്ചു. അനവധി വിശ്വാസികൾ ആത്മാർത്ഥതയോടെ പ്രാർത്ഥിക്കുന്നു.

ദശരഥിന്റെ ആസ്മ രോഗത്താൽ കഷ്ടപ്പെടുന്ന ഭാര്യ, മാനസിക നൈരാശ്യത്തിൽ വലയുന്ന സീതാബായ്, രണ്ടു വർഷത്തിലധികമായി പക്ഷാഘാതത്താൽ വലയുന്ന അലിലബൻ, വിക്രമിന്റെ ശ്വസന സംബന്ധമായി പ്രയാസപ്പെടുന്ന കൊച്ചുമകൾ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പുതുതായി ആരാധന യോഗത്തിൽ സംബന്ധിക്കുന്നവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

ജൂൺ

**27**

വ്യാഴം

## ജന്മദിനാശംസകൾ

ചാർലറ്റ് ജസിന്ത എസ്,
ലില്ലി റാണി വിൻസന്റ്,
ലൗച്ചിങ് എൻ

## കർണ്ണാടക

### മലൂർ

**കിഷാന്ത ലിമ & പ്രമീള സിങ്**

നാലു ഗ്രാമങ്ങളിലുള്ള 260 പേർ സുവിശേഷം ശ്രവിച്ചു. നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി കുടുംബത്തിന്റെ ഉപജീവന മാർഗ്ഗമായി വടവതിക്കു ഒരു ജോലി നൽകി ദൈവം അനുഗ്രഹിച്ചു. അമരേശിന്റെ വിവാഹം ദൈവനാമ മഹത്വത്തിനായി നടത്തി. ചലിക്കുന്ന ഓട്ടോറിക്ഷയിൽ നിന്നും വീണ കൃഷ്ണനെ ദൈവം പരിപാലിച്ചു വിശ്വാസികളുടെ ഉദാരമായ സംഭാവനയിൽ ദൈവാലയത്തിന്റെ വരാന്തയുടെ പണിയും ഭിത്തിയുടെ പ്ലാസ്റ്ററിങ് ജോലിയും തീർത്തു.

കഠിനമായ നെഞ്ചുവേദനയാൽ ഭാരപ്പെടുന്ന ബിനോഡോമയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അക്രൈസ്തവനായ യാശ്വന്തിനെ മദ്യപാനത്തിൽ നിന്നും ദൈവം വിടുവിച്ചു. നല്ലൊരു വിശ്വാസിയായ അനിതയെ ഭർത്താവ് അടക്കടി ഉപദ്രവിക്കുന്നു. അവളുടെ സമാധാനത്തിനും ഭർത്താവിന്റെ മാനസാന്തരത്തിനായും പ്രാർത്ഥിക്കുക. രത്നമ്മയുടെ എല്ലിലുണ്ടായ പൊട്ടലും ശുഷലാമ്മയുടെ മാറിടത്തിലെ കാൻസറും സൗഖ്യമാകേണ്ടതിനായും അവർ ആരാധനയിൽ സംബന്ധിക്കേണ്ടതിനായും പ്രാർത്ഥിക്കുക. തന്റെ കീഴിൽ ജോലി ചെയ്യുന്ന വിശ്വാസികളെ ആരാധനയിൽ പങ്കെടുക്കുന്നതിനു അനുവദിക്കാത്ത ഭൂവുടമയുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

**ഹൂബ്ലി: സുനിൽ കുമാർ & സംഗീത**

118 പേർ സുവിശേഷം ശ്രവിച്ചു. എട്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു സഭയിലെ അംഗമായി. വിവാഹം കഴിഞ്ഞ് 18 വർഷമായ സരസ്വതി നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി ഒരു പൈതലിനു ജന്മം കൊടുക്കുവാൻ ഒരുങ്ങുന്നു. മനോജിനു പ്രാർത്ഥനയുടെ ഫലമായി നല്ലൊരു ജോലി ലഭിച്ചു. സുഭാഷിന്റെ മകൾ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. ഗീതക്കു ബോർഡ് പരീക്ഷയിൽ 97% മാർക്ക് ലഭിച്ചു.

ആഭിചാരത്തിന്റെ ബന്ധനത്തിൽ നിന്നും പുതിയ സ്നേഹിതനായ ജാദിലിനെ കർത്താവ് സൗഖ്യമാക്കി. രണ്ടാമതു കുഴിച്ച കുഴൽ കിണറിൽ നിന്നും ആവശ്യത്തിനു വെള്ളം ലഭിക്കാത്തതിനാൽ വീണ്ടും കുഴൽ കിണർ കുഴിക്കുവാൻ പോകുന്നു. ബിസിനസ്സിൽ മൂന്നു ലക്ഷം രൂപ നഷ്ടം സംഭവിച്ച മാനസിക നൈരാശ്യത്തിലായ ശിവപ്പയോടു കർത്താവ് കരുണ കാണിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഭയത്തിൽ നിന്നും രാജപ്പ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സാവിത്രി, സംഗീത, സുശീല, മഹാദേവി, ലൈത എന്നിവർക്കു മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മൂത്ത മകന്റെ അപകട മരണത്തിൽ ദുഃഖത്തിലായിരിക്കുന്ന സഭാ മൂപ്പൻ ബക്കിറാസിന്റെ കുടുംബത്തിന്റെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. സോങ്കമാവിന്റെ സുഖപ്രസവത്തിനായി പ്രാർത്ഥിക്കുക. ഹൃദയ സംബന്ധമായ രോഗത്തിൽ നിന്ന് സൂശീല സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

ജൂൺ
28
വെള്ളി

## ജന്മദിനാശംസകൾ

ഡേവിഡ് രാജാസിങ്,
സെൽവി ദൈവനായകം

### ഗജേന്ദ്രഗട

**മജ്ജിയ നായക് & ലാമനി രത്തന**

മൂന്നു ഗ്രാമങ്ങളിലുള്ള 350 വ്യക്തികളോടു സുവിശേഷം പ്രഘോഷിച്ചു. ഒരു വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. രേഖയുടെ ഉദരത്തിൽ ഒരു ശസ്ത്രക്രിയ ആവശ്യമാണെന്നു ഡോക്ടറന്മാർ പറഞ്ഞു. അവൾ മൂന്നു ദിവസം ഉപവാസമായിരുന്നു ദൈവസന്നിധിയിൽ പ്രാർത്ഥിച്ചു. വിശ്വാസത്തോടു കൂടിയ അവളുടെ പ്രാർത്ഥന കർത്താവ് മാനിച്ചു. ശസ്ത്രക്രിയ കൂടാതെ ദൈവം അവളെ സൗഖ്യമാക്കി. തിമ്മാന വസ്തു ലീസിനു കൊടുത്ത വകയിൽ ലഭിക്കുവാനുള്ള 21 ലക്ഷം രൂപ ദീർഘനാളുകൾക്കു ശേഷം ദൈവസന്നധിയിൽ പ്രാർത്ഥിച്ചതിനെ തുടർന്നു ലഭിച്ചു. ലീസിനു കൊടുത്ത വസ്തുവും തിരികെ ലഭിച്ചു.

കരളിൽ കാൻസർ ബാധിച്ച അപ്പമ്മയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അഭിഷേക് മാതാപിതാക്കളെ അനുസരിച്ച് ജീവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സൈത്തറാവിന്റെ ചികിത്സിച്ചിട്ടും സൗഖ്യം ലഭിക്കാതിരുന്ന രോഗം കർത്താവ് പ്രാർത്ഥനയിലൂടെ സൗഖ്യമാക്കി. 20 ലക്ഷം രൂപ മുടക്കി ശ്രീകാന്ത് തുടങ്ങിയ ബിസിനസ്സ് പുരോഗമിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പീഡനത്തിന്റെയും കഷ്ടതയുടെയും മദ്ധ്യത്തിൽ വിശ്വാസികൾ ക്രിസ്തേശുവിൽ വിശ്വസ്തതയോടും ആനന്ദത്തോടും കൂടെ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ആന്ധ്രാ പ്രദേശ്

### കൊത്തചെരുവു

**ദേശായ് ദിലീപ്ഭായി & രാമെഡ ലക്ഷ്മിബൻ**

മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 728 പേർ സുവിശേഷം ശ്രവിച്ചു. നാരെപ്പള്ളി, തിരുമലദേവനപ്പള്ളി, മൈലസമുദ്രം എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുകയും ലഘു ലേഖകൾ വിതരണം ചെയ്യുകയും ചെയ്തു. സഭാമൂപ്പന്മാരുടെ പരിശീലനത്തിൽ ഏഴു പേർ പങ്കെടുത്തു. യുവജനങ്ങളുടെ പരിശീലനത്തിൽ 11 പേർ പങ്കെടുത്തു. ചെന്നരാജുപള്ളി, സൈനഗർ, ഷെട്ടിപ്പള്ളി, യെരപ്പള്ളി, വന്നുരപ്പപ്പള്ളി എന്നീ ഗ്രാമങ്ങളിൽ രാത്രി പ്രാർത്ഥന യോഗങ്ങൾ എല്ലാ ആഴ്ചയിലും നടത്തുന്നു. വിഷപാമ്പിന്റെ ദംശനമേൽക്കാതെ ആദിദേശുവിനെ കർത്താവ് അത്ഭുതകരായി സംരക്ഷിച്ചു.

ഗോപാൽ റെഡ്ഡിയുടെ കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനും രാത്രിയിലെ ഭയത്തിൽ നിന്നു അവർ മുക്തരാകേണതിനുമായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നും സജ്ജീബ് കുമാറിനു മോചനം ലഭിക്കേണതിനായി പ്രാർത്ഥിക്കുക. ലാവണ്യക്കു ഒരു പൈതലിനെ നൽകി അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സൈനഗർ ദൈവാലയത്തിന്റെ പണി വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രഭാവതി, അൻജിപ്പ, ലക്ഷ്മി നരസാമ്മ, തിരുപതി എന്നീ കുടുംബങ്ങൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

ജൂൺ
**29**
ശനി

## ജന്മദിനാശംസകൾ

ജപതങ്കം മാധവറായി, പോൾ രാജ് പി, വേദക്കർ ദിലീപ്ബായി, സോണിയ റാണി ജന, മിന്റു കുതും, മന്ന സിങ്

### പെനുഗോണ്ട

### ഗിരിബാബു & ലൂർദ്ദു മേരി

തലക്കും മൂക്കിനും ഗുരുതര പരുക്കു പറ്റിയ സിത്തിബാബുവിനു കർത്താവ് ദിവ്യ സൗഖ്യം നൽകി. ആരോഗ്യം വീണ്ടെടുത്ത അവർ ഭവനത്തിൽ മടങ്ങി വന്നു. ഭവനത്തിൽ നിന്നും കാണാതെ പോയ അമരപ്പള്ളി ഗ്രാമത്തിലെ നമ്മുടെ വിശ്വാസിയായ ബൂമയുടെ കൊച്ചുമകൾ പ്രാർത്ഥനയുടെ ഫലമായി സുരക്ഷിതയായി ഭവനത്തിൽ തിരികെ എത്തി.

ഇസ്ലാംപുരം ഗ്രാമത്തിലെ ഗ്രേസിന്റെ ഭർത്താവ് തളർവാതത്താൽ കഷ്ടപ്പെടുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നാഗരമ്മിയുടെ ഏഴു വയസ്സുള്ള മകൻ ഹൃദയ സംബന്ധമായ രോഗത്താൽ വലയുന്നു. അവന്റെ സൗഖ്യത്തിനായും ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട അവളുടെ ആശ്വാസത്തിനുമായി പ്രാർത്ഥിക്കുക.

### നല്ലമദ

### ദിനേശ് മറിയ & മേരി മുർമ്മു

ആറു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തുവാൻ ദൈവം കൃപ ചെയ്തു. ദൈവകൃപയാൽ രാമപുരം, നല്ലമദ എന്നീ ഗ്രാമങ്ങളിൽ യുവജന ക്യാമ്പ് സംഘടിപ്പിച്ചു. ഗോപിപ്പള്ളി ഗ്രാമത്തിൽ ആദ്യമായി ഭവന പ്രാർത്ഥന ക്രമീകരിച്ചു. സഭാമൂപ്പന്മാർക്കായി ആത്മാക്കളെ ആദായപ്പെടുത്തുന്ന പരിശീലനം നൽകി. പ്രാർത്ഥനയുടെ ഫലമായി പത്തു വർഷം മുമ്പ് നല്ലമദ ഗ്രാമത്തിലെ രൂത്തമ്മയെ ഉപേക്ഷിച്ചു പോയ ഭർത്താവ് മടങ്ങി വന്നു രമ്യപ്പെട്ടു ഒരുമിച്ചു ജീവിക്കുന്നു.

ജയമക്കയുടെ വസ്തു വിൽക്കുന്നതിനുള്ള തടസ്സങ്ങൾ മാറേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും നല്ലസിങ്കരപ്പള്ളി ഗ്രാമത്തിലെ പുഷ്പവതിഗ, മറിയം എന്നിവരെ കർത്താവ് വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്ന ജയൻ, ലക്ഷ്മി, ഭാഗ്യം, ദേവി, സിന്ധു, അമൃത എന്നിവർ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. അനേക വർഷങ്ങളായി മക്കളില്ലാതെ ഭാരപ്പെടുന്ന ഉമ - സോമശേഖരൻ ദമ്പതികൾക്കു മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## പ്രാർത്ഥനയുടെ സംരക്ഷണം

ജഗദീഷ് കൗർ സിത്താര റീജിയനിലെ സഭാമൂപ്പനായി സേവനം അനുഷ്ഠിച്ചു വരികയായിരുന്നു. ഒരു ദിവസം ഉച്ചക്ക് അവനും ഭാര്യയും തങ്ങളുടെ ഭവനത്തിൽ പ്രാർത്ഥിച്ചു കൊണ്ടിരിക്കുമ്പോൾ പെട്ടെന്നു ഒരു മുഴക്കം കേട്ടു. ഇത് അവരുടെ ഭവനത്തിന്റെ ഭിത്തി തകർന്നു വീഴുന്ന ശബ്ദമായിരുന്നു. വേഗത്തിൽ തങ്ങളുടെ മക്കളെ എടുത്തു കൊണ്ടു പുറത്തേക്കു ഓടിയിറങ്ങി. നിമിഷങ്ങൾക്കകം വീടു പൂർണ്ണമായി തകർന്നു വീണു. വേഗത്തിൽ അവർ പുറത്തു കടന്നതു കൊണ്ട് രക്ഷപ്പെട്ടു. ഇതു രാത്രിയിലാണ് സംഭവിച്ചിരുന്നതെങ്കിൽ ആ ഭവനത്തിന്റെ സ്ഥിതി ദുരിത പൂർണ്ണമാകുമായിരുന്നു. കർത്താവിന്റെ കരങ്ങളാണ് ഈ അപകടത്തിൽ നിന്നും തങ്ങളെ രക്ഷിച്ചതെന്നു അവർ ഗ്രഹിച്ചു. കർത്താവിന്റ കരുതലിനായും വിടുതലിനുമായി കുടുംബമായി അവർ ദൈവത്തിനു സ്തുതി സ്തോത്രങ്ങൾ അർപ്പിച്ചു.

## ജൂൺ 30 ഞായർ

### ജന്മദിനാശംസകൾ

അസറിയ രാജ് കുമാർ, വെങ്കിടേശൻ സി
വിഘ്നേശ്വരൻ എൻ, ശിശു പാൽ

### പല്മനെർ

**പോൾ കുപ്പുസ്വാമി & ഷൈല**

നട്ടെല്ലു സംബന്ധമായ രോഗത്താൽ വലഞ്ഞ ചിന്നപ്പയെ കർത്താവ് സൗഖ്യമാക്കി. ഇരുചക്രവാഹന അപകടത്തിൽ പെട്ടു നിസ്സാര പരുക്കു പറ്റിയ സീയായെ കർത്താവ് സംരക്ഷിച്ചു. ഈ മിഷൻ വയലിലുള്ള എല്ലാ സഭകളിലും ബുധനാഴ്ച ഉപവാസ പ്രാർത്ഥനകൾ നടത്തുന്നു. ചൈനയുടെ അതിർത്തിയിൽ സേവനം ചെയ്യുന്ന പട്ടാളക്കാരനായ നമ്മുടെ വിശ്വാസി കൃഷ്ണമൂർത്തിയെ വാഹന അപകടത്തിൽ ദൈവം അത്ഭുതകരമായി സംരക്ഷിച്ചു.

സ്ത്രീകളുടെയും സഭാമൂപ്പന്മാരുടെയും പരിശീലന പ്രോഗ്രാം വിജയകരമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും ശരീര ക്ഷീണത്തിൽ നിന്നും വെങ്കട്ടിരാമൻ സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രൂത്തിന്റെ സ്ത്രീധന സംബന്ധമായ പ്രശ്നം പരിഹരിക്കപ്പെട്ടു. ഹേമലത, ആശ എന്നിവർക്കു സുഖ പ്രസവം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നായയുടെ ആക്രമണത്താലും രോഗത്താലും രാമണപ്പയുടെ അനേക ആടുകൾ കൊല്ലപ്പെട്ടു. ദൈവം സഹായിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഹെപ്സിക്കു രോഗ സൗഖ്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## തമിഴ്നാട്

### തിരുപലബന്ദാൽ

**അർച്ചന മോഹൻ**

100 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. പുതിയ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനു തുറന്ന വാതിലുകൾ ലഭിച്ചു. ഉപവാസ പ്രാർത്ഥനകൾ, സ്ത്രീകളുടെ യോഗം, സഭാമൂപ്പന്മാരുടെ യോഗം എന്നിവ അനുഗ്രഹകരമായി സംഘടിപ്പിച്ചു. തിരുപ്പലബന്ധാൽ ഗ്രാമത്തിലെ പരിമല അബ്രാസ് പഴകിയ ഉദര വേദനയിൽ നിന്നും പ്രാർത്ഥനയാൽ സൗഖ്യം പ്രാപിച്ചു.

എലിസബേത്തിന്റെ ഭവന നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശ്വസന സംബന്ധമായ പ്രയാസത്തിൽ നിന്നും അലഗമ്മാൾ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നെഞ്ചു വേദനയിൽ സൗര്യയമ്മാൾ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ കുടുംബത്തിൽ പ്രശ്നം ഉണ്ടാക്കുന്ന അരവിന്ദന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

## തർജ്ജിമ ശുശ്രൂഷ

### വാർളി വേദപുസ്തക പരിഭാഷ

**ജീ ഏബ്രഹാം & ഹേമലത**

ശമുവേൽ പ്രവാചകന്റെ രണ്ടാം പുസ്തകം തർജ്ജിമ ചെയ്തു. യെശയ്യ പ്രവാചകന്റെ പുസ്തകത്തിന്റെ വിവർത്തനം ആരംഭിച്ചു.

പരിഭാഷ പ്രവർത്തനം നടത്തുന്നതിനു മിഷനറിമാർക്കു ഉയരത്തിൽ നിന്നു പരിജ്ഞാനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഭാഷാ സഹായികളുടെ സഹായത്തോടെ ശരിയായ വാക്കുകളും വാചകങ്ങളും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ZONAL ADVISOR : Bro. C.S. Isaiah,** F.M.P.B, Thyyakodathu, Manakkadu P.O,
................................ Idukky - 685 608 Mob. 9447 000 899

**ZONAL OFFICE : Rev. Abraham Thomas,** Zonal Secretary, FMPB,
.................................Madhavanpady, Vadavathoor P.O, Kottayam - 686 010.
.................................Mob. 9847799031, 9562750798. E - Mail. samfmpb@gmail.com

**REGION ADVISOR : Rev. Stanly George,** FMPB, Abhayam, Umbernad, Kallumala P.O,
.................................Mavelikara - 90 110 Mob.9495 156 486; 9446 191 886
.................................E- Mail. stanleygeorge@fmpb.org

**SOUTH KERALA REGION : Rev. Manoj P J,** Regional Secretary, FMPB, House No.
.................................CNRA 117, Chathiod pond Road, Nalanchira, Trivandrum - 695015
.................................Mob.8951 766 255, 8951 766 255 E- Mail. manoj@fmpb.org

**Parassala: ............... Rev.Syrus Samuel,** FMPB Mob.88259 26935, 88628 95099

**Neyyattinkara East :Mr.K. Thankappan,** Hon. Pro. secretary, FMPB, “Prabhath”,
.................................Cheruvarakonam, Parasala P.O -695 502 Ph.0471 2200001

**Neyyattinkara West:Mr. N.Selvakumar,** Hon. Prom. Sec., Mob. 9446 090 636

**Tiruvanathapuram : Eng.P.J.Thomas,** Hon.Prom.Sec. Ph.0471 2540146

**Kattakada : ......... Mr.R.Vimalraj,** Hon. Prom. Sec, Ph. 85474 92327

**Kollam : .............. Mr.K.M.Mathew,** Hon.Prom.Sec. Kakkalil (H) -689 521, Mob. 9497 147 024

**CENTER KERALA REGION : Rev. Thomas Mathew,** FMPB, Choorakuzhiyil,
.................................Makkapuzha P.O, Ranni - 689 676.Mob. 9495 309 335,
.................................E - Mail. thomasmatthew@fmpb.org, sajifmpb@gmail.com

**Thiruvalla:............. Mrs. Rebacamma Paul,** Promotional Secretary Mob 9444 665 917,

**Pathanamthitta :Mr. K.A. John,** Hon. Prom.Secretary, FMPB,Kizhakkearuthickal,
.................................Keekozhur.P.O - 689 672. PH:0468 227 7039, Mob.9495 757 563.

**Kottayam 1 : ..... Mr. Jose Prakash,** Hon.Prom.sec. FMPB, Chackalayil Peace Cottege,
.................................Amalagiri P.O, Ph.0481 259 9262, Mob. 9447 321 298.

**Kottayam 2 : ..... Mr. W.H. George,** Hon.Prom.sec. FMPB, Vazhamattom House,
.................................Manarcadu P.O, Kottayam - 686 019, Mob. 9447 279 825.

**Munnar : ............. Mr.T. Samuel,** Hon.Pro.Sec. Mob. 8281 286 643

**Thodupuzha........... Mrs. Parimalam, Hon.**Prom. Secretary Mob. 94959 90899

**NORTH KERALA REGION : Rev. Vavachen.M.P,** Regional Secretary, FMPB, Ararat,
.................................Narayananasan Road, Vittila P.O- 682 019; Mob. 9847 575 416;

**Thripunithura :.. Mr. P. A. Abraham,** Hon.Prom.Sec. Mob. 9447 024 508
**Perumbavoor........ Mr. K. P. Paul,** Hon.Prom.Sec. Mob: 98473 55189
**Kakkanadu............ Mrs. Ponnamma Abraham,** Hon.Prom.Sec. Mob: 94474 73685

**MALABAR REGION : Rev. Golden Inbaraj,** Regional Secretary, 2/600 Unity garden,
.................................Kaithakuzhi,Erattakulam P O, Palakkad, 678 622. Mob. 09013 042 185.

**Kozhikode : ........ Mr. Roy Mathew Cheeeran,** Hon.Prom. Sec. Mob. 9847 950 811

**Wayanadu : ........ Mr. D. P. Roosevelt,** Hon.Prom.Sec. Mob. 9961 613 066; 04936 281008

**Palakkad : .......... Mr. P. P. Cherian,** Hon.Prom. Sec. Mob. 9496 193 322

**Chennai Malayalam:Rev. Babu P,** Prom.Sec. Mob.8809 936 270

**394**
**മിഷനറി ആൽബം**

സഹോ. ഇമ്മാനുവേൽ അർപ്പുകോട്ടൈയിൽ ശ്രീ. സൂസൈ മാണിക്ക ത്തിന്റെയും ശ്രീമതി. രാജേശ്വരിയുടെയും ഇളയമകനായി 28/6/1989 ൽ ജനിച്ചു എന്നാൽ വിരുതുനഗർ ജില്ലയിലെ കാരിയപെട്ടിയിലാണ് ജീവിച്ചത്. അവന് ഒരു മൂത്ത സഹോദരനും ഒരു മൂത്ത സഹോദരിയും ഉണ്ട്. റോമൻ കത്തോലിക്ക സഭാംഗങ്ങളായിരുന്ന ഈ കുടുംബം ഇമ്മാനുവേ ലിന്റെ ജനനത്തിനു മുമ്പു തന്നെ ലേമെൻസ് ഇവാൻജലിക്കൽ ഫെലോ ഷിപ്പ് ചർച്ചിലൂടെ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഇമ്മാനുവേൽ വാഗ്ദത്ത സന്തതിയാകുന്നു. ദൈവരാജ്യത്തിന്റെ വ്യാപന ത്തിനായി അവനെ ഉപയോഗിക്കുമെന്നു ദൈവം വാഗ്ദത്തം ചെയ്തിരുന്നു. ദൈവഭക്തരായ മാതാപി താക്കളുടെ മകനായിട്ടാണ് ജനച്ചതെങ്കിലും ചെറു പ്രായത്തിൽ അവൻ യേശുവിനെ രക്ഷിതാവായി അംഗീകരിക്കാതെ പാപത്തിന്റെ വഴികളിൽ നടന്നു. മധുരയിലെ അമേരിക്കൻ യൂണിവേഴ്സ്റ്റിയിൽ നിന്ന് B.Sc. കമ്പ്യൂട്ടർ സയൻസ് പാസ്സായി. ഒരു വർഷം ചെന്നയിൽ തെയ്നംപേട്ടുള്ള അമനെറ്റ് സിസ്റ്റ ത്തിൽ വെബ് പേജ് ഡവലപ്പർ ആയി ജോലി ചെയ്തു. ഇമ്മാനുവേലിനു ചിക്കൻ പോക്സും അൾസറും ബാധിച്ചു തുടർന്നുള്ള വൈദ്യ പരിശോധനയിൽ അമിതമായ ഫാസ്റ്റ് ഫുഡ് ഉപയോഗം അവന്റെ കുടൽ നശിച്ചു പോയതായി കണ്ടെത്തി. അവന്റെ മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും പ്രാർത്ഥന കേട്ടു ദൈവം അവനെ സൗഖ്യമാക്കി. ഈ കാലയളവിൽ മധുരയിലെ സൈറാം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് മെക്കാനിക്കൽ എഞ്ചിനിയറിംഗ് ഡിപ്ലോമ കരസ്ഥമാക്കി. സുന്ദരം ഫാസ്റ്റനേഴ്സ് ലിമിറ്റഡ്, മഹിന്ദ്ര വേൾഡ് സിറ്റിയിൽ ജോലി ചെയ്തു. മാതാവിന്റെ പ്രാർത്ഥനയുടെ ഫലമായി ഇരുപത്തിയഞ്ചാം വയസ്സിൽ യേശു വിനെ രക്ഷിതാവായി സ്വീകരിച്ചു. 2014 ൽ സ്വന്ത സഭയായ വിരുതുനഗറിലുള്ള മല്ലൻകിണറു സഭയിൽ നടത്തിയ വിബിഎസിൽ പങ്കെടുക്കുന്ന വേളയിലാണ് രക്ഷിക്കപ്പെടുന്നത്. പിന്നീട് ദൈവം ഇമ്മാനുവേലിനെ പൂർണ്ണ സമയ മിഷനറിയാകുന്നതിനു വിളിച്ചു. ഈ വിളിയെ തുടർന്നു ജോലി രാജി വെച്ചു 2015 ൽ പൂർണ്ണ സമയ മിഷനറിയായി FMPB യിൽ ചേർന്നു. 2015 ഏപ്രിൽ 12 നു ഹിമാചലിൽ പ്രവർത്തി ക്കുന്നതിനു ദൈവീക ദർശനം ലഭിച്ചതിനാൽ രണ്ടു വർഷം ഹിമാചലിൽ സുവിശേഷ വേല ചെയ്തു.

തെങ്കാശിയിലെ സിവാശെലനൂറിലുള്ള ശ്രീ. യിസ്രവെൽ ചെല്ലദുരയുടെയും ശ്രീമതി അന്ന പുഷ്പത്തി ന്റെയും രണ്ടാമത്തെ മകളായി സംഗീത 17/12/1993 ൽ ജനിച്ചു. അവൾക്കു ഒരു മൂത്ത സഹോദരിയും രണ്ടു ഇളയ സഹോദരിമാരും ഉണ്ട്. ഇഷ്ടിക ചൂളയിൽ ജോലി ചെയ്യുന്ന പിതാവ് FMPB യുടെ പ്രാർ ത്ഥനക്കൂട്ട നേതാവായി പ്രവർത്തിക്കുന്നു. തങ്ങളുടെ നാലു പെൺമക്കളിൽ ഒരാൾ മിഷനറിയായി പോകണമെന്നു ആ മാതാപിതാക്കൾ പ്രാർത്ഥിച്ചിരുന്നു. തിരുനെൽവേലി സാറ ടക്കർ അദ്ധ്യാപക പരിശീലന കോളജിൽ നിന്നും D.T.Ed പാസ്സായി. ജാർഖണ്ഡിൽ പത്ഥേനി സെന്റ് തോമസ് സ്കൂളിൽ നാലു വർഷം അദ്ധ്യപികയായി സേവനം ചെയ്തു. ഈ നാളുകളിൽ പൂർണ്ണ സമയ മിഷനറിയാകുന്നതി നു ദൈവവിളി ലഭിച്ചു. ആരംഭത്തിൽ അവൾ അതു അവഗണിച്ചു. അവൾക്കു ഡെങ്കുവും മലേറിയായും പിടിപെട്ടു. രക്തത്തിലെ പ്ലേറ്റ്ലെറ്റുകളുടെ അളവ് 17,000 ആയി കുറഞ്ഞു. അവൾ മിഷനറിയായി പോ കുന്നതിനുള്ള വിളിയോടു അനുകൂലമായി പ്രതികരിച്ചതിനെ തുടർന്നു പ്ലേറ്റ്ലെറ്റിന്റെ അളവ് ഒരു ലക്ഷമായി വർദ്ധിച്ചു. അങ്ങനെ അവൾ ജാർഖണ്ഡ് സ്കൂളിൽ മടങ്ങിവന്നു.

2017 ൽ അവളുടെ പിതാവ് സ്പോൺസർ ചെയ്തു പണിത ഹിമാചലിലുള്ള ദൈവാലയത്തിന്റെ സമർപ്പണ ശുശ്രൂഷ ക്കായി ഹിമാചലിൽ ചെന്ന വേളയിൽ ഇമ്മാനുവേലിനെ കാണുകയും പ്രാർത്ഥിക്കുകയും ചെയ്തു. തന്റെ മകളു മായുള്ള ഇമ്മാനുവേലിന്റെ വിവാഹം ക്രമീകരിക്കുകയും 2018 മെയ് ഏഴാം തീയതി വിവാഹം നടത്തുകയും ചെയ്തു. സംഗീതയുടെ NIM ലെ പരിശീലനത്തിനു ശേഷം അവർ കുടുംബമായി ഹിമാചലിലേക്കു പോയി. 2019 ജൂലൈ 2 ന് അവർ നെർവ മിഷൻ വയലിലെ ആദ്യമിഷ നറിമാരായി കടന്നു പോയി. അവിടെ അവർ അനവധി എതിർപ്പുകളും ഉപദ്രവങ്ങളും നേരിട്ടു. എന്നിരുന്നാലും ഈ ദമ്പതികളിലൂടെ ദൈവം നെർവ മിഷൻ വയലിൽ അത്ഭുതങ്ങളിലും അടയാളങ്ങളിലും കൂടെ വൻകാര്യങ്ങൾ ചെയ്തു. ദൈവം തന്റെ ഹിതപ്രകാരം ഈ കുടുംബ ത്തിനു തലമുറകളെ നൽകി അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക.



**ശ്രീ. ഇമ്മാനുവേൽ ജപരാജ് & ശ്രീമതി. സംഗീത**

# Tender Notifications - Calendar 2025

**FRIENDS MISSIONARY PRAYER BAND** invites sealed tender for printing of two lakhs calendars approximately (Subject to revision) in various languages for the year 2025.

**Calendar Specifications**

| | | |
|---|---|---|
| A. | Size of calendar | 22" X 17" |
| B. | Paper Quality | 130 gsm real foreign art paper |
| C. | Colour | Four Colours with white background |
| D. | No of pages | 6 sheets Front and back |
| E. | Tin Mounting | 5 mm |

**Conditions:**

1. The printer should have minimum 10 years' experience in calendar colour printing of not less than 2 lakhs per year and possesing CPC MACHINE.
2. Time Frame: Printer should ensure the completion of work within 30 days from the date of awarding of the work order.
3. Packing should be made in 10 numbers of calendar in each bundle.
4. Earnest Money Deposit: Rs.1,00,000/-

## Tender Programme

Supply of Tender document upto 18.06.2024 upto 5pm
Date of submission upto 01.07.2024, upto 5pm
Date of opening on 02.07.2024, 12pm

Tender documents (free of cost) can be obtained in person or by post from the Secretary Communication, FMPB, 29, High School Road, Ambattur, Chennai - 53. After submitting documents proof for having 10 years of experience in calendar (colour) printing.

# Quotations for Diary and Planner

We invite quotations for supplying 3000 diaries and 15,000 pocket size monthly planners (Revision in the number of copies, if any) for the year 2025.

| | |
|---|---|
| Size of the planner | 6 x 3.5 inches (Rexine type) |
| Pages of the planner | 232 pages |
| Size of the diary | 8.5 x 5.5 inches |
| Pages of the diary | 440 pages |

Please send your samples along with quotations in sealed envelope on or before 01.07.2024 to the Calendar Committee, FMPB, 29, High School Road, Ambattur, Chennai - 600053. Phone: 044-26570404

***Published by:*** S. John Berlin on behalf of Friends Missionary Prayer Band from 29, High School Road, Ambattur, Chennai 600 053. Tel. 044-2657 0404 E-mail: info@fmpb.org ***Printed by:*** Rasi Graphics (P) Ltd. No. 40, Peters Road, Royapettah, Chennai - 600014. ***Editor: S. John Berlin***